


## യൂണിറ്റ് : ഒന്ന്

**1 . സന്ദർശനം , 2 . ഓർമ്മയുടെ ഞരമ്പ് , 3 . വേരുകൾ നഷ്ടപ്പെടുത്തുന്നവർ , 4 . മത്സ്യം**

hssMozhi


## UNIT : 1 . പ്രവേശകം

**Q : ജോനാഥൻ ഒരു പ്രതീകമാണോ ? ജോനാഥനിൽ നിന്ന് നിങ്ങൾക്ക് ലഭിക്കുന്ന പ്രചോദനങ്ങൾ എന്തൊക്കെയാണ് . വിശകലനക്കുറിപ്പ് എഴുതുക..**

✅ റിച്ചാർഡ് ബക്കിന്റെ പ്രശസ്തമായ ചെറു നോവലാണ് 'ജോനാഥൻ ലിവിങ്സ്റ്റൺ എന്ന കടൽക്കാക്ക'. ഇതിലെ ജോനാഥൻ മറ്റ് കടൽക്കാക്കകളിൽ നിന്നും വ്യത്യസ്തനായിരുന്നു. ആരും പറക്കാത്ത ആകാശത്തിന്റെ പരിധിയില്ലാത്ത ഉയരങ്ങൾ കീഴടക്കാൻ അവൻ ആഗ്രഹിച്ചു. 'കൂടുതൽ ഉയരത്തിൽ പറക്കുന്നവനേ കൂടുതൽ ദൂരം കാണാനാവൂ' എന്നവൻ വിശ്വസിച്ചു. തലമുറകളായി മീന്തലകൾക്ക് പുറകെ പരക്കം പായുന്ന സാധാരണ ജീവിതം അവന് സ്വീകാര്യമായിരുന്നില്ല. ഇരുളിനെ കീറിമുറിച്ച് തന്റെ ജനം പറന്നുയരുന്നത് അവൻ സ്വപ്നം കണ്ടു. അവസാനം തന്നെ അവഗണിച്ച സമൂഹത്തിൽ നിന്ന് ജോനാഥന് ശിഷ്യരുണ്ടായി. ആകാശവിതാനത്തിലേക്ക് കടൽക്കാക്കകളുടെ പുതിയ പറ്റം ഉയർന്നു പറക്കാൻ തുടങ്ങി.

കിനാവുകളാണ് ലോകത്തെ പരിവർത്തിപ്പിക്കുന്നത്. 'ഇരുണ്ട രാത്രിയുടെ സ്വപ്നങ്ങളാണ് പുലരിയിൽ പൂക്കളായി വിരിയുന്നതെന്ന്' വൈലോപ്പിള്ളി പറയുന്നുണ്ട്. വെല്ലുവിളികളെ അതിജീവിക്കുന്ന സാഹസികതയും പുതിയ മാർഗ്ഗങ്ങൾ കണ്ടെത്താനുള്ള ത്വരയുമൊക്കെ ചേരുമ്പോഴാണ് കിനാവുകൾ യാഥാർഥ്യമാകുന്നത്. ഒപ്പം പരിമിതികളെ മറികടക്കാനുള്ള ആഗ്രഹവും, വൈയക്തിക നേട്ടങ്ങൾക്കപ്പുറം തന്റെ സമൂഹത്തെ പരിവർത്തിപ്പിക്കാനുള്ള ചിന്തയും ഉണ്ടാകണം. സ്വാമി വിവേകാനന്ദൻ, ഗാന്ധിജി, ശ്രീനാരായണഗുരു, എ. പി.ജെ.അബ്ദുൾ കലാം തുടങ്ങിയവരൊക്കെ ഇത്തരത്തിൽ ചിന്തിച്ചവരായിരുന്നു. നാമിന്ന് അനുഭവിക്കുന്ന പല സ്വാതന്ത്ര്യങ്ങൾക്കും സൗഭാഗ്യങ്ങൾക്കും പിന്നിൽ നിരവധി വ്യക്തികളുടെ ത്യാഗപൂർണ്ണമായ ജീവിതം ഉണ്ടായിരുന്നുവെന്നതും സത്യമാണ്.

ഇങ്ങനെ ചിന്തിക്കുമ്പോൾ ജോനാഥൻ ഒരു പ്രചോദനാത്മക പ്രതീകം തന്നെയെന്ന് കാണാം. നടന്നു തേഞ്ഞ വഴികൾ വിട്ട്, പുതുവഴികൾ വെട്ടാൻ ജോനാഥൻ പ്രചോദനമാകുന്നു.




## ജോനാഥൻ ലിവിങ്സ്റ്റൺ സീഗൾ

റിച്ചാർഡ് ബാഷിന്റെ ലോകപ്രശ്തമായ ചെറു നോവലാണ് ജോനാഥൻ ലിവിങ്സ്റ്റൺ സീഗൾ.

ജോനാഥൻ മറ്റുകടൽക്കാക്കകളിൽ നിന്ന് വ്യത്യസ്തനായിരുന്നു. കടൽക്കരയിൽ മത്സ്യാവശിഷ്ടങ്ങൾക്കുവേണ്ടി അലഞ്ഞുതിരിയുന്ന ജീവിതത്തിൽ അവനു തൃപ്തി തോന്നിയില്ല. ചിറകുകൾ പറക്കാനുള്ളതാണ്. അവൻ കടൽവിതാനത്തിനു മുകളിലെ ആകാശത്തിന്റെ അതിർത്തിയില്ലാത്ത ഉയരങ്ങൾ കീഴടക്കാൻ ആഗ്രഹിച്ചു. ആകാശയാത്രയുടെ ഉല്ലാസത്തിൽ അവൻ സ്വയം മറന്നു. മാതാപിതാക്കളുടെ അനുനയത്തിനോ കൂട്ടുകാരുടെ നിർബന്ധത്തിനോ അവൻ വഴിപ്പെട്ടില്ല. സമുദായനീതിയെ അൻ കൂട്ടാക്കിയില്ല. ജോനാഥൻ ഒറ്റപ്പെട്ടു. തന്റെ സമുദായത്തിൽ നിന്ന് പുറന്തള്ളപ്പെട്ടു.

ഒരു ദിവസം പറക്കലിനിടയിൽ അവൻ രണ്ടു കടൽക്കാക്കകളെ പരിചയപ്പെടുന്നു. ജീവിതത്തിന്, നിലനിൽപ്പിന് മറ്റൊരർഥവും മാനവുമുണ്ടെന്ന് അവർ ജോനാഥനോട് പറയുന്നു. ലക്ഷക്കണക്കിന് കടൽക്കാക്കകളിൽനിന്നും വ്യത്യസ്തനാവുക. വലിയ നിശ്ചയങ്ങളുടെ



ഉയരങ്ങളിലേക്ക് പറന്നുകയറുക. സുള്ളിവൻ അവനോട് പറഞ്ഞു. ശിയാങ് അവന് സാഹസികവും ബുദ്ധിമുട്ടേറിയതുമായ പുതിയ പറക്കൽപാഠങ്ങൾ പകർന്നു കൊടുത്തു. നിറഞ്ഞ ആവേശത്തോടെ നിരന്തരമായ പരിശ്രമത്തിലൂടെ അവൻ ആരുമറിയാത്ത ഉയരങ്ങൾ കീഴടക്കി.

ജോനാഥൻ അവനെ തിരസ്ക്കരിച്ച കടൽക്കാക്കകളിലേക്ക് പിന്നീട് തിരിച്ചുവരുന്നു. അവരുടെ അളിഞ്ഞഴുകിയ ജീവിതവ്യവസ്ഥയോട് ഒത്തുതീർപ്പിൽ എത്താനല്ല പുതിയ തലമുറയെ ചിറകുകളുടെ മായിക ശക്തിയെക്കുറിച്ചറിയിക്കാൻ, പറക്കലിന്റെ വിസ്മയം ബോധ്യപ്പെടുത്താൻ. തന്നെ അവഗണിച്ച സമൂഹത്തിൽ ജോനാഥന് ശിഷ്യരുണ്ടായി. ആകാശവിതാനത്തിലേക്ക് കടൽക്കാക്കകളുടെ പുതിയപറ്റം ഉയർന്നു പറക്കാൻ തുടങ്ങി. ജോനാഥനാകട്ടെ ഏകാന്തമായ തന്റെ ആകാശയാത്രയിലേക്ക് തിരിച്ചു പറന്നു.

### റിച്ചാർഡ് ബാഷ്

ജോനാഥൻ ലിവിങ്സ്റ്റൺ സീഗൾ എന്ന കൃതിയിലൂടെ പ്രസിദ്ധനായ അമേരിക്കൻ എഴുത്തുകാരനാണ് റിച്ചാർഡ് ബാഷ് (ജനനം ജൂൺ 23, 1936) അദ്ദേഹം ജെറ്റ് വിമാനത്തിന്റെ പൈലറ്റായിരുന്നു. 1970 ൽ ആണ് ജോനാഥനെക്കുറിച്ചുള്ള നോവൽ പ്രസിദ്ധീകരിച്ചത്. ലോകത്തുടനീളം ഈ നോവലിന് ലക്ഷക്കണക്കിന് വായനക്കാരുണ്ടായി. 1973 ൽ ജോനാഥന്റെ കഥ സിനിമയാവുകയുമുണ്ടായി.

# സന്ദർശനം

**മ**ലയാളത്തിന്റെ പ്രിയ കവി ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ 'സന്ദർശനം' എന്ന കവിത, പ്രണയാനുഭവത്തിന്റെ സത്യസന്ധമായ ആവിഷ്കാരമാണ്. അകന്നുപോയ കാമുകിയെക്കുറിച്ചുള്ള വിഷാദഭരിതമായ വരികളാണ് ഈ കവിതയിലുള്ളത്.

ഇനിയൊരിക്കലും കണ്ടുമുട്ടാൻ സാധ്യതയില്ലാത്ത കാമുകിയും കാമുകനും അവസാന കൂടിക്കാഴ്ചയ്ക്കായി സന്ദർശകമുറിയിൽ ഇരിക്കുന്നു. അധികനേരമായിട്ടും അവർക്കൊന്നും മിണ്ടാൻ കഴിയുന്നില്ല. വേദന കടിച്ചമർത്തി 'മൗനം കുടിച്ചിരിക്കയാണവർ'....ഒഴിവാക്കാനാവാത്ത വേർപിരിയൽ അവരെ വേദനിപ്പിക്കുന്നു. പുറത്ത് ജീവിതം പോലെ പകൽ വെളിച്ചം പൊലിഞ്ഞു പോകുന്നതും കിളികൾ കൂടണയും പോലെ ഓർമ്മകൾ കെട്ടടങ്ങുന്നതും കവി വരച്ചിടുന്നു. മിഴികളിൽ നിന്നും അവൾ നഷ്ടപ്പെടുന്നതിന്റെ വേദന കവിയെ വേട്ടയാടുന്നു..അതുകൊണ്ടുതന്നെ നെഞ്ചിടിപ്പിന്റെ വേഗവും കൂടുന്നു...

നിശ്വാസത്തിൽ പോലും സംഗീതമുണ്ടായിരുന്ന പ്രണയത്തിന്റെ ഒരു വസന്തകാലം അവർക്കും ഉണ്ടായിരുന്നു. പറയാൻ ഒരുപാടുണ്ടെങ്കിലും ഇന്ന് വാക്കുകൾ തൊണ്ടയിൽ പിടഞ്ഞില്ലാതാവുന്നു. പൊൻചെമ്പകം പൂത്ത കരൾ കരിഞ്ഞുപോയിരിക്കുന്നു. കറപിടിച്ച ചുണ്ടിൽ കവിത പോലും വരണ്ടു പോയിരിക്കുന്നു.

പ്രണയത്തിന്റെ മധുരതരമായ പൂർവ്വ സ്മരണകളിലേക്ക് കവിമനസ്സ് പായുന്നു...കനകമൈലാഞ്ചി നീരിൽ തുടുത്ത അവളുടെ വിരൽ തൊടുമ്പോൾ കിനാവ് ചുരന്നിരുന്നതും, നെടിയ കണ്ണിലെ കൃഷ്ണ കാന്തങ്ങളുടെ കിരണങ്ങളേറ്റ് മനസ്സിലെ ചില്ലകൾ പൂവിട്ടിരുന്നതും ...അവളോടൊത്തുള്ള മനോഹര സന്ധ്യകളും... ഇന്ന് മറവിലേക്ക് മാഞ്ഞു തുടങ്ങിയിരിക്കുന്നു.

വർത്തമാനകാലത്ത് വിരഹവേദനയാൽ കവി ലക്ഷ്യമില്ലാത്തവനായി മാറുന്നു..മരണവേഗത്തിലോടുന്ന വണ്ടികളും, നഗരത്തിലെ നിത്യപ്രയാണങ്ങളും, മദ്യത്തിൽ മുങ്ങി സത്രങ്ങളിൽ കഴിയുന്ന നരകരാത്രികളും – ഇങ്ങനെ ഏകാന്തതയിൽ മനസ്സ് അസ്വസ്ഥമാകുന്ന വേളയിലും ജന്മാന്തരസാന്ത്വനമായി അവളുടെ മുഖം തന്നെയാണ് മനസ്സിൽ തെളിയാറുള്ളതെന്നും കവി ഓർമ്മിക്കുന്നു.

'എല്ലാം അവസാനിക്കുന്നു...ഇനി ഒരിക്കലും കണ്ടുമുട്ടാൻ സാധ്യതയില്ല..അതുകൊണ്ടുതന്നെ നന്ദി ചൊല്ലി കരഞ്ഞു പിരിയുന്നതിൽ അർത്ഥമില്ല. കാരണം തങ്ങൾ പണ്ടേ പിരിഞ്ഞവരാണല്ലോ' – എന്ന ചിന്തയിൽ കവിത അവസാനിക്കുന്നു...

പ്രണയത്തിന്റെ മാധുര്യവും വിരഹത്തിന്റെ വേദനയും വൈകാരികതീവ്രതയോടെ അനുവാചകനിലെത്തിക്കാൻ കവിക്ക് നിഷ്പ്രയാസം കഴിഞ്ഞിരിക്കുന്നു..

hssMozhi

📌Q 1 . **പൊൻചെമ്പകംപൂത്ത കരൾ, കനക മൈലാഞ്ചിനീരിൽ തുടുത്ത വിരൽ, കണ്ണിലെ കൃഷ്ണകാന്തം കൊണ്ട് പൂത്ത ചില്ലകൾ– കവിതയിലെ പ്രണയ ഭാവത്തെ ആവിഷ്കരിക്കുന്നതിൽ ഈ പ്രയോഗങ്ങൾ എത്രത്തോളം സമർത്ഥമായിട്ടുണ്ട് ? വിശദീകരിക്കുക.**

✅ ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ 'സന്ദർശനം' എന്ന കവിത പ്രണയതീവ്രത അനുഭവിപ്പിക്കുന്ന ഒന്നാണ്. വാക്കുകൾ ഹൃദയത്തിലേക്ക് ഒഴുകി, അനിർവചനീയമായ അനുഭൂതിയായിത്തീരുന്നു. വിശദീകരണങ്ങൾക്ക് അതീതമാണ് ഇതിലെ പ്രയോഗങ്ങൾ. 'പൊൻചെമ്പകം പൂത്ത കരൾ' പ്രണയത്തിന്റെ വസന്തകാലത്തെയും നിറസുഗന്ധത്തെയും സൂചിപ്പിക്കുന്നു. കമിതാക്കൾ പരസ്പര സാമീപ്യത്താൽ തന്നെ തരളിതരാകാറുണ്ടല്ലോ. അവാച്യമായ ആ നിമിഷങ്ങളെ കവി വാക്കുകൾ കൊണ്ട് ഒപ്പിയെടുത്തിരിക്കുന്നു.

'കനകമൈലാഞ്ചിനീരിൽ തുടുത്ത വിരൽ' – പ്രണയകാലത്തെ സൗന്ദര്യത്തെയും സ്പർശനത്തെയും കുറിക്കുന്നതാണ്. ഈ വിരൽസ്പർശം കിനാവിന്റെ പെരുമഴയ്ക്ക് കാരണമാകുന്നു. ' നെടിയ കണ്ണിലെ കൃഷ്ണകാന്തം കൊണ്ട് പൂത്ത ചില്ലകൾ' – പ്രിയപ്പെട്ടവളുടെ മിഴിയഴകും വശ്യതയും വെളിപ്പെടുത്തുന്ന പ്രയോഗമാണ്. അത്യധികം ആഹ്ലാദമുണ്ടായതിനെയാണ് അപ്രകാരം വർണ്ണിച്ചിരിക്കുന്നത്. പ്രണയഭാവത്തെ ദീപ്തമാക്കുന്ന ഇത്തരം പ്രയോഗങ്ങൾ അനുവാചകനെ ആസ്വദിപ്പിക്കാൻ അനുയോജ്യം തന്നെ..

📌Q 2 . **കവിതയിലെ ചില പ്രയോഗ വിശേഷങ്ങൾ ശ്രദ്ധിക്കുക..**

**മൗനംകുടിച്ചിരിക്കുന്നു.**
**മിഴികളിൽ നമ്മൾ നഷ്ടപ്പെടുന്നുവോ**
**തൊണ്ടയിൽ പിടയുകയാണൊരേകാന്ത രോദനം.**

**അതത് സന്ദർഭങ്ങളിൽ ഈ പ്രയോഗങ്ങൾക്ക് കൈവരുന്ന ധ്വനിതലങ്ങൾ വിശദീകരിക്കുക.**

ധ്വനിസാന്ദ്രമായ പ്രയോഗങ്ങൾ ധാരാളമുണ്ട് സന്ദർശനത്തിൽ. അനിവാര്യമായ വേർപിരിയലിനു മുൻപുള്ള ഒരു കൂടിക്കാഴ്ചയാണ് പ്രതിപാദ്യം. കാമുകീ കാമുകന്മാർക്ക് സന്തോഷത്തിന്റെയും പ്രത്യാശയുടെയും ഒരു ഭൂതകാലമുണ്ടായിരുന്നു. സന്ദർശകമുറിയിലിരിക്കുമ്പോൾ അവയൊക്കെ ഓർമ്മയിൽ ഇരമ്പിയെത്തുന്നു. അവർ പരസ്പരം നോക്കി മൗനമായിരുന്നു. വാക്കുകൾ അപ്രസക്തമാകുന്ന മുഹൂർത്തം. അതിനെ വിശദീകരിക്കാൻ 'മൗനം കുടിച്ചിരിക്കുന്നു' എന്ന പ്രയോഗത്തിന് സാധിക്കുന്നു. ആ നിമിഷത്തെ  വാക്കുകളിൽ ആവാഹിച്ച്  അനുവാചക ഹൃദയത്തിലേക്ക് പ്രവഹിപ്പിക്കാൻ ആ പ്രയോഗം മാത്രം മതി.

' മിഴികളിൽ നമ്മൾ നഷ്ടപ്പെടുന്നുവോ' എന്ന പ്രയോഗം ആ കൂടിക്കാഴ്ചയെ തീവ്രമാക്കുന്നതാണ്. പരസ്പരം നോക്കി സ്വയം മറന്നു പോകുന്നതിനെയും എന്നേക്കുമായി വേർപിരിയുന്നതിനെയും കുറിക്കുന്നതാണത്.  എല്ലാ വേർപാടുകളും  ദുഃഖകരമാണ്. ദുരിതമയമായ തന്റെ ഇരുട്ടുനിറഞ്ഞ ജീവിതത്തിൽ നിത്യസാന്ത്വനമാണ് കാമുകിയുടെ മുഖം. അവളുടെ സാമീപ്യം എന്നെന്നേക്കുമായി നഷ്ടമാകുമ്പോൾ കരയണമെന്നുണ്ട്. കരച്ചിൽ തൊണ്ടയിൽ കിടന്നു പിടയുകയാണ്. ശബ്ദം പുറത്തേക്ക് വരുന്നില്ല. ഈ അനുഭവത്തെ 'തൊണ്ടയിൽ പിടയുകയാണൊരേകാന്ത രോദനം' എന്നാണ് വർണ്ണിച്ചിരിക്കുന്നത്. അത്യധികമായ ദുഃഖത്തെയാണിത് സൂചിപ്പിക്കുന്നത്.

**Q 3 . പ്രണയത്തിന്റെ ഭൂതവർത്തമാനങ്ങളുടെ നിറഭേദങ്ങൾ ബാലചന്ദ്രൻ ചുള്ളിക്കാട് എങ്ങനെയാണ് കവിതയിൽ അവതരിപ്പിക്കുന്നത്...?**

ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ 'സന്ദർശന'ത്തിൽ  പ്രണയത്തിന്റെ ഭൂതവർത്തമാനങ്ങൾ കടന്നു വരുന്നുണ്ട്. ഏറെ ആഹ്ലാദം നിറഞ്ഞ ഒരു വസന്തകാലം അവരുടെ പ്രണയത്തിനുണ്ടായിരുന്നു. 'കനകമൈലാഞ്ചിനീരിൽ തുടുത്ത വിരൽസ്പർശം' ഏറെ സന്തോഷകരമായിരുന്നു. കാമുകിയുടെ നോട്ടത്തെ കൃഷ്ണകാന്തങ്ങളുടെ കിരണങ്ങളെന്നാണ് പറഞ്ഞിരിക്കുന്നത്. ആ പ്രകാശകിരണങ്ങളേറ്റ്  ഉള്ളിലെ ചില്ലകൾ പൂത്തുവെന്നും പറയുന്നു. അനിർവചനീയമായ അനുഭവമാണ് ഈ പ്രയോഗത്തിലൂടെ അനുവാചകനിലെത്തുന്നത്...

വർത്തമാനത്തിൽ പ്രണയം നഷ്ടപ്പെട്ടിരിക്കുന്നു..അവർ വേർപിരിയാനായി–  ഇനി ഒരിക്കലും കാണാതിരിക്കാനായി യാത്രാമൊഴി പറയാനെത്തുന്നു.പക്ഷെ ജീവിതം പോലെ പകൽവെളിച്ചം  പൊലിയുന്ന  ആ വേളയിൽ വാക്കുകൾ തൊണ്ടയിൽ പിടഞ്ഞില്ലാതാവുന്നു. പൊൻചെമ്പകം പൂത്തിരുന്ന കരൾ കരിഞ്ഞുപോയിരിക്കുന്നു.  കറ പിടിച്ച ചുണ്ടിൽ കവിതയും വരണ്ടുപോയി. പ്രിയപ്പെട്ടവളുടെ  കുങ്കുമത്തരി പുരണ്ട ചിദംബരസന്ധ്യകൾ മറവിയിൽ മാഞ്ഞുപോയിരിക്കുന്നു..വർത്തമാനത്തിന്റെ ഈ ദുരിതാവസ്ഥ നഗരത്തിന്റെ പശ്ചാത്തലത്തിൽ കവി വിവരിക്കുന്നു..'മരണവേഗത്തിലോടുന്ന  വണ്ടികൾ, എന്തിനെന്നില്ലാതെയുള്ള നഗരയാത്രകൾ, മദ്യത്തിൽ മുങ്ങിയ നരകരാത്രികളും  സത്രങ്ങളിലെ അന്തിയുറക്കവും– ഇങ്ങനെ ആരാജകമായ ജീവിതാവസ്ഥ കവി വരച്ചിടുന്നു. അന്യഥാബോധവും ഏകാന്തതയും നിരാശയും   നരകതുല്യമാക്കിയ, ഇരുട്ടുനിറഞ്ഞ ജീവിതാവസ്ഥയിലും സാന്ത്വനമായി കാമുകിയുടെ മുഖം തെളിയുന്നു...അതൊരു ജനനാന്തര ബന്ധമാണല്ലോ.

യാത്ര പറയുവാൻ നിർബന്ധിതരാകുന്ന ആ സമയത്തും നന്ദിചൊല്ലുന്നതിൽ അർത്ഥമില്ലെന്ന് അവർ തിരിച്ചറിയുന്നു. കരച്ചിലിന്റെ അഴിമുഖം കാണാതിരിക്കാം. കാരണം തങ്ങൾ പണ്ടേ പിരിഞ്ഞവരാണല്ലോ...

**4 . "വേദന വേദന ലഹരിപിടിക്കും**
**വേദന ഞാനതിൽ മുഴുകട്ടെ..**
**മുഴുകട്ടെ മമ ജീവനിൽ നിന്നൊരു**
**മുരളീ  മൃദുരവമൊഴുകട്ടെ"**  (മനസ്വിനി–ചങ്ങമ്പുഴ)

**അരുതു ചൊല്ലുവാൻ  നന്ദി, കരച്ചിലിൻ**
**അഴിമുഖം നമ്മൾ കാണാതിരിക്കുക."** (സന്ദർശനം – ബാലചന്ദ്രൻചുള്ളിക്കാട്)

**–പ്രണയഗാഥകൾ ഹൃദയസ്പർശികളാകുന്നത് അവയിൽ ദുഃഖത്തിന്റെ ആന്തരശ്രുതി ഉൾച്ചേരുന്നത് കൊണ്ടാണോ..വ്യക്തമാക്കുക.**

മനസ്വിനിയിൽ, നിർവൃതിയുടെ പൊൻകതിർ പോലെ കടന്നു വന്ന് കവിയുടെ ജീവിതം പ്രകാശപൂർണ്ണമാക്കിയിരുന്ന പ്രിയതമ. എന്നാൽ നാളുകൾക്ക് ശേഷം  വസൂരി പിടിപെട്ട് കണ്ണും കാതും നഷ്ടപ്പെട്ട പ്രിയപ്പെട്ടവളുടെ അവസ്ഥ, കവിയിൽ അതീവ ദുഃഖമുണ്ടാക്കുന്നു...ആ ലഹരി പിടിപ്പിക്കുന്ന വേദനയിൽ  താൻ

hssMozhi

മുഴകട്ടെ എന്നും....അതിൽ നിന്നും പുതിയ മുരളീഗാനമൊഴുകട്ടെയെന്നും കവി പറയുന്നു...ഇങ്ങനെ വേദനയിൽ മുഴുകി ദുഃഖത്തിന്റെ ഉന്മാദാവസ്ഥയിലെത്തുന്ന കവിയെയാണ് മനസ്വിനിയിൽ നാം കാണുന്നത്....

എന്നെന്നേക്കുമായി വേർപിരിയുന്ന കമിതാക്കളുടെ അവസാന കൂടിക്കാഴ്ചയാണ് 'സന്ദർശന'ത്തിലെ പ്രമേയം. പ്രണയത്തിന്റെ വസന്തകാലവും വർത്തമാനത്തിലെ വിരഹവുമൊക്കെ കടന്നുവരുമ്പോൾ ദുഃഖത്തിന്റെ ശ്രുതി ഉയരുകയും താഴുകയും തീവ്രമാവുകയും ചെയ്യുന്നത് കാണാം. അത്തരത്തിൽ അനുഭവവേദ്യമാക്കുന്ന കാവ്യഭാഷയാണ് ചുള്ളിക്കാടിന്റേത്.

രണ്ടു കവിതകളിലെയും ആന്തരശ്രുതി ദുഃഖത്തിന്റേതാണ്. ജീവിതത്തിന്റെ സ്ഥായീഭാവം ദുഃഖമാണെന്നൊരു ചൊല്ലുണ്ട്. സുഖത്തെ ആഗ്രഹിക്കുമ്പോഴും അബോധപൂർവ്വം ദുഃഖത്തെ ഉപാസിക്കുകയാണ് പലരും ചെയ്യുന്നത്. പ്രണയഗാഥകൾ ഹൃദയസ്പർശിയാകുന്നതിന്റെ കാരണവും ഇതുതന്നെയാണ്. അതിലെ ദുഖം നമ്മെ വല്ലാതെ ആകർഷിച്ച് കീഴ്പ്പെടുത്തുന്നു എന്നതാണ് സത്യം.

**Q 5 . "എൻ ചുണ്ടിലൊട്ടിടയ്ക്കൂറിയ മാധുരി**
**നിൻ ചുണ്ടിനുള്ളതോ ലിപ്സ്റ്റിക്കിനുള്ളതോ"?** (മദിരാശിയിലെ സായാഹ്നം-എൻ.വി.കൃഷ്ണവാര്യർ)

**"പ്രേമമൊരുമിനീരായ്ക്കാണുവോർ**
**കായിൻ പേരിൽ പൂ മതിക്കുവോർ**
**ഒന്നും പുണ്യമായെണ്ണീടാത്തോർ"** (വൈലോപ്പിള്ളി-യുഗപരിവർത്തനം)

**"പ്രേമമേ നിൻ പേരു കേട്ടാൽ പേടിയാം വഴിപിഴച്ച**
**കാമകിങ്കരന്മാർ ചെയ്യും കടും കൈകളാൽ..."** (കുമാരനാശാൻ–കരുണ)

**പ്രണയത്തെ കവികൾ എങ്ങനെയൊക്കെയാണ് സങ്കല്പിക്കുന്നത്.? സന്ദർശനത്തിലെ പ്രണയസങ്കല്പവുമായി ചേർത്തുവച്ച് പരിശോധിക്കുക.**

✓ കവികളെ ഏറെ സ്വാധീനിച്ചിട്ടുള്ള ഒരു വികാരമാണ് പ്രണയം. മധുരതരമായ ഒരു വികാരമാണിതെങ്കിലും ഓരോരുത്തരും പ്രണയത്തെ കാണുന്നതും സമീപിക്കുന്നതും ഓരോ രീതിയിലാണ്. ഇതൊക്കെ കൃത്യമായി ഒപ്പിയെടുക്കാൻ കവികൾക്കും കഴിഞ്ഞിട്ടുണ്ട്..

'മദിരാശിയിലെ സായാഹ്ന'ത്തിൽ ആത്മാർത്ഥതയില്ലാത്ത പ്രണയത്തെയാണ് നാം കാണുന്നത്. കോളേജ് കുമാരനായ കാമുകൻ കാമുകിയുടെ ചുണ്ടിൽ ചുംബിച്ചപ്പോൾ ലഭിച്ച മാധുര്യം അവളുടെ ചുണ്ടിന്റേതാണോ അതോ ചുണ്ടിലെ ലിപ്സ്റ്റിക്കിന്റേതാണോ എന്ന് സംശയം ചോദിക്കുന്നുണ്ട്. മൂല്യബോധമില്ലാത്ത തലമുറയുടെ നൈമിഷിക പ്രണയത്തെ കവി മനോഹരമായിത്തന്നെ ചിത്രീകരിച്ചിരിക്കുന്നു...

hssMozhi


വൈലോപ്പിള്ളിയും 'യുഗപരിവർത്തന'ത്തി ൽ ഇതേ ആശയം തന്നെ പങ്കുവയ്ക്കുന്നുണ്ട്. പ്രേമത്തിന് ഉമിനീരിന്റെ മൂല്യം മാത്രം നൽകുന്നവർ. മനോഹരമായ പൂവിന് അതിൽ ഉണ്ടാകാൻ പോകുന്ന കായുടെ പേരിൽ മാത്രം സ്ഥാനം നൽകുന്നവർ. ബന്ധങ്ങൾക്ക് പവിത്രതയില്ലാത്ത ലോകം.

സ്നേഹഗായകനായ ആശാൻ പ്രണയത്തിന്റെ മറ്റൊരു മുഖവും കാട്ടിത്തരുന്നുണ്ട്. പ്രേമം ഉദാത്തമാണെന്ന് പറഞ്ഞിട്ടുള്ള കവി തന്നെ 'കരുണ'യിൽ കാമകിങ്കരന്മാരുടെ ക്രൂരതയാൽ പ്രേമമെന്നു കേൾക്കുന്നത് പോലും പേടിയാണെന്നു പറയുന്നു.. പല വർത്തമാനകാല സംഭവങ്ങളും ഇതൊക്കെ ശരിവയ്ക്കുന്നതായി കാണാം

ഇതൊക്കെയാണെങ്കിലും 'സന്ദർശന'ത്തിൽ യഥാർത്ഥപ്രണയത്തിന്റെ ഭാവഭേദങ്ങൾ കവി പകർത്തിവച്ചിരിക്കുന്നു.

പ്രണയത്തിന്റെ മനോഹരകാലവും വിരഹവേദനയുടെ തീവ്രതയും കാമുകന്റെ നിസ്സഹായവസ്ഥയും പ്രണയത്തിന്റെ ആഴത്തെ കാണിക്കുന്നു. ഏതോ കാരണത്താൽ വേർപിരിയേണ്ടി വന്നപ്പോൾ അവർ അനുഭവിക്കുന്ന വേദന അനുവാചകന്റേതുമായി മാറുന്നു.

ഇത്തരത്തിൽ പ്രണയത്തെ വ്യത്യസ്ത രീതിയിൽ കവികൾ അവതരിപ്പിച്ചിരിക്കുന്നത് കാണാം.



ബാലചന്ദ്രൻ ചുള്ളിക്കാട്

മലയാളകവിതയിൽ ഭാഷയിലും പ്രമേയ സ്വീകരണത്തിലും ബിംബകല്പനകളിലും വേറിട്ടു നിൽക്കുന്ന കവി. 1957 ൽ എറണാകുളം ജില്ലയിലെ പറവൂരിൽ ജനനം. പതിനെട്ട് കവിതകൾ, അമാവാസി, ഗസൽ, മാനസാന്തരം, ഡ്രാക്കുള, ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതകൾ, പ്രതിനായകൻ, ചിദംബരസ്മരണ എന്നിവ പ്രധാന കൃതികൾ.

തയ്യാറാക്കിയത് :

നന്ദിതാതിലകം എസ് , ഡോ : അംബേദ്കർ GHSS , കോടോത്ത് , കാസർഗോഡ്

വീഡിയോ ക്ലാസുകൾ കണ്ടതിനുശേഷം നോട്ട് ഉപയോഗിക്കുക .

ഈ പാഠത്തിന്റെ വീഡിയോ ക്ലാസുകൾ : ( 6 ക്ലാസുകൾ )

1 . CLICK HERE

2 . CLICK HERE

3 . CLICK HERE

SCAN

SCAN


4 . CLICK HERE

5 . CLICK HERE

6 . CLICK HERE

പാഠഭാഗവുമായി ബന്ധപ്പെട്ട അധിക വിവരങ്ങൾ ഇവിടെയുണ്ട് :

പ്രതികരണങ്ങൾ ടെലഗ്രാം ഗ്രൂപ്പിൽ രേഖപ്പെടുത്തുക :




## പാഠസംഗ്രഹം

ഓർമ്മയുടെ ഞരമ്പ് എന്ന കഥയിലെ മുഖ്യ കഥാപാത്രമായ വൃദ്ധ മുറിയ്ക്കുള്ളിൽ മാത്രം ഒതുങ്ങിക്കഴിയുന്നത്ര അവശയാണ്. അവരുടെ ചെറുമകനായ ശ്രീജിത്ത് വിവാഹം കഴിച്ചുകൊണ്ടുവന്ന പെൺകുട്ടി വൃദ്ധയെ കാണാൻ ഒട്ടും താത്പര്യത്തോടെ അല്ലെങ്കിലും അവരുടെ മുറിയിൽ എത്തുന്നു. പെൺകുട്ടിയോട് വൃദ്ധ പങ്കുവയ്ക്കുന്ന ഓർമ്മകളിലൂടെ അവരുടെ ഒൻപത് വയസ് മുതലുള്ള ജീവിതം വെളിപ്പെടുന്നു. പഠിപ്പും പ്രതിഭയും സ്വാതന്ത്ര്യബോധവുമുള്ള വൃദ്ധയോട് പെൺകുട്ടിക്ക് മതിപ്പും ആദരവും തോന്നി. അവർ പറഞ്ഞ ജീവിതാനുഭവങ്ങൾ അവരുടെതു മാത്രമല്ല , തന്റേതുമാണെന്നും അത് ഏത് പെണ്ണിന്റെയും ജീവിതാനുഭവമാണെന്നും പെൺകുട്ടി തിരിച്ചറിയുന്നു. എല്ലാ തലമുറയിലെയും പെണ്ണ് സമാനമായ ജീവിതാനുഭവങ്ങളിലൂടെയാണ് കടന്നുപോകുന്നത്. എല്ലാ തമുറയിലെയും സ്ത്രീകളെ പരസ്പരം ബന്ധിപ്പിക്കുന്ന കാണാച്ചങ്ങലയാണ് ജീവിതാനുഭവങ്ങളുടെ സമാനതകൾ . ആണധികാരം പെൺജീവിതത്തിന് മുന്നിൽ ഉയർത്തുന്ന വെല്ലുവിളികളെക്കുറിച്ചുള്ള ബോധ്യത്തോടെ നിലക്കണ്ണാടിക്കു മുന്നിൽ നിന്ന് തന്നെ തിരയുന്ന പെൺ കുട്ടിയിൽ കഥ അവസാനിക്കുന്നു.

### ഓർമ്മയുടെ ഞരമ്പ് എന്ന കഥ എഴുതാൻ ഇടയായ സാഹചര്യം

എഴുത്തുകാരിയും പത്രപ്രവത്തകയുമായ കെ.ആർ മീര ജീവിതത്തിൽ കണ്ടുമുട്ടിയ ചില സ്ത്രീകളുടെ ജീവിതാനുഭവങ്ങളാണ് ഓർമ്മയുടെ ഞരമ്പ് എന്ന കഥ എഴുതാൻ പ്രേരണയായത്. ശാസ്താംകോട്ടയിൽ കെ. ആർ മീരയുടെ വീടിനടുത്തായിരുന്നു സ്വാതന്ത്ര്യസമര സേനാനിയും ഇന്ത്യൻ പാർലമെന്റ് അംഗവുമായ വി.പി നായരുടെ വീട്. അദ്ദേഹത്തിന്റെ പത്നി ലളിത പി നായരുമായി മീരയ്ക്ക് വളരെ ആത്മബന്ധമുണ്ടായിരുന്നു. പ്രതിഭാശാലിയായ എഴുത്തുകാരിയായിരുന്നിട്ടും കുടുംബം എന്ന ചട്ടക്കൂടിനുള്ളിൽ ചുരുങ്ങിപ്പോയ ലളിത പി.നായരുടെ ജീവിതം മീരയെ ആഴത്തിൽ സ്പർശിച്ചു. ലളിത പി നായരുടെ അമ്മ കല്യാണിയമ്മ പഠിക്കാൻ കഴിയാത്തതിന്റെ സങ്കടം എപ്പോഴും പങ്കുവച്ചിരുന്നു. എം.എ വരെ പഠിക്കണം എന്ന് അവർ മീരയെ ഓർമ്മപ്പെടുത്തിയിരുന്നു. ആ അമ്മയും കുടുംബത്തിനുള്ളിൽ ചുരുങ്ങിപ്പോയ പെൺജീവിതത്തിന്റെ അടയാളമായി മീരയുടെ മനസിൽ പതിഞ്ഞു കിടന്നു.

പത്രപ്രവർത്തന ജീവിതത്തത്തിനിടയിൽ മീര കണ്ടു മുട്ടിയ ഒരു വൃദ്ധയും മനസിൽ മായാതെ നിന്നു . പ്രതിഭാശാലിയെന്ന് വള്ളത്തോൾ അഭിനന്ദിച്ച ആ അമ്മ പിന്നീട് ഒന്നുമാകാതെ , ആരുമറിയാതെ പോയതും പെൺ ജീവിതത്തിന്റെ ചങ്ങലക്കെട്ടുകളിൽ പെട്ടു പോയിട്ടാണ്. തനിക്കുൾപ്പെടെ ഏത് പെണ്ണിനും ബന്ധനമാകുന്ന ഇത്തരം ജീവിത സാഹചര്യങ്ങളെക്കുറിച്ചുള്ള തിരിച്ചറിവാണ് ഓർമ്മയുടെ ഞരമ്പ് എന്ന കഥയുടെ രചനയിലേക്ക് നയിച്ചത്.

### നാലോ അഞ്ചോ വാക്യത്തിൽ ഉത്തരമെഴുതുക , സ്കോർ – 4

**Q 1. അർഹിക്കുന്ന ആദരവ് കിട്ടാത്ത യജമാനന്റെ ഈർഷ്യയോടെ ശ്രീജിത്ത് ചോദിച്ചു – "എന്താ നോക്കുന്നത് " ? ഈ വാക്യത്തിന് ഓർമ്മയുടെ ഞരമ്പ് എന്ന കഥയിലുള്ള പ്രാധാന്യമെന്ത്?**

✅ യാഥാസ്ഥിതിക കുടുംബ വ്യവസ്ഥയിൽ ഭാര്യാ ഭർത്തൃ ബന്ധം ഉടമ അടിമ ബന്ധമായി മാറുന്നു എന്ന സൂചനയാണ് ഈ വാക്യം നൽകുന്നത്. വൃദ്ധയുമായുള്ള കൂടിക്കാഴ്ച പെൺകുട്ടിയിൽ ഉണ്ടാക്കിയ ആത്മബോധം ചെറുതല്ല. വൃദ്ധയുടെ ജീവിതത്തിന്റെ ആവർത്തനമാണ് തന്റെ ജീവിതവും എന്ന തിരിച്ചറിവോടെ മുറിയിൽ തിരിച്ചെത്തിയ പെൺകുട്ടി , നിലക്കണ്ണാടിക്കുമുന്നിൽ നിന്ന് ഓർമ്മയുടെ ഞരമ്പ് തിരയുന്നു. യഥാർത്ഥത്തിൽ അവൾ തന്നെത്തന്നെയാണ് , തന്റെ അസ്തിത്വമാണ് തിരയുന്നത്. വീട്ടിലേക്ക് മടങ്ങിയെത്തുന്ന ശ്രീജിത്തിന് പതിവായി കിട്ടുന്ന പരിഗണനയും ആദരവും കിട്ടാതെ വരുമ്പോൾ അയാളിൽ ഉണരുന്ന ആണഹന്തയും ഉടമസ്ഥതാ ഭാവവും ആണ് ഈ കഥാസന്ദർഭത്തിൽ സൂചിപ്പിക്കുന്നത്.

**Q 2 . "സീമന്തരേഖയിലിട്ട സിന്ദൂരം വിയർപ്പിൽ കുതിർന്ന് വിരലിലൊട്ടി ഒരു തുള്ളി രക്തം പോലെ അത് വിരൽത്തുമ്പിൽ ഒരു നിമിഷം തങ്ങി പിന്നെ മെല്ലെ താഴേക്കു വീണു മരിച്ചു " . ഈ വാക്യം കഥയ്ക്ക് നൽകുന്ന അർത്ഥ സാദ്ധ്യതകൾ എന്തെല്ലാം ?**

✅ പെണ്ണിന് ദാമ്പത്യം ഒരു ബാധ്യതയാണോ എന്ന ചോദ്യം ഉയർത്തുന്ന ഒരു കഥാസന്ദർഭമാണിത്. ശ്രീജിത്തിന്റെ ഭാര്യാ പദവിയ്ക്കപ്പുറം തന്റെ വ്യക്തിത്വം ദാമ്പത്യത്തിൽ അംഗീകരിക്കപ്പെടാൻ പോകുന്നില്ല എന്ന പെൺകുട്ടിയുടെ തിരിച്ചറിവിന്റെ സൂചനയും ഈ സന്ദർഭത്തിൽ ഉണ്ട്. ഒരു യാഥാസ്ഥിതിക കൂട്ടുകുടുംബ വ്യവസ്ഥയിൽ പെൺജീവിതം എത്രത്തോളം ചുരുങ്ങിപ്പോകും എന്ന് വൃദ്ധയുടെ ജീവിതാനുഭവങ്ങളിൽ നിന്ന് പെൺകുട്ടി തിരിച്ചറിയുന്നു. ആ ജീവിതത്തിന്റെ ആവർത്തനമാണ് തന്റെ ജീവിതം എന്ന സത്യമാണ് പെൺകുട്ടി ഞെട്ടലോടെ അറിയുന്നത്.. ദാമ്പത്യത്തിന്റെ അടയാളമായ സീമന്തരേഖയിലെ സിന്ദൂരവും കുടുംബത്തിൽ വിലമതിക്കപ്പെടാതെ പോകുന്ന പെണ്ണിന്റെ അദ്ധ്വാനത്തിന്റെ അടയാളമായ വിയർപ്പും ഒന്നു ചേർന്നാണ് രക്തമായി നിലത്ത് വീണ് മരിക്കുന്നത്. ദാമ്പത്യത്തിൽ പെൺജീവിതം നേരിടേണ്ടി വരുന്ന ദുരന്തത്തിന്റെ സൂചനയാണിത്.

hssMozhi

## ഒരു പുറത്തിൽ ഉത്തരമെഴുതുക . സ്കോർ 6

**Q 1 . ഓർമ്മയുടെ ഞരമ്പ് എന്ന കഥയിലെ വൃദ്ധയോട് പെൺകുട്ടിയുടെ സമീപനത്തിൽ വന്ന മാറ്റം വിശദമാക്കുക.**

✅ കെ.ആർ മീരയുടെ ഓർമ്മയുടെ ഞരമ്പ് എന്ന കഥയിലെ വൃദ്ധയെ കാണാൻ അവരുടെ ചെറുമകനായ ശ്രീജിത്തിന്റെ ഭാര്യ വരുന്നത് വെറും ഔപചാരികതയുടെയും കടമയുടെയും പേരിലാണ്. വൃദ്ധയോട് പെൺ കുട്ടിക്ക് ഒരു മതിപ്പും ഇല്ലായിരുന്നു. അവരുടെ വയ്പ്പ് പല്ല് സെറ്റ് ഇളകുന്നതും നരച്ച മുടിയ്ക്കിടയിൽ കാണുന്ന കറുത്ത മുടിയും അവർ പറയുന്ന പഴംപുരാണവും പെൺകുട്ടിയിൽ ഈർഷ്യ ഉണ്ടാക്കുന്നു. അവൾ മടുപ്പോടെ പുറത്തേക്ക് നോക്കി നിൽക്കുകയും ഷാളിന്റെ തുമ്പ് വിരലിൽ ചുറ്റി അഴിയ്ക്കുകയും ചെയ്യുന്നു.

വൃദ്ധ സ്വാതന്ത്ര്യം , സൗരഭ്യം എന്നീ വാക്കുകൾ പറയുമോൾ വയ്പ്പ് പല്ല്സെറ്റ് ഇളകുന്നത് അറപ്പോടെ അവൾ നോക്കുന്നു. വൃദ്ധ എഴുതിയ  കഥകളെക്കുറിച്ച് പറയുമ്പോൾ ഈർഷ്യ മതിപ്പിന് വഴിമാറി. അവരുടെ സ്വാതന്ത്ര്യബോധം പെൺകുട്ടി തിരിച്ചറിയുന്നു. ആ വീട്ടിലെ ഏറ്റവും വായു സഞ്ചാരമുള്ള മുറി വൃദ്ധയുടെ മുറിയാണെന്ന പരാമർശം ഇതാണ് സൂചിപ്പിക്കുന്നത്. എപ്പോഴോ കത്തിത്തീർന്ന ചന്ദനത്തിരിയുടെ സുഗന്ധവും തട്ടി മറിഞ്ഞ ഔഷധത്തിന്റെ ഗന്ധവും വൃദ്ധയുടെ വ്യക്തിത്വത്തിന്റെ സൗരഭ്യമായി പെൺകുട്ടി തിരിച്ചറിയുന്നു. തുടക്കത്തിലെ ഈർഷ്യ ക്രമേണ മതിപ്പിലേക്കും ആകാംക്ഷയിലേക്കും വഴിമാറുന്നു.. വൃദ്ധയുടെ ജീവിതത്തിന്റെ തന്നെ പാകർപ്പാണ് തന്റെ ജീവിതം എന്ന വലിയ തിരിച്ചറിവിലാണ് കഥ അവസാനിക്കുന്നത് .

**2 . ധ്വന്യാത്മകമായി കഥ പറയുന്നതാണ് ഓർമ്മയുടെ ഞരമ്പിനെ മികച്ച കഥയാക്കുന്നത്. പാഠ ഭാഗത്തു നിന്നുള്ള ഉദാഹരണങ്ങൾ ചൂണ്ടിക്കാണിച്ച് വിശദീകരിക്കുക.**

✅ ഉത്തരാധുനിക മലയാള കഥയിലെ മികച്ച കഥകളുടെ കൂട്ടത്തിൽ ഉൾപ്പെടുന്നതാണ് കെ.ആർ മീരയുടെ ഓർമ്മയുടെ ഞരമ്പ് . ധ്വന്യാത്മകമായി കഥ പറയുന്നത് ആ കഥയുടെ സവിശേഷ സൗന്ദര്യത്തെ വർദ്ധിപ്പിക്കുന്നു. കഥയുടെ ശീർഷകം തന്നെ ധ്വനി സാന്ദ്രമാണ്. സ്ത്രീകളുടെ തലമുറകളെ തമ്മിൽ ബന്ധിപ്പിക്കുന്ന സമാന അനുഭവങ്ങളുടെ ലോകമാണ് ആ ശീർഷകത്തിന്റെ സൂചന.

കഥയിലെ ആദ്യ വാക്യത്തിൽ , തുരുമ്പിച്ച വിജാഗിരികൾ ഇളകുന്നത് പോലെയാണ് വൃദ്ധയുടെ ശബ്ദം എന്ന് പറയുന്നു. പഴകിയ ശീലങ്ങളെയും തുരുമ്പിച്ച ആചാരങ്ങളെയും എഴുത്തിലൂടെ ചോദ്യം ചെയ്യുന്ന വൃദ്ധയെ

സൂചിപ്പിക്കാൻ ആ വാക്യത്തിന് കഴിയുന്നു. ആ വീട്ടിലെ ഏറ്റവും വായു സഞ്ചാരമുള്ള മുറി വൃദ്ധയുടെ മുറിയാണെന്ന വാക്യം അവരുടെ സ്വാതന്ത്യ ബോധത്തെ സൂചിപ്പിക്കുന്നു. അവരുടെ വാക്കുകളുടെ പ്രാധാന്യവും അത് പെൺകുട്ടിയിൽ ഉണ്ടാക്കിയ പരിവർത്തനങ്ങളും ധ്വന്യാത്മകമായി കഥയിൽ അവതരിപ്പിക്കുന്നു. എപ്പോഴോ കത്തിത്തീർന്ന ചന്ദനത്തിരിയുടെ സുഗന്ധവും തട്ടിമറിഞ്ഞ ഏതോ ഔഷധത്തിന്റെ ഗന്ധവും വൃദ്ധയുടെ വ്യക്തിത്വത്തിന്റെ സുഗന്ധമാണ്. പെൺകുട്ടിയുടെ സീമന്തരേഖയിലെ സിന്ദൂരം വിരലിൽ പറ്റി ഒരു തുള്ളി രക്തമായി നിലത്ത് വീണ് മരിച്ചു എന്ന വാക്യം ദാമ്പത്യവും കുടുംബവും പെൺജീവിതത്തെ പരിമിതപ്പെടുത്തുന്നത് സൂചിപ്പിക്കുന്നു. കഥയിൽ പ്രത്യക്ഷപ്പെടുന്ന വസ്തുക്കളും പേരുകളും പോലും ധ്വനി സാദ്ധ്യത ഉള്ളവയാണ്. തലപ്പൊക്കത്തോടെയുള്ള പുരുഷന്റെ ഫോട്ടോ രാമൻകുട്ടി എന്ന പേര് , ശ്രീരാമവിജയം , ദുർമരണം എന്നീ വാക്കുകൾ ഇവയെല്ലാം ധ്വനി സാന്ദ്രമാണ്. ഈ കഥയുടെ ഏറ്റവും വലിയ സവിശേഷത അതിന്റെ ധ്വന്യാത്മകമായ ആഖ്യാനം തന്നെയാണ്.

**Q 3 . ഓർമ്മയുടെ ഞരമ്പ് എന്ന കഥയുടെ ആഖ്യാന സവിശേഷത വിലയിരുത്തുക.**

സമകാലിക മലയാള സാഹിത്യത്തിലെ ഏറ്റവും സജീവ മേഖല കഥയുടെതാണ്. വിഷയം , ഭാഷ , ആഖ്യാനം ഇവയിലെല്ലാം സർഗ്ഗാത്മകമായ പരീക്ഷണങ്ങൾ കഥകളിൽ ഉണ്ടാവുന്നു. കെ.ആർ മീരയുടെ ഓർമ്മയുടെ ഞരമ്പ് എന്ന കഥയും ആഖ്യാനപരമായി വ്യത്യസ്തത പുലർത്തുന്നു.

മുഖ്യ കഥാപാത്രമായ വൃദ്ധയുടെ ഇടറിയ ഓർമ്മകളുടെ ശിഥില ഘടനയാണ് കഥയിൽ ഉപയോഗിച്ചിരിക്കുന്നത്. ആ ചിതറിയ ഓർമ്മകൾക്കുള്ളിൽ കുടുംബ വ്യവസ്ഥയിൽ തളയ്ക്കപ്പെട്ട് പോയ പെണ്ണിന്റെ ജീവിതം സമഗ്രതയോടെ പറയുന്നു. ശിഥില ഘടനയ്ക്കുള്ളിൽ സൂക്ഷ്മതയോടെ പാലിക്കുന്ന അടക്കം ചിട്ടയും കണ്ടെത്താനാവും. കഥാപാത്രത്തിന്റെ ഒൻപത് വയസു മുതലുള്ള ദാമ്പത്യത്തിന്റെ ഓരോ ഘട്ടവും ചെറിയ സൂചനകളിലൂടെ ചിട്ടയോടെ വെളിവാക്കുന്നു. ധ്വന്യാത്മകമായ ഭാഷയിലൂടെ സൃഷ്ടിക്കുന്ന അർത്ഥാന്തര സാദ്ധ്യതകളാണ് കഥയുടെ ഏറ്റവും വലിയ സവിശേഷത. ശിഥിലമെന്ന് തോന്നുന്ന ഘടന വൃദ്ധയുടെ ഇടറുന്ന ഓർമ്മകളുമായി ചേർന്നു പോകുന്നു. എന്നാൽ അവരുടെ ഓർമ്മകൾ തെളിഞ്ഞതും ക്രമമുള്ളതും ആണെന്ന സത്യം വായനക്കാർക്ക് ബോധ്യമുണ്ട്. ആ കെട്ടുറപ്പ് കഥയ്ക്കുള്ളിൽ ഉണ്ട് . ബാഹ്യമായി ശിഥിലമെന്ന് തോന്നുമ്പോഴും ആന്തരികമായി ദൃഢതയുള്ള ഈ ഘടന മുഖ്യ കഥാപാത്രത്തിന്റെ തന്നെ വ്യക്തിത്വ സവിശേഷതയാണ്. കഥാപാത്ര സവിശേഷത തന്നെ കഥാഖ്യാന സവിശേഷതയാകുന്നു എന്നത് ഓർമ്മയുടെ ഞരമ്പ് എന്ന കഥയുടെ ആഖ്യാനപരമായ പ്രത്യേകതയാണ്.

hssMozhi

**Q 4 . ഓർമ്മയുടെ ഞരമ്പ് എന്ന ശീർഷകം നൽകുന്ന അർത്ഥസാദ്ധ്യതകൾ എന്തെല്ലാം ?**

ലളിതാംബിക അന്തർജനം, കെ. സരസ്വതിയമ്മ, രാജലക്ഷ്മി തുടങ്ങിയവരിൽ നിന്ന് കെ.ആർ മീര വരെയും പിന്നെയും നീളുന്ന എഴുത്തുകാരികളുടെ പരമ്പര എന്നും സമാന ജീവിത സാഹചര്യങ്ങളെ അഭിമുഖീകരിച്ചിട്ടുണ്ട്. തലമുറകൾ മാറിയാലും പെൺജീവിത പ്രതിസന്ധികളിൽ കാര്യമായ മാറ്റമില്ല. ആണധികാരത്തിനും കുടുംബമെന്ന സ്ഥാപനത്തിനും വിധേയമായി ചുരുങ്ങിപ്പോകുന്ന പെൺജീവിതം ഏത് തലമുറയിലും ഏറെക്കുറെ ഒരു പോലെയാണ്. സ്ത്രീകളുടെ തലമുറകളെ തമ്മിൽ ബന്ധിപ്പിക്കുന്നത് സമാന അനുഭവങ്ങളുടെ ഈ കാണാച്ചങ്ങലയാണ്. എല്ലാ തലമുറയിലെയും സ്ത്രീകളെ ചേർത്ത് നിർത്തുന്ന ആ ചങ്ങലയാണ് കഥയിലെ ഓർമ്മയുടെ ഞരമ്പ്.

കഥയിലെ മുഖ്യ കഥാപാത്രമായ വൃദ്ധയും പെൺകുട്ടിയും തമ്മിൽ മൂന്ന് തലമുറയുടെ അകലമുണ്ട്. വൃദ്ധ പങ്കുവയ്ക്കുന്ന ഓർമ്മകളിലൂടെ ആണധികാരത്തിന് കീഴ്പ്പെട്ട് ചോറും കറീം വയ്ക്കാനും പെറാനും മാത്രമായി ചുരുങ്ങിപ്പോയ അവരുടെ ജീവിതം കഥയിലെ പെൺകുട്ടി മനസിലാക്കുന്നു. പെൺജീവിതത്തിന്റെ ഈ പ്രതിസന്ധിയെക്കുറിച്ച് ഓർമ്മയുണ്ടാവണം എന്ന വൃദ്ധയുടെ ഓർമ്മപ്പെടുത്തൽ പെൺകുട്ടിയിൽ നടുക്കമുണ്ടാക്കുന്നു. താനും അതേ അസ്വാതന്ത്ര്യങ്ങളിലാണ് പെട്ടിരിക്കുന്നതെന്ന് അവൾ തിരിച്ചറിയുന്നു. തലമുറകൾ മാറിയാലും മാറാതെ തുടരുന്ന പെൺജീവിത പ്രതിസന്ധിയാണ് എല്ലാ തലമുറയിലെയും സ്ത്രീകളെ പരസ്പരം ബന്ധിപ്പിക്കുന്ന ഓർമ്മയുടെ ഞരമ്പ് . തങ്ങൾ അനുഭവിക്കുന്ന അസ്വാതന്ത്ര്യങ്ങളെക്കുറിച്ച് ബോധ്യമുണ്ടാവുക എന്നത് തന്നെ വലിയ കാര്യമാണ്. ആ ബോദ്ധ്യം പെൺകുട്ടിക്ക് ഉണ്ടായി എന്നതിന് തെളിവാണ് അവൾ നിലക്കണ്ണാടിക്ക് മുന്നിൽ നിന്ന് ഓർമ്മയുടെ ഞരമ്പ് തിരയുന്നത്.

## ഒന്നരപ്പുറം . സ്കോർ 8

**Q 1. സ്വാതന്ത്ര്യം എന്ന ആശയം ഏതെല്ലാം തലങ്ങളിൽ ഓർമ്മയുടെ ഞരമ്പ് എന്ന കഥയിൽ ചർച്ച ചെയ്യപ്പെടുന്നു എന്ന് വിശദീകരിക്കുക.**

✓ പെണ്ണിന്റെ എഴുത്തു ജീവിതത്തെ ഒരു പോരാട്ടമായി കാണുന്ന എഴുത്തുകാരിയാണ് കെ.ആർ മീര. താൻ നിലനിൽക്കുന്നതിന് അടയാളമായി, തന്റെ സ്വാതന്ത്ര്യത്തിന്റെ പ്രഖ്യാപനമായി അവർ എഴുത്തിനെ കാണുന്നു.

ഓർമ്മയുടെ ഞരമ്പ് എന്ന കഥയിലെ മുഖ്യകഥാപാത്രം വൃദ്ധയാണ്. അവർ തന്റെ ജീവിതത്തിന്റെ സ്വാതന്ത്ര്യവും സൗരഭ്യവും കഥയെഴുത്താണ് എന്ന് ഉറച്ച് വിശ്വസിക്കുന്നു. കൂട്ടുകുടുംബത്തിന്റെ യാഥാസ്ഥിതിക കാഴ്ചപ്പാടുകളിൽ ബന്ധിതയായി അതിന്റെ നടപ്പുശീലങ്ങൾക്കെല്ലാം വഴങ്ങി ജീവിച്ചപ്പോഴും രഹസ്യമായി കഥയെഴുതിക്കൊണ്ട് അവർ സ്വാതന്ത്ര്യത്തിനു വേണ്ടി കുതറുന്നു.

സ്വാതന്ത്ര്യം എന്ന ആശയം ഈ കഥയിൽ മൂന്ന് തലങ്ങളിൽ വിശകലനം ചെയ്യപ്പെടുന്നു – വ്യക്തി , കുടുംബിനി . എഴുത്തുകാരി എന്നീ തലങ്ങളിൽ .

കൂട്ടുകുടുംബത്തിലെ പെണ്ണിന് ഒരു സാമൂഹികജീവി എന്ന തലത്തിൽ സ്വാതന്ത്ര്യവും ജീവിതവുമില്ല.

സ്വാതന്ത്ര്യ സമര സേനാനിയുടെ , എം.പിയുടെ ഭാര്യയായിരുന്നിട്ടും വൃദ്ധയുടെ ലോകം വീടകത്തേക്ക് ചുരുങ്ങിപ്പോകുന്നു.

ചോറും കറീം വച്ചും പെറ്റും കുടുംബിനിയായി ചുരുങ്ങുന്ന പെണ്ണിന്റെ സ്വാതന്ത്ര്യമാണ് മറ്റൊരു ചർച്ചാ വിഷയം. സ്വന്തം മക്കൾക്ക് പേരിടാൻ പോലും അവർക്ക് സ്വാതന്ത്ര്യമില്ല. തൊഴുത്തിലെ പശുവിനും പരേതാത്മാക്കൾക്കും കിട്ടുന്ന പരിഗണന പോലും ആ വീട്ടിൽ അവർക്കില്ല. അവരുടെ ആഗ്രഹങ്ങളെല്ലാം പിന്ന്യാവാം പിന്ന്യാവാം എന്ന് മാറ്റിവയ്ക്കപ്പെടുന്നു.

എഴുത്തുകാരിയുടെ സ്വാതന്ത്ര്യത്തെക്കുറിച്ചാണ് ഈ കഥയിലെ മറ്റൊരു ചർച്ച .

പെണ്ണ് എഴുതിയിട്ട് കുടുംബത്തിലേക്കെന്ത് പ്രയോജനം എന്ന് ചോദിക്കുന്ന അമ്മായിയമ്മ , മരുമകളായി വന്ന പെണ്ണിന്റെ എഴുത്തു മോഹങ്ങൾ മുളയിലേ നുള്ളി. പെണ്ണായാൽ ചോറും കറീം വയ്ക്കണം പെറണം എന്ന് പെൺജീവിതത്തെ അവർ നിർവ്വചിക്കുക കൂടി ചെയ്യുമ്പോൾ ദുരന്തം പൂർണമാണ്. കവിത എഴുതുന്ന പെണ്ണിനെ കണ്ട് ഇഷ്ടപ്പെട്ടിട്ടാണ് അവരെ വിവാഹം കഴിച്ചത് എന്ന് കൂടി പരിഗണിക്കുമ്പോൾ ആ ദുരന്തത്തിന്റെ ആഴം വർദ്ധിക്കുന്നു. തന്റെ ജീവിതത്തിന്റെ സ്വാതന്ത്ര്യവും സൗരഭ്യവും എഴുത്താണ് എന്ന ബോധ്യമുള്ള പെണ്ണ് യാഥാസ്ഥിതിക കുടുംബവ്യവസ്ഥയിൽ എത്രത്തോളം ചുരുങ്ങിപ്പോകുന്നു എന്നും ഈ കഥ കാണിച്ചു തരുന്നു.

hssmozhi

**Q 2 . ഓർമ്മയുടെ ഞരമ്പ് എന്ന കഥയിലെ വൃദ്ധ എഴുതിയ കഥകളിൽ അവരുടെ ജീവിതം അടയാളപ്പെട്ടു കിടക്കുന്നത് എങ്ങനെ എന്ന് വിശദീകരിക്കുക.**

✓ പെണ്ണായാൽ ചോറും കറീം വയ്ക്കണം പെറണം എന്ന പൊതുബോധത്തിനെതിരെയുള്ള ചെറുത്തു നിൽപ്പാണ് കെ.ആർ മീരയുടെ ഓർമ്മയുടെ ഞരമ്പ് എന്ന കഥ . സമകാലിക മലയാള കഥയിലെ കരുത്തുള്ള പെൺ ശബ്ദമാണ് മീരയുടെത്.

ഓർമ്മയുടെ ഞരമ്പ് എന്ന കഥയിലെ മുഖ്യ കഥാപാത്രമാണ് വൃദ്ധ. അവർ എഴുതിയ മൂന്ന് കഥകളെക്കുറിച്ചുള്ള പരാമർശമാണ് അവരുടെ ചിതറിയ ഓർമ്മകളായി ഈ കഥയിൽ ഉള്ളത്. ആ കഥകളാകട്ടെ വൃദ്ധയുടെ ജീവിതം തന്നെയാണ്.

വൃദ്ധ എഴുതിയ ആദ്യ കഥ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുക്കാൻ ആഗ്രഹിച്ചെങ്കിലും അത് സാധിക്കാതെ പോയ ഒരു സ്ത്രീയെക്കുറിച്ചാണ്. സ്വാതന്ത്ര്യ സമര സേനാനിയുടെ ഭാര്യയായിട്ടും സ്വന്തം വീടിനുള്ളിൽപ്പോലും വൃദ്ധ സ്വതന്ത്രയല്ലായിരുന്നു. ഒരു പൊതുജീവിതം അവർക്ക് സ്വപ്നം മാത്രമാണ്. ആ നിരാശയാണ് വൃദ്ധ എഴുതിയ ആദ്യ കഥയിൽ പ്രതിഫലിച്ചത്.

വൃദ്ധയുടെ രണ്ടാമത്തെ കഥ ആണുങ്ങളുടെ കള്ളപ്പേരിൽ കഥ എഴുതിയ ഒരു പെണ്ണിനെക്കുറിച്ചാണ്. ആ പെണ്ണിന്റെ കഥകൾ സമ്മാനിതമായപ്പോൾ അതിന്റെ കർതൃത്വം അവരുടെ ഭർത്താവ് അവകാശപ്പെടുന്നു. എഴുത്തുകാരി എന്ന നിലയിൽ വൃദ്ധ കുടുംബത്തിനുള്ളിൽ അനുഭവിച്ച അസ്വാതന്ത്ര്യങ്ങളാണ് ഈ കഥയിൽ പ്രതിഫലിക്കുന്നത്. പെണ്ണായാൽ ചോറും കറീം വയ്ക്കണം പെറണം എന്നും പെണ്ണ് കഥയും കവിതയും എഴുതിയിട്ട്

കുടുംബത്തിന് എന്ത് പ്രയോജനം എന്നും  അമ്മായിയമ്മയ പറയുന്നത് വൃദ്ധയുടെ എഴുത്ത് ജീവിതത്തിന്റെ അസ്വാതന്ത്ര്യങ്ങളെ സൂചിപ്പിക്കുന്നു. ഒളിച്ചും പാത്തും കഥയെഴുതേണ്ടി വന്ന അവരുടെ എഴുത്ത് ജീവിതമാണ് രണ്ടാമത്തെ കഥയിൽ അടയാളപ്പെട്ടു കിടക്കുന്നത്.

മൂന്നാമത്തെ കഥയുടെ ശീർഷകമെന്നോ ഉള്ളടക്കമെന്നോ പറയാനാവാത്തവിധം വൃദ്ധ പറയുന്ന വാക്ക് ദുർമരണം എന്നാണ്. അത് അവരുടെ ജീവിതത്തിന്റെ ആകെ അർത്ഥം തന്നെയായി മാറുന്നു. ഒൻപത് വയസുള്ള കാലത്ത് വള്ളത്തോളിൽ നിന്ന് പ്രതിഭാശാലി എന്ന അഭിനന്ദനം കിട്ടിയ പെണ്ണ് ദാമ്പത്യം , കൂട്ടുകുടുംബം എന്നീ ബന്ധനങ്ങളിൽ തളയ്ക്കപ്പെട്ട് ചോറും കറീം വച്ചും പെറ്റും വീടകത്തിൽ ചുരുങ്ങിപ്പോയ ദുരന്തത്തെയാണ് ദുർമരണം എന്നവർ വിശേഷിപ്പിക്കുന്നത്.

ഇത്തരത്തിൽ വൃദ്ധ എഴുതിയ മൂന്ന് കഥകളിൽ അവരുടെ ജീവിതം അടയാളപ്പെട്ടു കിടക്കുന്നു. താൻ ജീവിച്ചിരിക്കുന്നു എന്നതിന് തെളിവായി വൃദ്ധ കാണുന്നത് അവരുടെ എഴുത്ത് ജീവിതത്തെ മാത്രമാണ്.

## സ്ത്രീസാഹിത്യം

പുരുഷാധിപത്യ മൂല്യങ്ങളെ സംരക്ഷിക്കാനും നിലനിർത്താനുമായി കാലങ്ങളായി പുരുഷൻ സൃഷ്ടിച്ച സാഹിത്യത്തിൽ നിന്നും  വ്യത്യസ്തമാണ് സ്ത്രീപക്ഷസാഹിത്യം അഥവാ പെണ്ണെഴുത്ത്. പുരുഷാധീശത്വത്തെ വളർത്താനും നിലനിർത്താനുമായി പുരുഷൻ സൃഷ്ടിച്ച ഭാഷാവ്യവഹാരങ്ങൾ കാലങ്ങളോളം സ്ത്രീയെ എന്നപോലെ അവളുടെ എഴുത്തിനെയും തളച്ചിട്ടിരുന്നു. ഈ ചട്ടക്കൂടിനുള്ളിൽ നിന്നും പുറത്തു കടക്കാനായി അവൾ നടത്തുന്ന ശ്രമങ്ങളായി സ്ത്രീപക്ഷ സാഹിത്യത്തെ നിർവചിക്കാം. സ്ത്രീവാദസാഹിത്യം, പെണ്ണെഴുത്ത് ഇവ സമാനാർത്ഥത്തിൽ ഉപയോഗിച്ച് വരുന്ന പദങ്ങളാണ്. സാറാജോസഫിന്റെ **പാപത്തറ** എന്ന കഥാസമാഹാരത്തിന് സച്ചിദാനന്ദൻ എഴുതിയ ആമുഖപഠനത്തിലാണ് **പെണ്ണെഴുത്ത്** എന്ന പദം മലയാളത്തിൽ ആദ്യമായി ഉപയോഗിച്ചിട്ടുള്ളത്. മലയാളത്തിൽ  സ്ത്രീപക്ഷ രചനകൾ വളരെ മുന്നേ തന്നെ ഉണ്ടായിരുന്നു. ലളിതാംബിക അന്തർജ്ജനത്തിലും കെ.സരസ്വതി അമ്മയിലും ആരംഭിച്ച സ്ത്രീവാദസാഹിത്യം മാധവിക്കുട്ടിയിലൂടെയും ഗ്രേസിയിലൂടെയും അഷിതയിലൂടെയും ഒക്കെ വളർന്നു  ഇന്ന് മലയാളസാഹിത്യത്തിൻറെ  ശക്തമായ ശാഖയായി മാറിക്കഴിഞ്ഞിരിക്കുന്നു .

സ്ത്രീകൾ സമൂഹത്തിന്റെയും സാഹിത്യത്തിന്റെയും മുഖ്യധാരയിൽ നിന്നും അകറ്റി  നിർത്തപ്പെട്ടിരുന്ന ഒരു കാഴ്ചയാണ് കേരളസമൂഹത്തിൽ കണ്ടിരുന്നത്. പുരുഷൻ നോക്കിക്കണ്ട സ്ത്രീഭാവങ്ങളും വികാരങ്ങളുമാണ് മലയാളസാഹിത്യത്തിലും ആധിപത്യം പുലർത്തിപ്പോന്നത്. എങ്കിലും 19-ആം നൂറ്റാണ്ട് മുതൽക്കേ സ്ത്രീകളുടെ രചനകൾ വെളിച്ചം കണ്ടിരുന്നു. പുരുഷാധിപത്യ നിലപാടുകളോടുള്ള വിയോജിപ്പ് അവരുടെ രചനകളിൽ പ്രത്യക്ഷമായും പരോക്ഷമായും പ്രകടമായിരുന്നു. പ്രമേയത്തിലും അവതരണത്തിലും ധീരമായ നിലപാടുകൾ സ്വീകരിക്കാൻ സരസ്വതി അമ്മയെ പോലെ ഉള്ളവർ ശ്രമിച്ചിരുന്നു.

അറിവും അക്ഷരവും സ്ത്രീകൾക്കെന്നതു പോലെ അവർണർ എന്ന് മുദ്ര കുത്തപെട്ടവർക്കും അന്യമായിരുന്ന ഒരു കാലഘട്ടത്തിൽ നിന്നും ആരംഭിച്ച യാത്രയാണ് മലയാള സാഹിത്യത്തിനും പ്രത്യേകിച്ച് പെണ്ണെഴുത്തിനും ഉള്ളത്. നിലനിന്നിരുന്ന സാമൂഹിക സാമ്പത്തിക സാഹചര്യങ്ങളോടും  വ്യവസ്ഥകളോടും ഉള്ള കലഹം എന്ന നിലയിലാണ് എഴുത്തുകാരികൾ സാഹിത്യത്തെ സമീപിച്ചത്. . എങ്കിലും സാമൂഹികമായ പ്രശ്നങ്ങളിൽ നിന്നും അകന്നു  നിൽക്കാനാണ് കൂടുതൽ എഴുത്തുകാരികളും ശ്രമിച്ചത്. സാമൂഹിക പ്രശ്നങ്ങളോട് അവരിൽ മിക്കവരും  ആഭിമുഖ്യം പുലർത്തിയിരുന്നില്ല. സാഹിത്യരംഗത്ത് കൂടുതൽ കാലം നിൽക്കുവാൻ ആരും തയ്യാറായിരുന്നില്ല. സ്ത്രീയുടെമേൽ ഏല്പിക്കപ്പെടുന്ന കുടുംബസംബന്ധിയായ വിവിധ ഉത്തരവാദിത്വങ്ങളാണ് സ്ത്രീകളെ ഈ മേഖലയിൽ നിന്നും അകറ്റി നിർത്തുന്നത് .

*********

ഏതെങ്കിലും പ്രസ്ഥാനത്തിന്റെയോ ആശയങ്ങളുടെയോ പിന്നാലെ പോകുന്നതിലെ അർത്ഥമില്ലായ്മ തിരിച്ചറിഞ്ഞു മാനുഷികവും വൈകാരികവുമായ തലങ്ങളിലൂടെ എഴുത്തിനെ സമീപിച്ച എഴുത്തുകാരിയാണ് കെ.ആർ മീര. പുരുഷൻ സാഹിത്യത്തിൽ ആവിഷ്ക്കരിച്ച ഏകപക്ഷീയമായ പ്രണയത്തെ പുറന്തള്ളി സ്ത്രീകളുടേതായ പ്രണയലോകം സാക്ഷാൽക്കരിക്കുന്നവയാണ് മീരയുടെ കഥകൾ. സ്ത്രീയുടെ പ്രണയവും ദാഹവും ബന്ധങ്ങളിൽ നിന്നും മുക്തമാകണം എന്ന കാഴ്ച്ചപ്പാടാണ് മീരയ്ക്കുള്ളത്. പുരുഷനെ തോൽപ്പിക്കുകയല്ല സ്ത്രീയുടെ സ്വത്വത്തെ സാഹിത്യത്തിൽ ഉറപ്പിക്കുകയായിരുന്നു മീരയുടെ കഥകൾ .ഓർമ്മകളുടെ ഞരമ്പ്, ആവേ മരിയ ,മോഹമഞ്ഞ ,എന്നീ കഥാ സമാഹാരങ്ങളും ആരാച്ചാർ, സൂര്യനെ അണിഞ്ഞ ഒരു സ്ത്രീ എന്നീ നോവലുകളും പ്രസിദ്ധീകരിച്ചു.

( കടപ്പാട് : കേരളവിമൻ KERALA WOMEN )



### കെ.ആർ. മീര

മലയാള ചെറുകഥയിലെ ശക്തമായ സ്ത്രീസാന്നിധ്യം. 1970 ഫെബ്രുവരി 19 ന് കൊല്ലം ജില്ലയിലെ ശാസ്താംകോട്ടയിൽ ജനനം. ഓർമ്മയുടെ ഞരമ്പ്, മോഹമഞ്ഞ, ആവേ മരിയ, ഗില്ലറ്റിൻ എന്നീ കഥാസമാഹാരങ്ങളും നേത്രോന്മീലനം, ആ മരത്തേയും മറന്നു മറന്നു ഞാൻ, യൂദാസിന്റെ സുവിശേഷം, മീരാസാധു, ആരാച്ചാർ എന്നീ നോവലുകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2009 ൽ ചെറുകഥയ്ക്കുള്ള കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചു.

തയ്യാറാക്കിയത് :

അജയകുമാർ ബി , ഗവ. HSS , ചുനക്കര , ആലപ്പുഴ ജില്ല

hssMo

വീഡിയോ ക്ലാസുകൾ കണ്ടതിനുശേഷം നോട്ട് ഉപയോഗിക്കുക .

ഈ പാഠത്തിന്റെ വീഡിയോ ക്ലാസുകൾ : ( 4 ക്ലാസുകൾ )

1 . CLICK HERE

2 . CLICK HERE

SCAN

4 . CLICK HERE

5 . CLICK HERE

പാഠഭാഗവുമായി ബന്ധപ്പെട്ട അധിക വിവരങ്ങൾ ഇവിടെയുണ്ട് :

പ്രതികരണങ്ങൾ ടെലഗ്രാം ഗ്രൂപ്പിൽ രേഖപ്പെടുത്തുക :

hssMozhi




## പാഠസംഗ്രഹം

ഭൂമി ഓരോ വൃക്ഷത്തെയും തന്നിലേയ്ക്ക് ചേർത്തു വെച്ചിരിക്കുന്നത് , നെഞ്ചോട് അണച്ചു പിടിക്കുന്നതു പോലെയാണ്. വേരുകൾ അറുത്ത് വെട്ടി വീഴ്ത്തപ്പെടുന്ന മരം വീഴുന്നതിനു തൊട്ടു മുമ്പ് ദയനീയമായി, അവസാനമായി തനിക്ക് ചുറ്റുമുള്ളവരെയൊക്കെ ഒരു നോക്കു കണ്ട് ആർത്തലച്ച് മണ്ണിലേക്ക് പതിക്കുന്നു. വേരുകളെ പുതഞ്ഞ് കറുത്തമണ്ണ്. മണ്ണിനുമുകളിൽ പലയടരുകളായി മരിച്ച ഇലകൾ. ഇവയെല്ലാം തന്നെ മണ്ണിലലിഞ്ഞ് വേരുകൾ തേടി ചെല്ലുകയാണ്; വേരുകളിലൂടെ വീണ്ടും വൃക്ഷത്തിലെത്തി പുനർജ്ജനിക്കാൻ .

വയനാട്ടിലെ കുറുവദ്വീപുകളിൽ മത്സരത്തോടെ പുഴയെ തേടി ചെല്ലുന്ന വേരുകളെ കാണാം. പുഴയുടെ ശക്തമായ ഒഴുക്കിനെ പ്രതിരോധിച്ച് ദ്വീപുകളെ ബലപ്പെടുത്തുന്ന വേരുകൾ. കാട്ടുചുറ്റി വരുന്ന പുഴയുടെ കഥകൾ വേരുകൾ വൃക്ഷങ്ങൾക്ക് കൈമാറുന്നുണ്ടാകാം.

വലിയ ചീനി വൃക്ഷങ്ങൾ കാണുമ്പോൾ ചെമ്പന്റെയും കുമാരന്റെയും കൂടെ തേൻ നോക്കാൻ ഷോളയാർ കാടുകളിൽ അലഞ്ഞുതിരിഞ്ഞു നടന്നത് ഓർമ്മയിലുണരും. വേരുകൾക്കിടയിൽ കാട്ടു കൂവയിലകൾ വിരിച്ച് അവർ ഉറക്കാറ തയ്യാറാക്കുമായിരുന്നു. ഷോളയാറിന്റെ ഇരുണ്ട കാട്ടിടങ്ങളിൽ മഹാ വൃക്ഷങ്ങൾ അനവധിയുണ്ട്. മിഴികൾ തുറന്നാൽ ഒരു വലിയ കുടക്കീഴിലാണെന്ന് മനസ്സിലാകും. ആ കിടപ്പിലാണ് വൃക്ഷത്തിന്റെ ഉയരം കണ്ണിൽ നിറയുന്നത്. ഓരോ വൃക്ഷവും വേരുകളിലൂടെ ആകാശത്തോളം ഉയർന്നു നിൽക്കുന്നത് ആസ്വദിക്കണമെങ്കിൽ നാം വേരുകൾക്കൊപ്പം ഭൂമിയോളം താഴണം.

ഭൂമിക്ക് വേരുകളിലൂടെയാകാം ആകാശം തൊടാനാകുന്നത്. അനേകം ജന്തുജാലങ്ങൾക്ക് ജീവിക്കാനുള്ള ലോകം ഈ വേരുകൾ തീർക്കുന്നുണ്ടാകാം. കാട്ടു വൃക്ഷ വേരുകളെ തഴുകി ഒഴുകുന്ന അരുവികളിൽ മുങ്ങി ഉയരുമ്പോൾ കാടിന്റെ മുഴുവൻ ഊർജ്ജവും മനസ്സിലേയ്ക്കും ശരീരത്തിലേക്കും പ്രവഹിക്കുന്ന അനുഭവം. ജീവനില്ലാത്ത മിനറൽ വാട്ടർ കുടിക്കുന്നവർക്ക് ഇവയൊക്കെ നിഷിദ്ധമാണ്; അന്യമാണ്.

പെരിയാർ കടുവസങ്കേതത്തിലെ വാച്ചർ കണ്ണനൊപ്പമാണ് പാൽ കാച്ചി മല കയറിയത്. അതൊരു നിത്യഹരിത വനമാണ്. ഇറക്കം പ്രയാസമേറിയതായിരുന്നു. വേരുകളിൽ നിരങ്ങിയും തൂങ്ങിയും രണ്ടു കൈകൾ തികയാതെയായിരുന്നു ആ ഇറക്കം... വേരുകളിലൂടെയൊരു മടക്കം.

വേരുകളിൽ ഒളിഞ്ഞിരിക്കുന്ന ഔഷധമൂല്യം അറിയുന്ന മൂപ്പനായിരുന്നു അടിച്ചിൽ തൊട്ടി മുതുക്കുടിയിലെ കാണിക്കാരൻ അരുണാചലം – വേരുകളിലൂടെ ജീവിതം തിരിച്ചു പിടിക്കുന്ന മനുഷ്യൻ . എന്തിനും ഏതിനും ആ ആദിവാസിയുടെ കൈവശം വേരുകളേ ഉണ്ടായിരുന്നുള്ളൂ. മുതുവാൻമാർക്കിടയിൽ ആ ഔഷധമഹിമ അരുണാചലത്തിനു മാത്രം സ്വന്തമായിരുന്നു.

പാറയെ പിളർക്കാൻ തക്ക വീര്യമുള്ള വേരുകൾ ചിന്നാറിലെ മുൾക്കാടുകളിൽ ഉണ്ട്. ചിന്നാർക്കാടുകളും മുതുമലക്കാടുകളും ഔഷധസസ്യങ്ങൾ ഏറെയുള്ള മുൾക്കാടുകൾ നിറഞ്ഞ പ്രദേശമാണ്. കാട്ടിലെപ്പോഴും ചുറ്റിക്കറങ്ങുന്ന 'ഉടുമ്പ് മാരി'ക്ക് വേരുകളുടെ മഹിമ തിരിച്ചറിയാം.

ഒരു കാലത്ത് കേരളത്തിൽ ധാരാളം കാവുകൾ ഉണ്ടായിരുന്നു. ഇന്ന് ബാക്കിയുള്ളത് വളരെ കുറച്ചു മാത്രം. നഗരമധ്യേ വിശുദ്ധമായി സൂക്ഷിക്കുന്ന ഒരു ഹരിത ഇടമാണ് പെരുമ്പാവൂരിലെ ഇരിങ്ങോൾ കാവ്.

അശ്രദ്ധമായും അലസമായും നാം വലിച്ചെറിയുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ മണ്ണിന്റെ ജൈവികതയെ എന്നേയ്ക്കുമായി നഷ്ടപ്പെടുത്തുവെന്നത് ഉൾക്കിടിലത്തോടെയേ കാണാനാവൂ. പൊഴിഞ്ഞു വീഴുന്ന ഒരില പോലും തന്റെ അവസാന കണിക വരെ മണ്ണിന് സമർപ്പിച്ചാണ് മറയുന്നത്. ഭൂമിയെ ഭദ്രമായി കെട്ടിവെച്ചിരിക്കുന്ന വേരുകളാണ് നാം അറുത്തു മാറ്റുന്നത്. സ്വന്തം വേരുകളറുത്ത് പൈതൃകവും സംസ്കാരവും നഷ്ടപ്പെടുത്തി എല്ലാം

വെട്ടിപ്പിടിക്കാൻ കുതിച്ചു പായുന്ന മനുഷ്യന് , വേരുകളുടെ മഹത്വം തിരിച്ചറിയാൻ കഴിയുന്നതെങ്ങനെ ? റോഡിനു ഇരുവശവും ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിച്ചാൽ ചൂടിനാശ്വാസം ലഭിക്കും. ജലശോഷണം ഇല്ലാതാക്കാനും കഴിയും. കിഴക്ക് നിന്ന് പടിഞ്ഞാട്ട് ചരിഞ്ഞു കിടക്കുന്ന ഈ കൊച്ചു കേരളം അവശേഷിക്കുന്ന പച്ചപ്പിന്റെ വേരുകളുടെ ബലത്തിലാണ് നിലനിൽക്കുന്നത്.

വേരുകൾ നഷ്ടപ്പെടുന്ന മണ്ണിന് തുടർച്ചയായ ഇടിച്ചിലുകളോടെ പ്രതികരിച്ചു കൊണ്ടിരിക്കാനേ കഴിയൂ. ആഗോള താപനവും പ്രകൃതിക്ഷോഭങ്ങളുമൊക്കെ നമ്മുടെ യാത്ര വലിയ വിനാശത്തിലേക്കാണെന്ന തിരിച്ചറിവാണ് നൽകുന്നത്.

വെട്ടിയകറ്റിയാലും പുതുനാമ്പുകളോടെ പുനർജ്ജനിക്കുന്ന കാട്ടാൽ വൃക്ഷമായിത്തന്നെ പുനർജന്മം വേണമെന്ന ആഗ്രഹം പറഞ്ഞു കൊണ്ട് ലേഖകൻ അവസാനിപ്പിക്കുന്നു.

💡Q 1. **"ഈ ഇലയടരുകളെല്ലാം തന്നെ അങ്ങു താഴെയുള്ള വേരുകൾ തേടി ചെല്ലുകയാണ്; വേരുകളിലൂടെ വീണ്ടും വൃക്ഷത്തിലെത്തി പുനർജ്ജനിക്കാൻ" പ്രകൃതിയുടെ ചാക്രികതയെ കുറിക്കുന്ന ഈ അഭിപ്രായം മനുഷ്യ ജീവിതത്തിന്റെ സൂചകമായി മാറുന്നുണ്ടോ? വിശകലനക്കുറിപ്പ് തയ്യാറാക്കുക**

✅ " ഇലകളായ് നമ്മൾ പുനർജ്ജനിക്കുമെങ്കിൽ ഒരേ വൃക്ഷത്തിൽ പിറക്കണം" എന്ന് എ അയ്യപ്പൻ സ്വപ്നം കാണുന്നുണ്ട്. ഇലയടരുകൾ മണ്ണിൽ ലയിച്ച് പുനർജ്ജനിക്കുന്നതായി എൻ. എ നസീർ 'വേരുകൾ നഷ്ടപ്പെടുത്തുന്നവരി'ൽ സൂചിപ്പിക്കുന്നു. പ്രകൃതി നമുക്ക് തരുന്നത് വലിയ ജീവിത പാഠങ്ങളാണ്. അവ ഉൾക്കൊണ്ട് പ്രകൃതിയെ ഹൃദയത്തോട് ചേർത്തു നിർത്തുമ്പോഴാണ് ഓരോ മനുഷ്യന്റെയും ജീവിതം ധന്യമാകുന്നത്. ആത്മീയമായ സാക്ഷാത്കാരത്തിന്റെ തലം കൂടി ഇവിടെ അനുഭവിക്കാൻ കഴിയുന്നു. ഇലയടരുകളിലെ ജീവന്റെ അവസാന കണിക വരെ മറ്റൊരു ജീവന് സമർപ്പിച്ചാണ് അവ മണ്ണിലേയ്ക്ക് വിലയം പ്രാപിക്കുന്നത്. മണ്ണും മനുഷ്യനും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. "മനുഷ്യാ നീ മണ്ണാകുന്നു; നീ മണ്ണിലേയ്ക്ക് തന്നെ മടങ്ങുന്നു" എന്ന ബൈബിൾ വാക്യം സ്മരണീയം. മണ്ണ് എല്ലാ ജീവന്റെയും അടിസ്ഥാനമായി മാറുന്നു. ഇലകൾ മണ്ണിന്റെ മാറിലലിഞ്ഞ് അതിന്റെ ജൈവികത നിലനിർത്തുന്നു. മരവും മണ്ണും ഇലകളും പ്രകൃതിയിലെ മുറിയാത്ത പാരസ്പര്യത്തിന്റെ നൈരന്തര്യത്തിന്റെ പുതിയ പാഠങ്ങൾ നമുക്ക് നൽകുന്നു.

hssMozhi

💡Q 2. **' ഓരോ വൃക്ഷവും വേരുകളിലൂടെ ആകാശത്തോളം ഉയർന്നു നിൽക്കുന്നത് ആസ്വദിക്കണമെങ്കിൽ നാം വേരുകൾക്കൊപ്പം ഭൂമിയോളം താഴണം ' കാട് നൽകുന്ന ജീവിത പാഠങ്ങൾ എന്തൊക്കെയാണ് ?**

✅ ആകാശത്തെ തൊടാനായുന്ന വൃക്ഷത്തിന്റെ കരങ്ങൾ മാത്രമേ നാം കാണുന്നുള്ളൂ. അതിനടിസ്ഥാനമായ ബലിഷ്ഠമായ വേരുകളെ നാം കാണുന്നതേയില്ല. മനുഷ്യന് ഭൂമി കൈയെത്തും ദൂരത്തും ആകാശം അകലത്തുമാണ്. അവന്റെ അടങ്ങാത്ത ആഗ്രഹങ്ങളുടെ ലോകമാണത്. ആകാശം തൊടാൻ വൃക്ഷശിഖരങ്ങൾക്ക് കഴിയുന്നു. വേരുകളുടെ ഉറപ്പാണ് മരത്തെ മാനത്തോളം എത്തിക്കുന്നത്. ആകാശം തൊടുന്ന ചില്ലകൾ കാണുന്ന നാം അവയ്ക്കുറപ്പും വളവുമേകുന്ന വേരുകളെ കാണുന്നില്ല . മണ്ണിനാഴങ്ങളിൽ ഊർന്നിറങ്ങി വൃക്ഷങ്ങളുടെ നിലനിൽപ്പിനുറപ്പുനൽകുന്ന വേരുകളെയും അറിയാൻ കഴിഞ്ഞെങ്കിൽ മാത്രമേ മരങ്ങളുടെ മഹത്വം മനസിലാക്കാൻ കഴിയൂ. അവനവന്റെ വേരുകളെ പോലും മറക്കുന്ന മനുഷ്യന് പ്രകൃതിയെ ചൂഷണം ചെയ്യാൻ യാതൊരു മടിയുമില്ലാതായിരിക്കുന്നു. താൻ മാത്രമല്ല എല്ലാ ജീവികളും ഭൂമിയുടെ അവകാശികളാണെന്ന തിരിച്ചറിവിലാണ് പരിസ്ഥിതിയുടെ സന്തുലനം . വേരുകളെ പോലെ ആർദ്രതയുടെയും അലിവിന്റെയും ആഴങ്ങൾ കണ്ടെത്താൻ കഴിഞ്ഞാൽ പ്രകൃതിയെ സ്നേഹിക്കാനും മനസിലാക്കാനും കഴിയും. കാടു തരുന്ന പാഠങ്ങൾ വളരെ വലുതാണ്. വേരറുക്കുന്നവർ നാശത്തിന്റെ പാതയൊരുക്കുന്നവരായിമാറുന്നു.

💡Q 3. **വേരുകളെക്കുറിച്ചുള്ള അന്വേഷണം മനുഷ്യന്റെ പ്രകൃതി ബോധത്തിന്റെ വേരുകൾ തേടിയുള്ള യാത്രയായി മാറുന്നുണ്ടോ? പാഠഭാഗത്തെ ആസ്പദമാക്കി നിഗമനങ്ങൾ രൂപീകരിക്കുക**

✅ വൈൽഡ് ലൈഫ് ഫോട്ടോഗ്രാഫറും പരിസ്ഥിതി പ്രവർത്തകനും എഴുത്തുകാരനുമായ എൻ എ നസീറിന്റെ വനയാത്രകളിൽ , അദ്ദേഹത്തിനുണ്ടായ അനുഭവങ്ങളാണ് പാഠഭാഗം. അഗാധമായ സ്നേഹത്തിന്റെയും പാരസ്പര്യത്തിന്റെയും ചിഹ്നങ്ങളാണ് ഓരോ വൃക്ഷവും. സസ്യശാസ്ത്രം വിശദീകരിക്കുന്ന വേരുകളല്ല നസീർ കാണുന്നത്. അവയുടെ ധർമ്മവും അദ്ദേഹത്തിന് മറ്റൊന്നാണ്. കാടകങ്ങളിറങ്ങി നാടകങ്ങൾ ചുറ്റി വരുന്ന പുഴയുടെ കഥകൾ വൃക്ഷങ്ങൾക്ക് കൈമാറുന്നവളാണ്. മണ്ണിനെ മാറോടണച്ചു കാക്കുന്നവൾ.

വേരുകൾ അറുത്തു മാറ്റപ്പെടുമ്പോൾ മരത്തിന്റെ നിശബ്ദമെങ്കിലും ദയനീയമായ നിലവിളി ലേഖകൻ കേൾക്കുന്നുണ്ട്. കാട് വലിയൊരു പാഠശാലയാണ്. മാനവചരിത്രത്തെക്കുറിച്ചും ജീവിത ചാക്രികതയെക്കുറിച്ചുമൊക്കെ കാട് നമ്മളെ പഠിപ്പിക്കുന്നുണ്ട്. മനുഷ്യജീവിതത്തിന്റെ നൈമിഷികതയെയും അത് മുന്നോട്ട് വെക്കുന്നു. അടർന്നു വീഴുന്ന ഇലകളും വേരറ്റു വീഴുന്ന മരങ്ങളും മാനവരാശിയുടെ നിലനില്പിനെ ചോദ്യം ചെയ്യുന്നു. ഇലകളുടെയും മരങ്ങളുടെയും ഒപ്പം മാത്രമേ മനുഷ്യനും സ്ഥാനമുള്ളൂ. മനുഷ്യനു വേണ്ടിയല്ല പ്രകൃതിയെ നിലനിർത്തേണ്ടത്; പ്രകൃതിയ്ക്ക് വേണ്ടിയാണ് മനുഷ്യൻ ജീവിക്കേണ്ടത്.

വൃക്ഷങ്ങൾ വേരുകളിലൂടെയാണ് വെള്ളവും വളവും വലിച്ചെടുക്കുന്നത്. മനുഷ്യനെ സംബന്ധിച്ച് ഓർമ്മകൾ അവന്റെ വേരുകളാണ്. ചരിത്രത്തിന്റെ , സംസ്കാരത്തിന്റെ ബലവത്തായ വേരുകൾ നഷ്ടപ്പെട്ടാൽ മനുഷ്യൻ കാതലറ്റ പൊള്ളയായ തടിയായി മാറും. ഭൂത കാലത്തിലും ചരിത്രബോധത്തിലും കാലുറച്ചു നിന്നാൽ മാത്രമേ ഭാവിയുടെ ആകാശങ്ങളിലേയ്ക്ക് നമുക്ക് കുതിച്ചുയരാൻ കഴിയൂ.

**4 . " കാടേ നിന്നകളങ്ക ഹൃദയത്തിലേയ്ക്കുള്ള
ഗൂഢമാം വഴിയേതെന്നെനിക്കു കാട്ടിത്തരൂ"
-- കാടിന്റെ അകളങ്ക ഹൃദയം എന്ന സങ്കല്പം വേരുകൾ നഷ്ടപ്പെടുത്തുന്നവരിലെ ആശയങ്ങളുമായി ബന്ധിപ്പിച്ച് വിശദീകരണക്കുറിപ്പ് തയ്യാറാക്കുക.**

✅ സചേതനവും സജീവവുമാണ് കാട്. വേദനയും ആഹ്ലാദവും കാടിനുണ്ട്. മനുഷ്യന്റെ ഓരോ പെരുമാറ്റവും കാടിൽ പ്രതികരണങ്ങളുണ്ടാക്കും.

നിഷ്കളങ്കമായ കാടിന്റെ ഹൃദയത്തിലേയ്ക്കുള്ള വഴിയാണ് കവി അന്വേഷിക്കുന്നത്. ആദിമജനതയുടെ സംസ്കാരത്തിന്റെ ഉറവിടമാണത്. അവരുടെ ആരാധനാ മൂർത്തിയാണ് വൃക്ഷം. ജനിമൃതികളുടെ സമഗ്രമായ രൂപമാണത്. പുനർജ്ജന്മത്തിന്റെ പ്രതീകമാണത്. പരോപകാരത്തിന്റെ ബിംബമാണത്. കളങ്കമില്ലാത്ത സ്നേഹത്തിന്റെയും പരസ്പരാശ്രിതത്ത്വത്തിന്റെയും ലോകമാണവിടം. മനുഷ്യന്റെ എല്ലാ ക്രൂരതകളെയും അതിജീവിച്ച് മുന്നേറാനുള്ള ത്വര കാടിനുണ്ട്. വെട്ടിനശിപ്പിച്ചാലും പുതുനാമ്പുകളായി പുനർജ്ജനിക്കുന്നു. നാം അകറ്റി നിർത്തിയാലും വേരുകളിലൂടെ പ്രണയിക്കുന്നു. യാതൊരു സ്വാർത്ഥതയുമില്ലാതെ കാട് നമ്മെ സ്നേഹിക്കുന്നു. കാട് ഒരു ജീവിത സ്ഥലമാണ്. ജീവന്റെ നിലനില്പിനു വേണ്ടിയുള്ള സ്വാഭാവികചലനങ്ങളാണ് അവിടെ സംഭവിക്കുന്നത്. ഒരു ജന്തു മറ്റൊന്നിനെ കൊല്ലുകയല്ല , ഇരതേടുകയാണ് ചെയ്യുന്നത്.

"കാടേ" എന്ന സംബോധനയിലൂടെ തന്നെക്കാൾ ശ്രേഷ്ഠമാണ് കാടെന്നും അതിന് വ്യക്തിത്വമുണ്ടെന്നും കവി സൂചിപ്പിക്കുന്നു. പക്ഷേ കളങ്കിതനായ ... നാഗരികനായ തനിക്ക് കാടിന്റെ ഹൃദയത്തിലേയ്ക്കുള്ള വഴിയറിയാൻ കഴിയുന്നില്ല. നാഗരികജീവിതം, അത്യാഗ്രഹം, വെട്ടിപ്പിടിക്കൽ, ഹിംസാത്മകത എല്ലാം മനുഷ്യന് സ്വന്തം. തിന്നാൻ വേണ്ടിയല്ലാതെ കൊല്ലുന്ന ജന്തു മനുഷ്യൻ മാത്രമാണ്. സ്വന്തം നിലനില്പിൽ ആശങ്കയുണ്ടാകാത്തിടത്തോളം കാലം; അല്ലെങ്കിൽ ഇരതേടുമ്പോഴല്ലാതെ ഒരു ജീവിയും മറ്റൊന്നിനെ ആക്രമിക്കുന്നില്ല. പ്രകൃതിയുടെ വന്യതയിലേയ്ക്ക് .... നിഷ്കളങ്കതയിലേയ്ക്കിറങ്ങിച്ചെല്ലണമെങ്കിൽ നമ്മുടെ മനസ്സും വിശാലമാകണം.

**5 . വേരുകളെക്കുറിച്ചുള്ള അന്വേഷണം പ്രകൃതിയും മനുഷ്യനും തമ്മിലുള്ള പാരസ്പര്യത്തെക്കുറിച്ചുള്ള അന്വേഷണമായി മാറുന്നുണ്ടോ? കുറിപ്പ് തയ്യാറാക്കുക.**

✅ മരത്തിന് ഉറപ്പുനൽകുന്നത് വേരുകളാണ്. വേരുകളുടെ ശക്തിയാണ് മുകളിലേക്കുള്ള വളർച്ച നിർണയിക്കുന്നത്. ഓരോ മരത്തിന്റെയും വേരുകൾ വ്യത്യസ്തമായ രൂപവും ഭാവവും ഉള്ളവയാണെന്ന് ലേഖകൻ കണ്ടെത്തുന്നു.

വേരുകൾ തേടിയുള്ള യാത്രയിലാണ് പ്രകൃതിയോടിണങ്ങി ജീവിക്കുന്ന കുറച്ചു മനുഷ്യരെ നസീർ കണ്ടുമുട്ടുന്നത്. പ്രകൃതിയുടെ ഭാഗമായി അവർ തങ്ങളെ കാണുന്നു. അനേകം ജീവിവർഗ്ഗങ്ങളിൽ ഒന്നു മാത്രമാണെന്ന ബോധം ഔപചാരിക വിദ്യാഭ്യാസം ലഭിച്ചിട്ടില്ലാത്ത ആ മനുഷ്യർക്കുണ്ടായിരുന്നു. ചെമ്പന്റെയും കുമാരന്റെയും ഒപ്പം തേൻ നോക്കാൻ ഷോളയാർ കാടുകളിൽ അലഞ്ഞു നടന്നത് ലേഖകൻ ഓർക്കുന്നു. വലിയ വേരുകൾക്കിടയിൽ കാട്ടുകൂവയിലകൾ മെത്ത പോലെ വിരിച്ച് ചെമ്പനും കുമാരനും ഉറക്കറ തയ്യാറാക്കും. പാൽ കാച്ചി മല കയറാൻ വാച്ചർ കണ്ണനായിരുന്നു സഹായിച്ചത്. വൃക്ഷങ്ങളുടെ വേരുകളിലൂടെയുള്ള കയറ്റത്തെക്കാൾ പ്രയാസമായിരുന്നു ഇറക്കം. പ്രയാസമേറിയതെങ്കിലും വേരുകളിലൂടെയുള്ള മടക്കം അനിവാര്യമായിരിക്കുന്നു.

വേരുകളിൽ ഒളിഞ്ഞിരിക്കുന്ന ഔഷധമൂല്യം അറിയുന്ന മൂപ്പനായിരുന്നു അടിച്ചിൽ തൊട്ടി മുതുക്കുടിയിലെ കാണിക്കാരൻ അരുണാചലം ; വേരുകളിലൂടെ ജീവിതം തിരിച്ചു പിടിക്കുന്ന മനുഷ്യൻ. ഏതാവശ്യത്തിനും അയാളുടെ കൈയിൽ വേരുകൾ ഉണ്ടായിരുന്നു. മുതുവാൻമാർക്കിടയിൽ ഔഷധമഹിമ അരുണാചലത്തിനു മാത്രം. മുത്തയ്യയും അരുണാചലവും കാടിറങ്ങി നാട്ടിലേയ്ക്കു വന്നപ്പോഴും തനിയ്ക്ക് പരിചിതമായ വേരുകൾ ഉണ്ടോ

എന്ന് അവരുടെ കണ്ണുകൾ തേടുന്നുണ്ടായിരുന്നു. അത്രമാത്രം പ്രകൃതിയുമായി അലിഞ്ഞു ചേർന്നിരുന്ന അവരുടെ ജീവിതം. ചിന്നാർക്കാട്ടുകളിൽ എപ്പോഴും ചുറ്റിക്കറങ്ങുന്ന ഉടുമ്പ് മാരിക്കും വേരുകളുടെ മഹിമ തിരിച്ചറിയാം. ഇങ്ങനെ കാട്ടിൽ ജനിച്ച് കാടിന്റെ മടിയിൽ വളർന്ന് പ്രകൃതിയോട് എതിരിടാതെ ഇണങ്ങിയാണവരുടെ ജീവിതം . അവരുടെ ജീവിതാവശ്യങ്ങളുടെയൊക്കെ പരിഹാരം പ്രകൃതിയിൽ തന്നെയാണെന്നവർ മനസ്സിലാക്കുന്നു.

പ്രകൃതി മനുഷ്യന് വേണ്ടി മാത്രമുള്ളതല്ല. പ്രകൃതിയിലെ ഒരു ഘടകം മാത്രമാണവൻ. കാട് ഒരു ആവാസ വ്യവസ്ഥയാണ്. പരസ്പരം ആശ്രയിച്ച് കഴിയുന്ന അനേകം ജീവികളുടെ ഇടം. മനുഷ്യന് വേണ്ടി നിലനിർത്തേണ്ടതല്ല പ്രകൃതി. അവിടെ മരങ്ങളും അവയുടെ വേരുകളും ഇലകളുമെല്ലാം പ്രധാനമാകുന്നു. അനേകം സൂക്ഷ്മജീവികൾ മുതൽ പക്ഷി മൃഗാദികൾ വരെ മരത്തെ ആശ്രയിച്ച് കഴിയുന്നു. ഇങ്ങനെ വേരുകളുടെ അന്വേഷണത്തിലൂടെ പ്രകൃതിയും മനുഷ്യനും തമ്മിലുള്ള അഭേദ്യമായ ബന്ധം നസീർ കണ്ടെത്തുന്നു.

**6 . മരങ്ങൾക്കും വേരുകൾക്കും മനുഷ്യഭാവം കൽപിക്കുന്ന സന്ദർഭങ്ങൾ ' വേരുകൾ നഷ്ടപ്പെടുത്തുന്നവർ ' എന്ന ലേഖനത്തിൽ കണ്ടെത്തി വിശദീകരിക്കുക.**

✅ വന്യജീവി ഫോട്ടോഗ്രാഫറായ എൻ. എ. നസീറിന്റെ കാടകങ്ങളിലൂടെയുള്ള യാത്രാനുഭവങ്ങളും അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകളുമാണ് 'വേരുകൾ നഷ്ടപ്പെടുത്തുന്നവരി'ലൂടെ ആവിഷ്കരിക്കുന്നത്.

വർഷങ്ങളോളം നടത്തിയ യാത്രകളിൽ കാടിന്റെ സ്പന്ദനം അറിഞ്ഞ നസീറിന് കാട്ടിലെ മരങ്ങളും ചെടികളും പുൽനാമ്പുകളും സചേതനമാണ്. മാനുഷികമായ വികാരങ്ങൾ അവയിൽ ലേഖകൻ കാണുന്നുണ്ട്. വേരറുത്തു മാറ്റി ഭൂമിയുടെ മാറിടത്തിൽ നിന്ന് അടർത്തി മാറ്റുമ്പോഴും വീഴുന്നതിന് തൊട്ടു മുൻപുള്ള വൃക്ഷത്തിന്റെ ദയനീയമായ ഭാവം വേദനിപ്പിക്കുന്നതാണ്. തന്നോടൊപ്പം വളർന്ന കൂട്ടുകാരെയെല്ലാം അവസാനമായി കണ്ട് ആർത്തലച്ച് വീഴുന്ന മരത്തിൽ മരണാസന്നനായ മനുഷ്യനെ കാണാം.

വേരുകൾ പ്രണയിക്കുന്ന പാറകൾ നസീറിന്റെ കാമറകൾ ഒപ്പിയെടുക്കുന്നു. തീവ്രമായ പ്രണയത്താൽ വല്ലാതെ ആലിംഗനം ചെയ്തു നിൽക്കുന്ന വേരുകൾ; മറ്റൊന്നിനും വിട്ടുകൊടുക്കില്ലെന്ന ദൃഢനിശ്ചയത്തോടെ. വേരുകളുടെ പ്രണയമാണ് മണ്ണിനെയും പാറകളെയും സംരക്ഷിക്കുന്നതെന്ന സങ്കല്പം എത്ര മനോഹരമാണ്. പുനർജ്ജന്മം എന്ന ദർശനം മാനുഷികമാണ്. കൊഴിഞ്ഞു വീഴുന്ന ഇലകൾ വേരുകളിലൂടെ പുനർജ്ജന്മം പ്രാപിക്കുന്നു എന്നു പറയുന്നതിലെ ഔചിത്യം നോക്കുക. മണ്ണിനുമുകളിൽ പഴകിയ ഇലകളുടെയും പൊടിഞ്ഞ ഇലകളുടെയും അടുക്ക്. വീണ്ടും മുകളിൽ പൊടിഞ്ഞു ദ്രവിക്കുന്നവ . ഏറ്റവും മുകളിൽ പൊഴിഞ്ഞു വീഴുന്നവ. വ്യത്യസ്ത അവസ്ഥാന്തരങ്ങളിലുള്ള ഇലകൾ അവസാന കണിക വരെ മറ്റൊരു ജീവനായി മാറ്റിവെക്കുന്നു. മരണത്തെ അതിജീവിക്കുന്ന ജീവിത ചക്രം ഇലകളിലൂടെ വ്യക്തമാകുന്നു. പൗരാണികമായ ആ സങ്കല്പം ഇലകളിൽ ആരോപിക്കുന്നതിലൂടെ നസീറിന്റെ ദാർശനികമായ കാഴ്ചപ്പാട് വ്യക്തമാകുന്നു. ഒരു കാവ്യം പോലെ മനോഹരമാകുന്ന ഈ ലേഖനം.



**എൻ.എ. നസീർ**

സാഹസിക വനസഞ്ചാരങ്ങളിലൂടെയും വന്യജീവി ഫോട്ടോഗ്രഫിയിലൂടെയും ശ്രദ്ധേയൻ. അറിയപ്പെടുന്ന പരിസ്ഥിതിപ്രവർത്തകനും എഴുത്തുകാരനുമായ ഇദ്ദേഹം 1962 ൽ എറണാകുളം ജില്ലയിലെ പള്ളിപ്പുറത്ത് ജനിച്ചു.

തയ്യാറാക്കിയത് :

കൃഷ്ണകുമാരി എസ് എസ് , GGHSS, പേരൂർക്കട , തിരുവനന്തപുരം

വീഡിയോ ക്ലാസുകൾ കണ്ടതിനുശേഷം നോട്ട് ഉപയോഗിക്കുക .

ഈ പാഠത്തിന്റെ വീഡിയോ ക്ലാസുകൾ : ( 4 ക്ലാസുകൾ )

1 . CLICK HERE

2 . CLICK HERE

SCAN

3 . CLICK HERE

4 . CLICK HERE

hssMozh

പാഠഭാഗവുമായി ബന്ധപ്പെട്ട അധിക വിവരങ്ങൾ ഇവിടെയുണ്ട് :

പ്രതികരണങ്ങൾ ടെലഗ്രാം ഗ്രൂപ്പിൽ രേഖപ്പെടുത്തുക :




## പാഠസംഗ്രഹം

ഉത്തരാധുനിക കവികളിൽ ശ്രദ്ധേയനാണ് ടി പി രാജീവൻ. സാമൂഹികമായ പ്രശ്നങ്ങളിൽ സൂക്ഷ്മ ബോധത്തോടെ ഇടപെടുന്നതാണ് അദ്ദേഹത്തിന്റെ രചനകൾ. ആധുനിക കവിതകൾ പിന്തുടർന്ന സങ്കീർണ രചനാശൈലികളിൽ നിന്ന് വ്യത്യസ്തമായി സുതാര്യവും, ലളിതവുമായി പ്രശ്നങ്ങളെ ആവിഷ്കരിക്കാൻ ശ്രമിച്ചു. വലിയ ആഖ്യാനങ്ങൾക്ക് പകരം തീരെച്ചെറിയ അവതരണങ്ങളിലേയ്ക്കത് മാറി.

ചെറുതുകളുടെ അതിജീവനമാണ് മത്സ്യം എന്ന കവിതയുടെ ആശയം. ഒറ്റപ്പെട്ടു പോകുന്നതിന്റെ അരക്ഷിതാവസ്ഥയും, ഒറ്റയ്ക്കാണെങ്കിലും പൊരുതി അതിജീവിക്കാനുള്ള ശ്രമങ്ങളും ഇക്കാലത്തെ മനുഷ്യന്റെ പ്രത്യേകതയാണ്. മനുഷ്യജീവിതത്തെ അസ്വസ്ഥമാക്കുന്ന പല സാഹചര്യങ്ങളും പ്രതീകാത്മകമായി മത്സ്യത്തിൽ കാണാം. ആഗോള വിപണിയും, മുതലാളിത്തവും സാധാരണ മനുഷ്യജീവിതത്തെ ഹനിക്കുന്നതാണ്. വലക്കണ്ണികളും, പരുന്തിന്റെ ആക്രമണവും, ഉപ്പളങ്ങളും ഒക്കെ ഇത്തരം അപകട സാധ്യതകളെ കാണിക്കുന്നു.

മനുഷ്യ സ്വാതന്ത്ര്യം ഇല്ലാതാക്കപ്പെടുന്നത് സ്വന്തം ചുറ്റുപാടുകളിലാണ്. ആ ചുറ്റുപാടുകളുടെ നാശം നമ്മുടെ ആവാസ വ്യവസ്ഥയുടെ നാശത്തെ തന്നെയാണ് സൂചിപ്പിക്കുന്നത്. മത്സ്യത്തിന്റെ സ്വതന്ത്ര ജീവിതത്തിന്റെ അപകടപ്പെടുത്തൽ കൈ ചൂണ്ടുന്നത് മനുഷ്യജീവിതത്തിന്റെ അനിശ്ചിതത്വത്തിലേയ്ക്ക് തന്നെയാണ്.

**Q 1 . പാർശ്വവൽക്കരിക്കപ്പെട്ട ഒരു ജനതയെ മത്സ്യം പ്രതിനിധാനം ചെയ്യുന്നുണ്ടോ ?**

✅ സമകാലിക യാഥാർത്ഥ്യങ്ങളിലേയ്ക്ക് വിരൽ ചൂണ്ടുന്ന ഒരു കവിതയാണ് മൽസ്യം. ഇരകളുടെ എണ്ണം വർദ്ധിച്ചു കൊണ്ടിരിക്കുന്ന ഒരു സമൂഹത്തെയാണ് നാം ഇന്ന് അഭിമുഖീകരിക്കുന്നത്. പരുന്തിൻ കണ്ണുകളും, ചൂണ്ടക്കൊളുത്തുകളും, ചതിക്കുഴികളുമായി കാത്തിരിക്കുന്നവർ നമുക്ക് ചുറ്റിലുമുണ്ട്. മത ന്യൂനപക്ഷങ്ങൾ, അവശ ജനവിഭാഗങ്ങൾ, അരികുവൽക്കരിക്കപ്പെട്ട സ്ത്രീകൾ – ഇങ്ങനെ പാർശ്വവൽക്കരിക്കപ്പെട്ട ഒരു ജനതയുടെ പ്രതീകമാണ് മത്സ്യം. തന്റെ പിന്നാലെ പാഞ്ഞ് വരുന്ന ശത്രുക്കളിൽ നിന്ന് രക്ഷപ്പെട്ട് മുന്നോട്ടു കുതിക്കുന്ന മത്സ്യം ചെറുതുകളുടെ അതിജീവനത്തെ സൂചിപ്പിക്കുന്നു. പ്രലോഭനങ്ങളിൽ വഴങ്ങാതെ, സ്വതന്ത്രമായി ജീവിക്കുന്നവനെ വേട്ടയാടിപ്പിടിക്കുന്ന തന്ത്രം തന്നെയാണ് കവിതയിലും കാണുന്നത്.

**Q 2 . സ്വാതന്ത്ര്യവും, സുരക്ഷിതത്വവും ഒരേ സമയം അനുഭവിക്കാനാകില്ല എന്ന തത്വമാണോ മത്സ്യം മുന്നോട്ടു വെയ്ക്കുന്നത് ?**

✅ സ്വന്തം അസ്തിത്വം ഉയർത്തിപ്പിടിച്ച്, സ്വാതന്ത്ര്യബോധത്തോടെ മുന്നേറുന്ന മത്സ്യത്തെയാണ് ടി പി രാജീവൻ തന്റെ കവിതയിൽ നായകനാക്കുന്നത്. തനിക്കു മുന്നേ കടന്നു പോയ തലമുറയുടെ ജീവിതമല്ല മത്സ്യം കൊതിച്ചത്. എല്ലാ ശത്രുക്കളിൽ നിന്നും രക്ഷപ്പെട്ട്, കടൽത്തിരകളോട് പൊരുതി, വേലിയേറ്റങ്ങളെയും, വേലിയിറക്കങ്ങളെയും തരാതരം പോലെ നേരിട്ട് അവൻ ഒഴുക്കിനെതിരെ പൊരുതി നീന്തി. ഇങ്ങനെ വിവിധങ്ങളായ യുദ്ധതന്ത്രങ്ങൾ നെയ്ത് സ്വാതന്ത്ര്യത്തിലേയ്ക്ക് കുതിക്കുമ്പോഴും അവനെ നശിപ്പിക്കാൻ തൊട്ടു പിറകിൽ അവന്റെ ആവാസ വ്യവസ്ഥ തന്നെ തയ്യാറായിക്കൊണ്ടിരുന്നു. ഇന്നത്തെ ലോകത്ത് സ്വാതന്ത്ര്യവും , സുരക്ഷിതത്വവും ശാശ്വതമല്ല എന്നൊരു സൂചന കൂടി കവിത മുന്നോട്ടു വെയ്ക്കുന്നു.

**Q 3 . മത്സ്യം – എന്ന പദം സാമാന്യ വ്യവഹാരത്തിൽക്കവിഞ്ഞ് എന്ത് ആശയതലമാണ് ഈ കവിതയിൽ സൃഷ്ടിക്കുന്നത് ?**

✅ നിരന്തരമായി പോരാട്ടത്തിലേർപ്പെടുന്ന , ജീവിതം തന്നെ ചെറുത്തു നിൽപ്പിന്റെ പ്രതീകമായി മാറുന്ന സാധാരണ മനുഷ്യന്റെ പ്രതീകമാണ് ഈ കവിതയിലെ മത്സ്യം. മനുഷ്യ സ്വാതന്ത്ര്യത്തെ മത്സ്യം പ്രതിനിധീകരിക്കുമ്പോൾ, കടൽ അവനെ നശിപ്പിക്കാൻ ശ്രമിക്കുന്ന സ്വന്തം സമൂഹം തന്നെയാണ്. ഏറ്റുമുട്ടലിൽ ഒറ്റയ്ക്കായിപ്പോകുന്ന വ്യക്തിയുടെ അതിജീവനമാണ് ഈ കവിത. പ്രലോഭനങ്ങളിലും , ചതിക്കുഴികളിലും അകപ്പെടാതെ ഒഴുക്കിനെതിരെ നീന്തി , വലക്കണ്ണികൾ പൊട്ടിച്ചെറിഞ്ഞ് സമർഥനായ ഒരു പോരാളിയെപ്പോലെ അവൻ സ്വാതന്ത്ര്യത്തിലേയ്ക്ക് കുതിക്കുന്നു. മനുഷ്യാവകാശങ്ങളെ ഇല്ലാതാക്കുന്ന മതഭീകരതകളും ഈ കവിതയിൽ കടന്നു വരുന്നു. ചെറിയ ചെറുത്തു നിൽപ്പുകൾക്കും ചരിത്രത്തിൽ അതിന്റേതായ സ്ഥാനം ഉണ്ടെന്ന് കവിത ചൂണ്ടിക്കാട്ടുന്നു. പുതിയ ലോകക്രമത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ഒരു ജനതയുടെ പ്രതീകമാകുന്നു മത്സ്യം

**Q 4 . ഒറ്റപ്പെട്ടു പോകുന്നതിന്റെ അരക്ഷിതാവസ്ഥയും , ഒറ്റക്കാണെങ്കിലും പൊരുതി നിൽക്കാനുള്ള ശ്രമങ്ങളുമാണ് മത്സ്യത്തെ വ്യത്യസ്തനാക്കുന്നത് .. ഈ പ്രസ്താവനയോട് പ്രതികരിക്കുക**

✅ ആധുനിക കവികളിൽ ശ്രദ്ധേയനായ ടി പി രാജീവന്റെ കവിതയാണ് മത്സ്യം. മത്സ്യം എന്ന ചെറു ജീവിയിലൂടെ ഒറ്റപ്പെട്ടു പോകുന്നവന്റെ അരക്ഷിതാവസ്ഥയാണ് കവി ചൂണ്ടിക്കാട്ടുന്നത്. ആ ഒറ്റപ്പെടലിലെ പൊരുതി നിൽക്കലാണ് മത്സ്യത്തെ വ്യത്യസ്തനാക്കുന്നത്. താൻ ജീവിക്കുന്ന വ്യവസ്ഥയ്ക്കുള്ളിൽ നിന്നാണ് ആ പോരാട്ടം. ആർക്കും കീഴ്പ്പെടുത്താനോ , നശിപ്പിക്കാനോ കഴിയാത്ത നിശ്ചയ ദാർഢ്യവും , ചതിയും , വഞ്ചനയും തിരിച്ചറിഞ്ഞ് രക്ഷപെടാനുള്ള സാമർഥ്യവും മത്സ്യത്തിനുണ്ടായിരുന്നു. ഇവിടെയാണ് മത്സ്യം പ്രതീകമായി മാറുന്നത്

തന്നെ വേട്ടയാടിപ്പിടിക്കാൻ ശ്രമിക്കുന്നവയിൽ നിന്നെല്ലാം വഴുതിമാറി മുന്നോട്ടു കുതിക്കാനുള്ള ശേഷി മത്സ്യം നേടിയിരുന്നു. സ്വയം ചെറുതായും , വളഞ്ഞും , വേഗം കൂട്ടിയും വേട്ടക്കാരുടെ ആക്രമണത്തിൽ നിന്നും രക്ഷപെട്ടുകൊണ്ടിരുന്നു. ദുർബലമനുഷ്യരുടെ അതിജീവനം കൂടി മത്സ്യത്തിന്റെ യാത്രയിൽ നമുക്ക് കാണാം. കെട്ടുകാഴ്ചകളുടെ ഇരയാകാനോ , വിപണിക്ക് പിടികൊടുക്കാനോ തയ്യാറാകാതെ മത്സ്യം ആവാസവ്യവസ്ഥയ്ക്കുള്ളിൽ തന്റെ ലോകം കെട്ടിപ്പടുക്കുന്നു. ചെറുതുകളുടെ അതിജീവനം മത്സ്യം തന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കി മുന്നോട്ടു കുതിക്കുന്നു. ഒരേ സമയം പോരാട്ടത്തിന്റെയും ,അതിജീവനത്തിന്റെയും പ്രതീകമാകുന്നു മത്സ്യം.

**Q 5 . മത്സ്യം പ്രതിനിധീകരിക്കുന്ന ചെറുത്തു നിൽപ്പിന്റെയും , പ്രതിരോധത്തിന്റെയും അജയ്യമായ ഭാവങ്ങളെ കവിതയിൽ എങ്ങനെ ആവിഷ്കരിക്കുന്നു ?**

✅ അതിജീവനത്തിന്റെ സാധ്യതകളെ വളരെ നന്നായി സൂചിപ്പിക്കുന്ന കവിതയാണ് ടി പി രാജീവന്റെ മത്സ്യം. ജീവിക്കുന്ന വ്യവസ്ഥകൾക്കുള്ളിൽ നിന്നും , പുറത്ത് നിന്നും , വ്യവസ്ഥയെ തകർത്തു കൊണ്ടും വ്യത്യസ്തമായ പോരാട്ടങ്ങൾ നാം കാണാറുണ്ട്. ചെറുതിന്റെ അതിജീവനമാണ് ഈ കവിത. കടൽത്തിരയോട് ഒറ്റയ്ക്ക് പൊരുതി നിൽക്കാൻ ഇവിടെ മത്സ്യത്തിന് കഴിയുന്നു. എല്ലാ ആക്രമണങ്ങളെയും അത് പ്രതിരോധിക്കുന്നു. ആർക്കും പിടികൊടുക്കാത്ത സ്വതന്ത്ര ബോധമായിരുന്നു മത്സ്യത്തിന്റേത്. മറ്റുള്ളവർക്ക് കീഴ്പ്പെടുത്താനോ , നശിപ്പിക്കാനോ കഴിയാത്ത നിശ്ചയദാർഢ്യവും , ചതിയും , വഞ്ചനയും തിരിച്ചറിഞ്ഞ് രക്ഷപെടാനുള്ള സാമർഥ്യവും മത്സ്യത്തിനുണ്ടായിരുന്നു. ഇവിടെ മത്സ്യം മനുഷ്യജീവിതാവസ്ഥകളുമായി ചേർന്നു പോകുന്ന പ്രതീകാത്മക സ്വഭാവം കൈവരിക്കുന്നു

hssMozhi

വലക്കണ്ണി , ചൂണ്ടക്കൊളുത്ത് , വാസ്തല തുടങ്ങിയ കെണിയുടെയും , ചതിയുടെയും ചിഹ്നങ്ങൾ കവിതയിലുണ്ട്. 'സ്വയം ചെറുതായും , വളഞ്ഞും , വേഗം കൂട്ടിയും വേട്ടക്കാരുടെ ഇത്തരം ആക്രമണങ്ങളിൽ നിന്ന് മത്സ്യം ഓരോ തവണയും രക്ഷപ്പെട്ടു. നിലനിൽക്കുന്ന വ്യവസ്ഥ അതെത്ര പഴകിയതാണെങ്കിലും , വ്യക്തികളെ അതിനുള്ളിൽപ്പെടുത്താൻ കിണഞ്ഞ് പരിശ്രമിക്കും. അപാരമായ ആത്മവിശ്വാസവും , ഇച്ഛാശക്തിയും ഉള്ളവർക്ക് മാത്രമേ അതിൽ നിന്നും കുതറി മാറി മുന്നോട്ടു കുതിക്കാനാകൂ. കടലിനുള്ളിൽ ജീവിക്കുകയും അതേ സമയം പ്രതിരോധത്തിന്റെ എല്ലാ സാധ്യതകളിലൂടെയും മുന്നേറുകയും ചെയ്യുന്നുണ്ട. മത്സ്യം അധികാരത്തിനും , സ്വാർത്ഥലാഭത്തിനും വേണ്ടി നിലനിൽക്കുന്ന ആളല്ല. അതു കൊണ്ട് തന്നെ മത്സ്യത്തെ ഒരു രീതിയിലും കുരുക്കാനാകില്ല

മണൽത്തരിയോളം ചെറുതായി കാണുന്ന മത്സ്യം പൊരുതി നിൽക്കുന്നത് കടൽത്തിരയോടാണ്. താൻ ജീവിക്കുന്ന ചുറ്റുപാടിൽ നിന്നാണ് ഉപ്പളങ്ങളിലേയ്ക്ക് അത് എറിയപ്പെടാൻ പോകുന്നത്. പേരും , പ്രശസ്തിയും നേടിയിട്ടില്ലാത്തതിനാൽ ഒരു കാഴ്ചയിലും അത് വന്നില്ല. കഥയിലെ കഥാപാത്രവുമായില്ല . തന്റെ ആവാസ വ്യവസ്ഥയിൽ അത് ചുട്ടു പഴുത്ത് ഓടിക്കൊണ്ടിരിക്കുന്നു. മരണം പിന്നാലെ ഓടിയിട്ടും അത് അറിയുന്നില്ല. മത്സ്യത്തെ മനുഷ്യന്റ പ്രതിരൂപമായി സങ്കൽപ്പിച്ചാൽ ഭൂമി തന്നെ ഇല്ലാതാവുകയാണ്.. പ്രതികൂല സാഹചര്യങ്ങളെ മറികടക്കുന്നതിന് ഉള്ളിലെ ഊർജത്തെ കരുത്താക്കി കുതിക്കുന്ന മത്സ്യം അതിജീവനത്തിന്റെ പാഠങ്ങൾ തന്നെയാണ് പകർന്നു തരുന്നത്

**Q 6 . ( a ) മത്സ്യം ആർക്കും വഴങ്ങിക്കൊടുക്കാത്ത സ്വാതന്ത്ര്യദാഹിയാണ്**

**( b)ലോകത്തിന് എന്ത് സംഭവിച്ചാലും അതൊന്നും അറിയാതെ തന്റെ കാര്യം നോക്കി ജീവിക്കുന്ന പ്രായോഗികമതിയും , ഒറ്റയാനുമാണ് മത്സ്യം**

**– ഈ രണ്ട് നിരീക്ഷണങ്ങൾ പരിശോധിക്കുക**

✅ കടലിനെയും , മത്സ്യത്തെയും പ്രതീകമാക്കി , മനുഷ്യന്റെ അതിജീവനതന്ത്രങ്ങളെ ആവിഷ്കരിച്ചിരിക്കുന്ന കവിതയാണ് മത്സ്യം. പല രീതികളിൽ ഈ കവിത നമുക്ക് വായിക്കാവുന്നതാണ് ഏതു ചെറുത്തു നിൽപ്പിനെയും ഇല്ലായ്മ ചെയ്യാനുള്ള വിദ്യകൾ പുതിയ ലോകക്രമം ആസൂത്രണം ചെയ്ത് വെച്ചിട്ടുണ്ട്. ഇതിൽ നിന്ന് രക്ഷപെടുക എളുപ്പമല്ല. കടൽത്തിര എത്ര ശ്രമിച്ചിട്ടും മണൽത്തരിയോളം പോന്ന മത്സ്യത്തെ ഇല്ലായ്മ ചെയ്യാൻ കഴിയുന്നില്ല. നിലനിൽപ്പിനു വേണ്ടിയാണ് മത്സ്യത്തിന്റെ പോരാട്ടം. കടൽത്തിരയെ കീഴടക്കാനോ , അതിനു മുകളിൽ ആധിപത്യം സ്ഥാപിക്കാനോ മത്സ്യം ശ്രമിക്കുന്നില്ല.

മനുഷ്യ സ്വാതന്ത്ര്യത്തെയാണ് മത്സ്യം പ്രതിനിധാനം ചെയ്യുന്നത്. ഒരു സമൂഹത്തിന്റെ ഭാഗമായി നിൽക്കുമ്പോഴും തികച്ചും സ്വതന്ത്രനായി നിലനിൽക്കാൻ ശ്രമിക്കുന്ന ചെറുതുകളുടെ പ്രതിനിധിയാണ് ഇതിലെ മൽസ്യം. സ്വന്തം അസ്തിത്വം ഉയർത്തിപ്പിടിച്ച് മുന്നേറുമ്പോഴും , പിറകിൽ അവനെ ദഹിപ്പിക്കാൻ കടൽ പാഞ്ഞെത്തുന്നുണ്ട്. മുന്നിലെ തടസ്സങ്ങളിൽ മാത്രം ശ്രദ്ധയൂന്നി കുതിക്കുന്ന അവനെ നശിപ്പിക്കാൻ ശ്രമിക്കുന്നത് സ്വന്തം ആവാസ വ്യവസ്ഥ തന്നെയാണ്. ഒരു പ്രലോഭനങ്ങളിലും വീഴാത്ത സ്വാതന്ത്ര്യബോധമാണ് ഇവിടെ മത്സ്യത്തിന്റെ കരുത്തായി മാറുന്നത്. ലോകം മുഴുവൻ തനിക്കെതിരെ തിരിയുമ്പോഴും എല്ലാറ്റിൽ നിന്നും രക്ഷപെട്ട് , പുതിയൊരു വ്യവസ്ഥ കെട്ടിപ്പടുക്കാൻ തുനിയുന്ന മത്സ്യം തികഞ്ഞ ഒരു പ്രായോഗികമതി കൂടിയാണ്.



### ടി.പി. രാജീവൻ

മലയാളത്തിലെ ഉത്തരാധുനിക കവികളിൽ ശ്രദ്ധേയൻ, നോവലിസ്റ്റ്. തച്ചംപൊയിൽ രാജീവൻ എന്ന പേരിൽ ഇംഗ്ലീഷിൽ കവിതകളും ലേഖനങ്ങളും എഴുതാറുണ്ട്. 1959 ൽ കോഴിക്കോട് ജില്ലയിലെ പാലേരിയിൽ ജനനം. വാതിൽ, രാഷ്ട്രതന്ത്രം, കോരിത്തരിച്ച നാൾ, വയൽക്കരെ ഇപ്പോഴില്ലാത്ത, പ്രണയശതകം, പാലേരി മാണിക്യം; ഒരു പാതിരാ കൊലപാതകത്തിന്റെ കഥ, കെ.ടി. എൻ. കോട്ടൂർ-എഴുത്തും ജീവിതവും, പുറപ്പെട്ടു പോകുന്ന വാക്ക്, അതേ ആകാശം അതേ ഭൂമി എന്നിവ പ്രധാന കൃതികൾ.

hssMozhi

## ഉത്തരാധുനിക കവിത

പിൽക്കാല മുതലാളിത്തത്തിന്റെ സാംസ്കാരിക യുക്തിയാണ് ഉത്തരാധുനികത എന്നാണ് ഫ്രെഡറിക് ജയിംസൺ എന്ന ചിന്തകൻ അഭിപ്രായപ്പെടുന്നത്. ഉപഭോഗസമൂഹം, മാധ്യമസമൂഹം, ഇലക്ട്രോണിക് സമൂഹം, ഇൻഫർമേഷൻ സമൂഹം തുടങ്ങിയ വിശേഷണങ്ങൾ ഉത്തരാധുനികതയ്ക്ക് നൽകിയിട്ടുണ്ട്. ആധുനികതയ്ക്കുശേഷം ആഗോളവ്യാപകമായി ജീവിതത്തിന്റെ സമസ്ത മേഖലകളെയും സ്വാധീനിച്ച ഒരു സാമൂഹികാവസ്ഥയാണ് ഉത്തരാധുനികത. സമൂഹത്തെയെന്നപോലെ കലകളെയും ഉത്തരാധുനികതയുടെ സാംസ്കാരിക സവിശേഷതകൾ സ്വാധീനിക്കുകയുണ്ടായി. 1990 കൾക്കുശേഷം മലയാള കവിതയിൽ രൂപ-ഭാവതലങ്ങളിൽ സംഭവിച്ച പരിണാമങ്ങൾ ഉത്തരാധുനികതയുടെ കാവ്യസ്വഭാവങ്ങൾ പ്രകടിപ്പിക്കുന്നുണ്ട്.

സൂക്ഷ്മ നിരീക്ഷണം, തുറന്ന ആഖ്യാനം, ഏകകേന്ദ്രത്തിന്റെ അഭാവം, ന്യൂനോക്തി, ലാളിത്യം, ദൃശ്യപരത, പാരഡി, ആധികാരികതയുടെ തിരസ്കാരം, വ്യവസ്ഥാപിത മൂല്യങ്ങളുടെ നിഷേധം, വിഘടിതചിന്തകൾ തുടങ്ങിയ നിരവധി സ്വഭാവങ്ങൾ മലയാളത്തിലെ പുതുകവിതയുടേതായി അടയാളപ്പെടുത്തപ്പെട്ടിട്ടുണ്ട്. കെ.എ.ജയശീലൻ, കെ.ആർ.ടോണി, അൻവർ അലി, പി.രാമൻ, എസ്. ജോസഫ്, ടി.പി. രാജീവൻ, പി.എൻ ഗോപീകൃഷ്ണൻ, വീരാൻകുട്ടി, മോഹനകൃഷ്ണൻ കാലടി തുടങ്ങിയ കവികളാണ് മലയാളത്തിൽ പുതുകവിതാപ്രസ്ഥാനത്തിന്റെ ആദ്യപഥികർ. പിന്നീടിങ്ങോട്ട് നിരവധി കവികൾ നവീനമായ കാവ്യഭാവുകത്വത്തെ ആവിഷ്കരിച്ചുകൊണ്ട് രചനകൾ നിർവഹിക്കുകയുണ്ടായി.

2

പുതിയ കാലത്തിന്റെ പ്രശ്നങ്ങളെ സ
സന്ധവും ഋജുവുമായ രീതിയിൽ അ
മുഖീകരിക്കുന്ന കവിതകൾ മുമ്പെ
ക്കാളുമധികം ജനകീയവും സ്വീകാര്യ
മായി മാറുന്നുണ്ട്. ഇതുവരെ പൊ
ധാരയിൽ ഇടംകിട്ടാതെപോയ അന
വങ്ങളും മനുഷ്യരും പ്രകൃതിയും ഒ
ആലങ്കാരികതകളില്ലാതെ പുതുകവിത
ളിൽ ഇടം നേടുന്നു. മഹാഖ്യാനങ്ങ
ലുള്ള അവിശ്വാസവും ശകലീകരിക്ക
ആശയലോകവും ചെറുതുകളു
അതിജീവനസാധ്യതകളും ന്യൂനേ
ക്തിയും പുതുകവിതകളുടെ മുഖമു
ളാണ്.

വിവരസാങ്കേതികവിദ്യയുടെ വ്യാപ
ബ്ലോഗ്, ഫേസ്ബുക്ക് പോലുള്ള നവ
ധ്യമങ്ങളുടേതും ഓൺലൈൻ പ്രസി
കരണങ്ങളുടേതുമായ പുതിയ തുറ
കൾ സാധ്യമാക്കിയതോടെ സൈ
സ്പേസ് ഉപയോഗപ്പെടുത്തിക്കൊ
ണ്ടുള്ള കവിതകളുടെ സ്വതന്ത്രമാ
ആവിഷ്കാരങ്ങൾ നിരവധിയാണ്. ന
നമായ ഒരു കാവ്യസംസ്കാരവും ഭാ
കത്വചലനവും സൈബർ ഇടത്തി
കവികൾ സൃഷ്ടിക്കുന്നുണ്ട്.

തയ്യാറാക്കിയത് :

ഇന്ദുലേഖ വി , ഗവ . VHSS , കല്പകഞ്ചേരി , മലപ്പുറം

വീഡിയോ ക്ലാസുകൾ കണ്ടതിനുശേഷം നോട്ട് ഉപയോഗിക്കുക .

ഈ പാഠത്തിന്റെ വീഡിയോ ക്ലാസുകൾ : ( 4 ക്ലാസുകൾ )

1 . CLICK HERE

2 . CLICK HERE

SCAN

3 . CLICK HERE

4 . CLICK HERE

hssMozh

പാഠഭാഗവുമായി ബന്ധപ്പെട്ട അധിക വിവരങ്ങൾ ഇവിടെയുണ്ട് :

പ്രതികരണങ്ങൾ ടെലഗ്രാം ഗ്രൂപ്പിൽ രേഖപ്പെടുത്തുക :

## യൂണിറ്റ് -1 കിനാവ് : സമഗ്രാവലോകനം : ( 3 ക്ലാസുകൾ )

1 . CLICK HERE

2 . CLICK HERE

SCAN

3 . CLICK HERE

hssMozhi

പ്രതികരണങ്ങൾ ടെലഗ്രാം ഗ്രൂപ്പിൽ രേഖപ്പെടുത്തുക :

**UNIT : 3**




## യൂണിറ്റ് : 3

## 1 . കാവ്യകാലയെക്കുറിച്ച് ചില നിരീക്ഷണങ്ങൾ , 2 . ഊഞ്ഞാലിൽ , 3 . അനർഘനിമിഷം , 4 . ലാത്തിയും വെടിയുണ്ടയും

## പ്രവേശകം

**Q 1 . "കവിത നൽകുന്നത് കേവലാശയങ്ങളല്ല, അനുഭൂതികളുടെ മായികലോകങ്ങളാണ്". പി.കുഞ്ഞിരാമൻ നായരുടെ ഇരുട്ടിലെ മനുഷ്യൻ എന്ന കവിതാ ഭാഗം നൽകുന്ന വായനാനുഭവങ്ങളെക്കുറിച്ച് ആസ്വാദനക്കുറിപ്പെഴുതുക.** (ഒരു പുറം, സ്കോർ 6 )

hssMozhi

✅ കൃതിയുടെ ആഴത്തിലിറങ്ങി അനുഭൂതിയുടെ വിശാലലോകം കണ്ടെത്തുന്നതാണ് ശരിയായ കാവ്യാസ്വാദനം. പരമ്പരാഗതമായ സാങ്കേതികതകളെയും ചട്ടക്കൂടുകളെയും വലിച്ചെറിഞ്ഞു കൊണ്ടാണ് പുതുവായന സാദ്ധ്യമാകുന്നത്.

വ്യംഗ്യ ഭംഗിയുടെ വിതാനത്തിലേയ്ക്ക് വായനക്കാരനെ എത്തിക്കുന്ന കവിതയാണ് പി.കുഞ്ഞിരാമൻ നായരുടെ ‘ ഇരുട്ടിലെ മനുഷ്യൻ ‘ എന്ന കവിത. ആശയങ്ങൾ കവിതകളാകുമ്പോൾ അതിൽ നവീനഭംഗികൾ വന്ന് ചേരുന്നു. ദുഃഖിതനാണ് കവി. എവിടെയും ആശ്രയമില്ലാതെ ജീവിതം തന്നെ അലച്ചിലായി മാറുന്നു. പ്രകൃതിയെ ആരാധിച്ച കവി തന്റെ നിസ്സഹായാവസ്ഥ ആവിഷ്കരിക്കാൻ പ്രകൃതിയിൽ നിന്ന് തന്നെ പ്രതീകങ്ങൾ കണ്ടെടുക്കുന്നു.

മാറി വരുന്ന ഋതുക്കൾ പ്രേമവേദനകൾ പാകിക്കൊണ്ട് താമരക്കുളങ്ങൾ തൻ വക്കിലെ തോപ്പിലൂടെ പോകുന്നു. ഈ മനോഹര സങ്കല്പത്തിൽ മനുഷ്യ ഭാവം പ്രകൃതിയിലേക്ക് പകർന്നു നൽകുന്നു. പാട്ടിന്റെ തോണിയേറി മെല്ലെത്തുഴയുന്ന പക്ഷികളും പരമാനന്ദത്തിന്റെ അമൃതം തേടി സമാധിയിലായ ഗംഭീരമലകളും മനുഷ്യാവസ്ഥകളുടെ പല മുഖങ്ങളാണെന്നറിയുമ്പോൾ കവിതയ്ക്ക് സവിശേഷമായ ഭാവസൗന്ദര്യം കൈവരുന്നു.

പുറത്താക്കപ്പെട്ട ഒരാളാണ് കവിതയിലെ ആഖ്യാതാവ്. മുൻപ് നടന്ന സംഭവങ്ങളിലുള്ള പശ്ചാത്താപം ഇതിൽ പ്രകടമാണ്. പ്രകൃതിയിൽ നിന്ന് അന്യനാകുന്ന മനുഷ്യന്റെ വേദനയും കവിയെ അലട്ടുന്നു. ചെടികളുടെ വിത്ത് പാകുന്നതു പോലെയാണ് ഋതുക്കൾ പ്രേമവേദന പാകുന്നത്. വിത്തുകൾ മുളച്ച് വലുതാകുന്നതു പോലെ പ്രേമവേദനയും നശിക്കാതെ വളരുന്നു. പാട്ടുപാടി പറക്കുന്ന പക്ഷികൾ ഗാന നൗക തുഴഞ്ഞു പോകുന്നതായി സങ്കൽപ്പിക്കുന്നു. അനക്കമറ്റ് നിൽക്കുന്ന മലകൾ സമാധിയിരിക്കുകയാണ്. മനുഷ്യ മനസ്സിലുണ്ടാക്കുന്ന അസ്വസ്ഥതകളൊന്നും അവയ്ക്കില്ല. ആനന്ദം മാത്രമാണ് അവതേടുന്നത്. കവിതയിൽ മുഴുകുന്നത്, സമാധിയിലെന്നതു പോലെ ആനന്ദം നൽകുന്നു. ധ്യാനാത്മകമായ ആ അന്തരീക്ഷത്തിലേക്ക് അലിഞ്ഞ് ചേർന്ന് കവിതാ സമാധിയിൽ അലിയാൻ

കവിയും കൊതിക്കുന്നു. അശാന്തമായ മനസിൽ നിറയുന്ന വെളിച്ചമാണ് അദ്ദേഹത്തിന് കവിത. പ്രകൃതിയിൽ അലിഞ്ഞ് കവിതയിൽ ധ്യാനസ്ഥനായി പരമാനന്ദമടയാനാണ് കവി ആഗ്രഹിക്കുന്നത്.

വ്യംഗ്യമായ ആശയം സംവേദനം ചെയ്യുന്നതിനായി കവി പ്രകൃതിയിൽ നിന്ന് പ്രതീകങ്ങൾ സ്വീകരിച്ചിരിക്കുന്നു. പ്രകൃതിബിംബങ്ങളിലൂടെ, ദൃശ്യബിംബങ്ങളിലൂടെ അനുവാചകനെ അസാധാരണമായ അനുഭൂതികളുടെ മായികലോകത്തെത്തിക്കുന്നു.

## പാഠസംഗ്രഹം

മലയാളത്തിലെ പ്രമുഖ മനോവിജ്ഞാനീയ നിരൂപകനും പ്രഭാഷകനുമാണ് ശ്രീ. എം എൻ വിജയൻ. മനഃശാസ്ത്രം, തത്ത്വശാസ്ത്രം, സാമൂഹിക ശാസ്ത്രം എന്നിവ സാഹിത്യനിരൂപണത്തിലും സാമൂഹിക വിമർശനത്തിലും പ്രയോഗിച്ചു. നിരൂപണത്തിൽ പുതിയൊരു അപഗ്രഥന രീതി സൃഷ്ടിച്ചു. ചിതയിലെ വെളിച്ചം, ശീർഷാസനം, വാക്കും മനസ്സും തുടങ്ങിയവ പ്രധാന കൃതികൾ. കവിതാനിരൂപണത്തെക്കുറിച്ചും പാരായണത്തെക്കുറിച്ചുമുള്ള പഴയ ധാരണകൾ പൊളിച്ചെഴുതുന്ന ലേഖനമാണ് പാഠഭാഗം.

മാറിയ കാലത്ത് കവിതകൾ വായിക്കേണ്ടത് പുതിയ ഉൾക്കാഴ്ചയോടെയാണെന്ന് ലേഖകൻ പറയുന്നു. കവിതയിൽ ആവിഷ്കരിച്ചിരിക്കുന്ന പദങ്ങളും സന്ദർഭങ്ങളും അതത് കാലത്തെ സാമൂഹികാന്തരീക്ഷവുമായി ബന്ധപ്പെട്ടിരിക്കുന്നു.

പദങ്ങളുടെ നൃത്തമാണ് കവിത. അർത്ഥഗർഭമായി വാക്കുകളെക്കൊണ്ട് നൃത്തം ചെയ്യിക്കലാണ്. പറയാനുള്ളത് നേരെ ചൊവ്വേ പറയുന്നത് കവിതയാകില്ല. ഒന്നിലധികം അർത്ഥം ഒളിച്ചുവെച്ചിരിക്കുന്ന വാക്കുകൾ തിരഞ്ഞെടുത്ത് അദ്ഭുതകരമായി വിന്യസിക്കുന്നതാണ് ഉത്തകവിത.

വൈലോപ്പിള്ളിയുടെ 'സഹ്യന്റെ മകൻ' എന്ന കവിതയിലെ

"പൊൽത്തിടമ്പേറിദ്ദേവൻ

പെരുമാറുമപ്പെരും

മസ്തകകടാഹത്തിൽ

മന്ത്രിപ്പൂ പിശാചുക്കൾ"

എന്ന വരികൾ ഉദ്ധരിച്ചു കൊണ്ട് ലേഖകൻ തന്റെ വാദങ്ങളെ സാധൂകരിക്കുന്നു. കേറ്റിയെഴുന്നള്ളിച്ച ആനയുടെ മദം പൊട്ടി എന്ന ആശയം പ്രകാശിപ്പിക്കാൻ കവി സ്വീകരിച്ചിരിക്കുന്ന പദങ്ങളെ വിശകലനം ചെയ്യാം. ദേവൻ പെരുമാറുന്ന മസ്തകം ഫ്രോയ്ഡിന്റെ സൂപ്പർ ഈഗോയെ ഓർമ്മിപ്പിക്കുന്നു. കാതിൽ പിശാചുക്കൾ മന്ത്രിക്കുന്നത് ഉൽപ്പത്തിക്കഥയിലെ സങ്കൽപ്പത്തെയും കൊണ്ടുവരുന്നു. ഇങ്ങനെ മനഃശാസ്ത്രപരവും പൗരാണികവുമായ മാനങ്ങൾ ഒരുമിച്ചു ചേരുന്നു. ആധുനിക മനുഷ്യന്റെ മാനസികാവസ്ഥയിൽ ആ മൃഗം എത്തിച്ചേരുന്നു.

ലളിതമായ പദങ്ങൾ പ്രാസവും വൃത്തവുമൊപ്പിച്ച് നിരത്തുന്നതായിരുന്നു പഴയ കവിതകൾ. വികസിതമായ വിജ്ഞാനവും അനുഭൂതി മണ്ഡലങ്ങളും കവിതകളെ സങ്കീർണ്ണമാക്കിയിരിക്കുന്നു. കാവ്യങ്ങളുടെ ആവിഷ്കാരത്തിലും ആസ്വാദനത്തിലും നവീനത കൈവന്നിരിക്കുന്നു.

അവ്യവസ്ഥിതത്വം ( **Ambiguity** ) കവിതയുടെ ഏറ്റവും നല്ല ഗുണമായി വിലയിരുത്തപ്പെടുന്നു. അർത്ഥമുള്ളതല്ല, അതിനപ്പുറമുള്ളതാണ് കവിത. വാക്കുകൾ അനേകം അർത്ഥങ്ങളെ നിഷ്പാദിപ്പിക്കണം. പേന , തൂലിക എന്നീ പദങ്ങൾ ഉദാഹരിച്ച് അവ്യവസ്ഥിതത്വം വ്യക്തമാക്കുന്നു. പേന എഴുതാനുള്ള ഉപകരണം മാത്രമേ ആകുന്നുള്ളൂ. അതിൽക്കവിഞ്ഞ ആശയമൊന്നും ആ പദം ഉണ്ടാക്കുന്നില്ല. എന്നാൽ തൂലിക എന്ന വാക്ക് തൂവലിനെ ഓർമ്മിപ്പിക്കുന്നു. അതിരുന്ന പക്ഷി, പറിച്ചെടുക്കുമ്പോഴുണ്ടാകുന്ന വേദന എന്നിങ്ങനെ ഒന്നിലധികം കാര്യങ്ങൾ നിഷ്പാദിപ്പിക്കുന്നു. തൂവലിലൂടെ വിരിയുന്നത് ജീവരക്തം തന്നെയാണ്.

കവികൾ സ്വീകരിക്കുന്ന പദങ്ങൾ, പ്രയോഗിക്കുന്ന ബിംബങ്ങൾ എന്നിവയുടെ അർത്ഥം നിർണയിക്കുന്നത് അതത് കാലത്തെ ചരിത്ര സംഭവങ്ങളാണ്. കല്യാണ സൗഗന്ധികം തുള്ളലിൽ കുഞ്ചൻ നമ്പ്യാർ വാഴപ്പഴങ്ങളെ വൈഡൂര്യവും ഗോമേദകവുമൊക്കെയായി കല്പിക്കുന്നു. എന്നാൽ ചങ്ങമ്പുഴയ്ക്ക് അങ്ങനെ സങ്കല്പിക്കാൻ കഴിയില്ല. മാറിയ സാമൂഹ്യ സാഹചര്യത്തിൽ ജന്മി കുടിയാൻ ബന്ധത്തിലെ അനീതിയുടെ വേദനയാണ് വാഴക്കുല അദ്ദേഹത്തിന് നൽകിയത്. മേഘത്തെ കാളിദാസൻ കാമുകന്റെ സന്ദേശവാഹകനായി കൽപിക്കുന്നു. വള്ളത്തോളാകട്ടെ നൂൽ നൂൽക്കുന്നതിനുള്ള പരുത്തിയായും കാണുന്നു. കവികൾ സ്വീകരിക്കുന്ന പദങ്ങളുടെ അർത്ഥം നിർണയിക്കുന്നത് അതത് കാലഘട്ടത്തെ സാമൂഹിക സാഹചര്യം കൂടിയാണ്. കാർമേഘം ഉത്തരേന്ത്യയിൽ അനുരാഗം ഉണർത്തുന്നു. വർഷത്തിൽ 4–5 മാസം മഴയുള്ള കേരളത്തിൽ കാർമേഘം

hssMozhi

കാണുമ്പോഴെല്ലാ അനുരാഗം തോന്നിയാൽ മറ്റൊന്നിനും നേരം കാണില്ല. എല്ലാവരും ഒരേ പോലെ കാണാത്തതാണ് കവികൾ തിരഞ്ഞെടുക്കുന്ന സിംബലുകൾ.

ഓരോ കവിയും തന്നിഷ്ടം പോലെ പുതിയ ലോകങ്ങൾ നിർമ്മിച്ചു കൊണ്ടേയിരിക്കുന്നു. അനുഭവങ്ങളുടെ നവംനവങ്ങളായ പുതുലോകങ്ങൾ സൃഷ്ടിക്കുന്നവരാണ് മഹാകവികൾ എന്ന് എം.എൻ . വിജയൻ സൂചിപ്പിക്കുന്നു.

**Q 1 . തന്നിഷ്ടം പോലെ ലോകങ്ങൾ സൃഷ്ടിക്കുന്ന കവികളെ നമുക്കിനിയും ആവശ്യമുണ്ട് എന്ന് എം.എൻ വിജയൻ അഭിപ്രായപ്പെടുന്നതിന്റെ യുക്തിയെന്താണ് ?** (നാലോ അഞ്ചോ വാക്യത്തിൽ ഉത്തരമെഴുതുക , സ്കോർ 4 )

സാധാരണ കാഴ്ചകളെ അസാധാരണമായി കാണുകയും ആവിഷ്കരിക്കുകയും ചെയ്യുന്നവരാണ് കവികൾ. അവർ നമ്മുടെ അനുഭവങ്ങളിൽ പുതുതായി ചിലത് കൂട്ടിച്ചേർക്കുന്നു. അതിരുകളില്ലാത്ത അനുഭവങ്ങളുടെ ഒരു ലോകമാണ് സാഹിത്യകൃതികളിലൂടെ വായനക്കാരന് കിട്ടുന്നത്. തങ്ങളുടെ പ്രതിഭകൊണ്ട് കവികൾ പുതുലോകങ്ങൾ സൃഷ്ടിക്കുന്നു. ആനന്ദവർദ്ധനൻ ധ്വന്യാലോകത്തിൽ പറയും പോലെ അനന്തമായ കാവ്യലോകത്തിന്റെ സ്രഷ്ടാവ് കവിയാണ്. അങ്ങനെ പുതുലോകങ്ങൾ തന്നിഷ്ടം പോലെ സൃഷ്ടിച്ച് വായനക്കാരന് നവീന അനുഭവങ്ങളുടെ ലോകം തുറന്നു തരാൻ കഴിയുന്ന കവികൾ ഇനിയും നമുക്കാവശ്യമാണെന്ന് എം.എൻ വിജയൻ സമർത്ഥിക്കുന്നു.

**Q 2 . "പണ്ടത്തെ കവിത പദങ്ങളുടെ ലളിത നൃത്തമായിരിക്കാം. ഇന്നത് പുതിയ വിജ്ഞാനചക്രവാളങ്ങളുടെയും അനുഭവമണ്ഡലങ്ങളുടെയും വികാസത്താൽ സങ്കീർണമായി ത്തീർന്നിരിക്കുന്നു". ഈ അഭിപ്രായത്തിന്റെ സാധുത കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.** ( ഒരു പുറം . സ്കോർ 6 )

കവിതാ നിരൂപണത്തെക്കുറിച്ചും ആസ്വാദനത്തെക്കുറിച്ചും ഉള്ള പഴയധാരണകളെ പൊളിച്ചെഴുതുന്ന ലേഖനമാണ് എം.എൻ വിജയന്റെ , കാവ്യ കലയെക്കുറിച്ച് ചില നിരീക്ഷണങ്ങൾ. കവിതയിൽ ആ വിഷ്കരിക്കുന്ന സന്ദർഭത്തിന്റെയും പ്രതീകത്തിന്റെയും അർത്ഥം അതത് കാലഘട്ടവുമായി ബന്ധപ്പെട്ട് വ്യത്യസ്തമായിരിക്കും. വാക്കുകൾക്ക് കേവലമായ അർത്ഥമല്ല കവിതയിൽ ഉള്ളത്. അർത്ഥത്തിനപ്പുറത്തെ അർത്ഥമുള്ളവയാണ് കവിതയിലെ പദങ്ങൾ.

വൈലോപ്പിള്ളിയുടെ ' സഹ്യന്റെ മകൻ ' എന്ന കവിതയിലെ "പൊൽത്തിടമ്പേറി ദ്ദേവൻ.................. മന്ത്രിപ്പൂ പിശാച്ചുക്കൾ" എന്ന വരികളുദ്ധരിച്ച് എം.എൻ വിജയൻ അത് വിശദമാക്കുന്നു. കേറ്റിയെഴുന്നള്ളിച്ച ആനയുടെ മദം പൊട്ടി – എന്ന വാച്യാർത്ഥത്തിനപ്പുറം തിടമ്പേറ്റുന്ന മസ്തകം ഫ്രോയിഡിയൻ മനഃശാസ്ത്രത്തിലെ സൂപ്പർ ഈഗോയെയും പിശാച്ചുക്കൾ മന്ത്രിക്കുന്നത് ബൈബിൾ ഉൽപ്പത്തിക്കഥയിലെ സർപ്പത്തിനെയും ഓർമ്മിപ്പിക്കുന്നു. ആന എന്ന മൃഗത്തിൽ ആധുനിക മനുഷ്യന്റെ മാനസികാവസ്ഥ കണ്ടെത്താൻ വ്യത്യസ്തമായ വായനയിലൂടെ സഹൃദയന് സാധിക്കുന്നു.

കേവലാർത്ഥങ്ങൾക്ക് അപ്പുറത്താണ് ആധുനിക കവിതകൾ നൽകുന്ന സൂചിതാർത്ഥങ്ങൾ. സാമൂഹിക സന്ദർഭങ്ങളാണ് കാവ്യങ്ങളിലെ പദങ്ങൾക്ക് അർത്ഥം നിർണയിക്കുന്നത്. അനുദിനം വികസിക്കുന്ന വിജ്ഞാനമണ്ഡലങ്ങളും അനുഭൂതി മണ്ഡലങ്ങളും ആധുനിക ജീവിതത്തെ സങ്കീർണമാക്കുന്നു. അത് കവിതയിലും പ്രതിഫലിക്കും. ജീവിതം ലളിതമായിരുന്ന പഴയ കാലത്ത് കവിതയും ലളിതമായിരുന്നു . ഇന്ന് സരസമായ വായനയ്ക്കപ്പുറം സങ്കീർണമായ ആധുനിക ലോകത്തിന്റെ അനുഭവങ്ങൾ ഉൾക്കൊള്ളുന്ന ബഹ്വർത്ഥ സാദ്ധ്യതയുള്ള ഒന്നായി കവിത മാറിക്കഴിഞ്ഞു.

**Q 3 . "അനേകം അർത്ഥങ്ങളെ നിഷ്പാദിപ്പിക്കുന്ന വാഗ് ബിന്ദുക്കളാണ് കവി തിരഞ്ഞെടുക്കുന്നത്". എം.എൻ വിജയന്റെ ഈ നിരീക്ഷണത്തെ മുൻ നിർത്തി വിശകലനക്കുറിപ്പ് തയ്യാറാക്കുക.** ( ഒരു പുറം, സ്കോർ 6 )

എം.എൻ . വിജയന്റെ 'കാവ്യകലയെക്കുറിച്ച് ചില നിരീക്ഷണങ്ങൾ ' എന്ന ലേഖനം കവിതാസ്വാദനത്തെക്കുറിച്ച് പുതിയധാരണകൾ നൽകുന്നു.

സാധാരണ ജീവിതത്തിലുപയോഗിക്കുന്ന ഭാഷയിൽ നിന്ന് വ്യത്യസ്തമാണ് സാഹിത്യ ഭാഷ. ഭാവനാത്മകമായ ഭാഷയാണ് കാവ്യാനുഭൂതിയ്ക്ക് സഹായമാവുക. വാക്കുകളുടെ നൃത്തമാണ് കവിത. പക്ഷേ അത് ശബ്ദത്തിന്റെ നൃത്തമല്ല. വാക്കിൽ ഒളിഞ്ഞിരിക്കുന്ന അർത്ഥത്തിന്റെ നൃത്തമാണ്

hssMozhi

കവിതയെ കൂടുതൽ ആസ്വാദ്യമാക്കുന്നത്. പറയാനുള്ളത് നേരെ ചൊവ്വെ പറഞ്ഞാൽ അത് കവിതയാകില്ല; 'റിപ്പോർട്ട് ' ആവുകയേയുള്ളൂ. നവീനാശയങ്ങളും അനുഭവ ബാഹുല്യവും കൊണ്ടു സങ്കീർണമായ ആധുനിക കാലത്ത് പഴയമട്ടിലുള്ള കാവ്യാസ്വാദനത്തിന് പ്രസക്തി നഷ്ടപ്പെട്ടിരിക്കുന്നു. ആധുനിക ജീവിത സങ്കീർണതകളെ ഉൾക്കൊള്ളാൻ അനേകം അർത്ഥങ്ങൾ ഉല്പാദിപ്പിക്കാനുള്ള പദങ്ങളുടെ സവിശേഷ കഴിവ് കവി പ്രയോജനപ്പെടുത്തുന്നു. ഓരോ വാക്കും അർത്ഥത്തിനപ്പുറമുള്ള അർത്ഥം ഉല്പാദിപ്പിക്കണം. അത്തരം വാക്കുകൾ കവി തിരഞ്ഞെടുത്ത് പ്രയോഗിക്കുന്നു.

പേന എന്ന പദം എഴുതാനുള്ള ഉപകരണം എന്ന അർത്ഥം മാത്രം നൽകുന്നു. എന്നാൽ തൂലിക എന്ന വാക്കിന് തൂവൽ, പക്ഷി, തൂവൽ പറിച്ചെടുക്കുമ്പോഴുണ്ടാകുന്ന വേദന എന്നിങ്ങനെ ഒന്നിലധികം കാര്യങ്ങൾ ഓർമ്മിപ്പിക്കാനാവും. പേന യാന്ത്രികവും തൂവൽ ജൈവികവുമാകുന്നു. ഇത് ആസ്വാദകന്റെ അനുഭൂതി മണ്ഡലത്തെ സ്വാധീനിക്കുന്നു. അതുകൊണ്ടാണ് കവി ബഹുവർത്ഥ സാദ്ധ്യതയുള്ള വാഗ് ബിന്ദുക്കൾ തിരഞ്ഞെടുത്ത് പ്രയോഗിക്കുന്നത്.

**Q 4 . "അവ്യവസ്ഥിതത്വം കവിതയുടെ സ്വഭാവമാണ്. അർത്ഥമുള്ളത് കവിതയല്ല; അതിനപ്പുറമുള്ളതാണ് കവിത". എം.എൻ. വിജയന്റെ ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? സ്വാഭിപ്രായം വിശദമാക്കുക.**
( ഒരു പുറം ,സ്കോർ 6 )

✅ പരമ്പരാഗത രീതിയിൽ നിന്ന് വ്യത്യസ്തമായി കവിത ആസ്വദിക്കുന്നതെങ്ങനെ എന്ന് വിശദീകരിക്കുന്നു എം.എൻ . വിജയൻ. പുതിയ വൈജ്ഞാനിക മുന്നേറ്റങ്ങളുടെ കാലത്ത് രചയിതാവ് നിറച്ചു വെച്ചത് നുകരുക മാത്രമാണ് വായന എന്ന പഴയ ധാരണ മാറ്റേണ്ടതാണ്.

പണ്ട് അവ്യവസ്ഥിതത്വം ( Ambiguity ) ഒരു കാവ്യദോഷമായി കണക്കാക്കിയിരുന്നു. നാനാർത്ഥം ഉണ്ടാക്കുന്നതിനുള്ള വാക്കുകളുടെ ശേഷിയാണ് കവിതയുടെ അവ്യവസ്ഥിതത്വത്തിന് കാരണം. ഇന്ന് ഇത് കവിതയുടെ ഗുണമായി സ്വീകരിച്ചിരിക്കുന്നു. അർത്ഥമുള്ളതല്ല അർത്ഥത്തിനപ്പുറമുള്ളതാണ് കവിത. ബഹുവർത്ഥ സാദ്ധ്യതയാണ് മഹത്തായ കവിതയുടെ ഗുണം. വാക്കിന് ഒരർത്ഥത്തിൽ കവിഞ്ഞ് അർത്ഥമുണ്ടാകണം. കാവ്യരചനയ്ക്കുപയോഗിക്കുന്ന പദങ്ങളുടെ നാനാർത്ഥ സാദ്ധ്യതയാണ് കവിതയ്ക്ക് സവിശേഷ ഭംഗി നൽകുന്നത് എന്ന് ഉദാഹരണ സഹിതം ലേഖകൻ വ്യക്തമാക്കുന്നു.

പേന, തൂലിക എന്നീ പദങ്ങൾ ഉത്പാദിപ്പിക്കുന്ന അർത്ഥവ്യത്യാസങ്ങൾ പരിഗണിച്ചാൽ, പേന എഴുതാനുള്ള ഉപകരണത്തെ ഓർമ്മിപ്പിക്കുന്നു. എന്നാൽ തൂലിക അതുണ്ടാക്കിയ തൂവൽ, തൂവലിരുന്ന പക്ഷി, അത് പറിച്ചെടുത്തപ്പോഴുണ്ടായ നോവ് എന്നിവയെല്ലാം ആസ്വാദക മനസിലെത്തിക്കുന്നു. തൂവലിലൂടെ വിരിയുന്നത് ജീവരക്തം തന്നെയാണെന്ന അനുഭവം കൂടി വായനക്കാരനുണ്ടാകുന്നു. ഒരു വാക്കിൽ നിന്ന് വൈകാരികമായ അനേകം തലങ്ങളിലൂടെ ആസ്വാദക ഹൃദയത്തെ കൂട്ടിക്കൊണ്ടു പോകുന്നതായിരിക്കണം ഉത്തമ കാവ്യങ്ങൾ. അർത്ഥത്തിന്റെ അവ്യവസ്ഥിതത്വവും പദങ്ങളുടെ നാനാർത്ഥസാദ്ധ്യതയും കവിതയുടെ വൈശിഷ്ട്യമാണ് എന്ന അഭിപ്രായത്തോട് പൂർണമായും യോജിക്കുന്നു.

hssMozhi

**Q 5 . കവിതയുടെ അവ്യവസ്ഥിതത്വം എന്ന സ്വഭാവത്തിന് ചരിത്രം ഒരു കാരണമാവാറുണ്ട്. ഉദാഹരണങ്ങൾ സൂചിപ്പിച്ച് സമർത്ഥിക്കുക.** (ഒരു പുറം സ്കോർ 6 )

✅ അവ്യവസ്ഥിതത്വം കവിതയുടെ ഒരു സ്വഭാവമാണ്. കവിയുടെ വ്യക്തിത്വ സവിശേഷത ചരിത്ര പശ്ചാത്തലം ഇതെല്ലാം അവ്യവസ്ഥിതത്വത്തിന് കാരണമാണ്. ഒരേ ലോകത്തെ – തൊഴിലാളിക്കും മുതലാളിക്കും ഒരുപോലെ കാണാനാവില്ല. സമാധാന മേഖലകളിൽ ജീവിക്കുന്നവർ ലോകത്തെ കാണുംപോലെയാവില്ല ഗാസയിലെ ജനങ്ങൾ ലോകത്തെ കാണുന്നത്. കാളിദാസന്റെ മേഘസന്ദേശത്തിൽ മനുഷ്യന്റെ വൈകാരികാവസ്ഥകാളെ ഉൾക്കൊള്ളാൻ കഴിയുന്ന ആത്മ സുഹൃത്തായി മേഘത്തെ കാണുന്നു. യക്ഷന്റ മനസിൽ കാമവികാരം ഉണർത്തുന്ന പശ്ചാത്തലവും മേഘം സൃഷ്ടിക്കുന്നു.

പക്ഷേ വള്ളത്തോൾ എഴുതിയ ' ഖാദി വസനം ധരിക്കുവിനേവരും ' എന്ന കവിതയിൽ മേഘം കവിക്ക് നൂൽ നൂൽക്കാനുള്ള പഞ്ഞിക്കെട്ടായിട്ടാണ് അനുഭവപ്പെടുന്നത്. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിൽ തോൾ ചേർന്ന് നിന്ന വള്ളത്തോൾ വിദേശവസ്തു ബഹിഷ്കരണം , ഖദർ വസ്തു പ്രോത്സാഹനം എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടാണ് ഈ കവിത എഴുതിയത്. ഈ ചരിത്ര സന്ദർഭമാണ് വള്ളത്തോളിന്റെ സമീപനത്തെ മേഘസന്ദേശത്തിൽ നിന്ന് വ്യത്യസ്തമാക്കിയത്. അത് കവിതയിലെ അവ്യവസ്ഥിതത്വത്തിന് കാരണമാവുകയും ചെയ്യുന്നു.

**📍Q 6 . "പറയാനുള്ളത് നേരെ പറഞ്ഞാൽ കവിതയാവില്ല. ആധുനിക കാലത്ത് കവിത സങ്കീർണമായിത്തീർന്നിരിക്കുന്നു." എം.എൻ. വിജയന്റെ ഈ നിരീക്ഷണങ്ങൾ പരിശോധിച്ച് ഉപന്യാസം തയ്യാറാക്കുക.** ( ഒന്നരപ്പുറം . സ്കോർ 8 )

✅ കാവ്യകലയെക്കുറിച്ച് ചില നിരീക്ഷണങ്ങൾ എന്ന ലേഖനത്തിൽ കവിതാ നിരൂപണത്തെക്കുറിച്ചും പുതുവായനയെക്കുറിച്ചുമുള്ള നിരീക്ഷണങ്ങൾ എം.എൻ . വിജയൻ അവതരിപ്പിക്കുന്നു. കേവലം ആസ്വാദനത്തിനപ്പുറം ബൗദ്ധികമായ പ്രവർത്തനം കൂടിയാകുന്ന പുതു കവിതകളുടെ വായന. അത്ര ലളിതമായ പ്രക്രിയ അല്ല.

പദങ്ങളുടെ നൃത്തമാണ് കവിത. പക്ഷേ അത് ശബ്ദഭംഗി കൊണ്ടുള്ള നൃത്തമല്ല. അർത്ഥഗർഭമായ വാക്കുകളെക്കൊണ്ട് നൃത്തം ചെയ്യിക്കലാണ് കാവ്യം. പറയാനുള്ളത് നേരെ ചൊവ്വെ അങ്ങ് പറഞ്ഞാൽ കവിതയാകില്ലേ എന്ന ചോദ്യം മൂഢകാവ്യ സിദ്ധാന്തമാണ്. വാക്കുകൾ ആണ് സാഹിത്യ കലയുടെ മാധ്യമം. ശില്പം നിർമ്മിക്കാൻ കല്ലുപയോഗിക്കുന്നതു പോലെയാണത്. ചലനങ്ങൾക്ക് കൃത്യമായ ലയവും താളവും ഉണ്ടാകുമ്പോൾ മാത്രമാണ് നൃത്തം മനോഹരമാകുന്നത്. അതുപോലെ ഭാഷയിലെ വാക്കുകൾ പരസ്പരം ചേർന്ന് നിൽക്കുമ്പോൾ സവിശേഷമായ കാവ്യാന്തരീക്ഷം ഉണ്ടാകുന്നു. കേവലമായ ആശയങ്ങളെ പദങ്ങളുടെ അസാധാരണമായ ചേർച്ച കൊണ്ട് മഹത്തരമായ സൃഷ്ടിയാക്കി മാറ്റുകയാണ് കവികൾ ചെയ്യുന്നത്.

പരിമിതമായ വാക്കുകൾ കൊണ്ട് സൗന്ദര്യത്തിന്റെ, വൈകാരികതയുടെ ഗോപുരം തീർക്കാൻ കവികൾക്ക് കഴിയുന്നു. പദങ്ങളുടെ ശബ്ദസൗന്ദര്യത്തിനല്ല അർത്ഥത്തിനാണിവിടെ പ്രസക്തി. ഒരുപാട് അനുഭവങ്ങളിലേയ്ക്ക് വായനക്കാരനെ കൂട്ടിക്കൊണ്ടുപോകാൻ കഴിയുന്നതാകണം കവി തിരഞ്ഞെടുക്കുന്ന വാക്ക്.

" എണ്ണം തെറ്റിയ ഓർമ്മകൾ വീണ്ടും

കുന്നിൻ ചെരിവിൽ മാവിൻ കൊമ്പിൽ

ഉണ്ണികളായി ഉറങ്ങിയെണീക്കേ"-(കടമ്മനിട്ട)

hssMozhi

കണ്ണിമാങ്ങ കണ്ടപ്പോൾ കവിയ്ക്ക് പഴയ കാലം ഓർമ്മവരുന്നു. ഇത് വായനക്കാരന്റെ മനസിനെയും ബാല്യത്തിന്റെ അനുഭവങ്ങളിലേക്ക് കൂട്ടിക്കൊണ്ടുപോകും.

ഇന്ന് ജീവിതം പണ്ടത്തെപ്പോലെ ലളിതമല്ല. സങ്കീർണമായ ആനുഭവങ്ങളും വിജ്ഞാന മണ്ഡലങ്ങളും ജീവിതത്തെയും കവിതയെയും സങ്കീർണമാക്കി. തത്ത്വചിന്ത, മനശ്ശാസ്ത്രം, ചരിത്രം തുടങ്ങിയവ നൽകുന്ന പുതിയ ഉൾക്കാഴ്ചകളുപയോഗിച്ചാണ് മാറിയ കാലത്ത് കവിതകൾ വായിക്കേണ്ടത്.

"പൊൽത്തിടമ്പേറിദ്ദേവൻ

പെരുമാറുമപ്പെരും


മസ്തക കടാഹത്തിൽ

മന്ത്രിപ്പൂ പിശാചുക്കൾ"

(സഹ്യന്റെ മകൻ)

കേറ്റിയെഴുന്നള്ളിച്ച ആനയുടെ മദം പൊട്ടി – എന്ന ആശയമാണിവിടെ പ്രസ്തുതം. എന്നാൽ തിടമ്പേറ്റിയ ആനയുടെ കഥ മാത്രമല്ല ഇവിടെ സൂചിതം. ദേവൻ പെരുമാറുന്ന മസ്തകം ഫ്രോയിഡിയൻ മനഃശാസ്ത്രത്തിലെ സൂപ്പർ ഈഗോയെ ഓർമ്മിപ്പിക്കുന്നു. കാതിൽ പിശാചുക്കൾ മന്ത്രിക്കുന്ന എന്നിടത്ത് ഉൽപ്പത്തിപ്പുസ്തകവും ഹവ്വയുടെ കാതിൽ മന്ത്രിച്ച സർപ്പവും ഓർമ്മയിൽ വരുന്നു. അങ്ങനെ മനഃശാസ്ത്രപരവും പൗരാണികവുമായ ഒരു തലത്തിലേയ്ക്ക് ആസ്വാദനത്തെ എത്തിക്കുന്നു. അർത്ഥത്തിനപ്പുറമുള്ള ഈ അർത്ഥമാണ് ആ കവിതയെ കവിതയാക്കുന്നത്. വാച്യാർത്ഥത്തെക്കാൾ വ്യംഗ്യാർത്ഥമാണ് കാവ്യത്തെ സവിശേഷമാക്കുന്നത്. ധ്വനിയും വ്യംഗ്യവും കവി തിരഞ്ഞെടുക്കുന്ന വാക്കുകളെ ആശ്രയിച്ചിരിക്കുന്നു.

പഴയമട്ടിലുള്ള വായനയിൽ നിന്നു വ്യത്യസ്തമായി പല വിധ മാനങ്ങളിൽ വായിക്കുന്നതിനുള്ള അവസരം നൽകുന്ന കൃതികളാണ് കാവ്യാനുഭൂതിയ്ക്ക് സഹായകമെന്നും ലേഖകൻ കരുതുന്നു. ജീവിതം ലളിതമായിരുന്ന പൂർവ്വ കാലത്തിൽനിന്ന് വ്യത്യസ്തമായി ആധുനിക കാലത്ത് ജീവിതം സങ്കീർണമാണ്. അതുകൊണ്ട് തന്നെ ജീവിതങ്ങിന്റെ പ്രതിഫലനങ്ങൾ ഉൾക്കൊള്ളുന്ന കവിതയും അതിന്റെ വായനയും സങ്കീർണമാവാതെ തരമില്ല എന്ന് എം.എൻ. വിജയൻ സമർത്ഥിക്കുന്നു.



### എം.എൻ. വിജയൻ

മലയാളത്തിലെ പ്രമുഖ മനോവിജ്ഞാനീയ നിരൂപകനും പ്രഭാഷകനും. ചരിത്രം, സാമൂഹികശാസ്ത്രം, തത്ത്വശാസ്ത്രം, മനശ്ശാസ്ത്രം എന്നിവ സാഹിത്യനിരൂപണത്തിലും സാമൂഹികവിമർശനത്തിലും പ്രയോഗിച്ച് മലയാളത്തിൽ പുതിയ അപഗ്രഥനരീതി സൃഷ്ടിച്ചു. 1930 ജൂൺ 8ന് തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂരിൽ ജനിച്ചു. മരണം 2007 ഒക്ടോബർ 3ന്. ചിതയിലെ വെളിച്ചം, മനുഷ്യർ പാർക്കുന്ന ലോകങ്ങൾ, മരുഭൂമികൾ പൂക്കുമ്പോൾ, കവിതയും മനശ്ശാസ്ത്രവും, ശീർഷാസനം, അടയുന്ന വാതിൽ തുറക്കുന്ന വാതിൽ, വാക്കും മനസ്സും, ഫാഷിസത്തിന്റെ മനശ്ശാസ്ത്രം മുതലായവ പ്രധാന കൃതികൾ.


തയ്യാറാക്കിയത് :

കൃഷ്ണകുമാരി എസ് എസ് , GGHSS, പേരൂർക്കട , തിരുവനന്തപുരം


വീഡിയോ ക്ലാസുകൾ കണ്ടതിനുശേഷം നോട്ട് ഉപയോഗിക്കുക .

ഈ പാഠത്തിന്റെ വീഡിയോ ക്ലാസുകൾ : ( 2 ക്ലാസുകൾ )

1 . CLICK HERE

SCAN

2 . CLICK HERE

പാഠഭാഗവുമായി ബന്ധപ്പെട്ട അധിക വിവരങ്ങൾ ഇവിടെയുണ്ട് :

പ്രതികരണങ്ങൾ ടെലഗ്രാം ഗ്രൂപ്പിൽ രേഖപ്പെടുത്തുക :

hssMozhi




## പാഠസംഗ്രഹം

ദാമ്പത്യ ജീവിതത്തിന്റെ സാർത്ഥകതയെയും നിരർത്ഥകതയെയും കുറിച്ച് ഒരേപോലെ പാടിയ കവിയാണ് വൈലോപ്പിള്ളി ശ്രീധരമേനോൻ. ദാമ്പത്യത്തിന്റെ മനോഹാരിതയും അനുരാഗത്തിന്റെ സൗന്ദര്യവും അവതരിപ്പിക്കുന്ന കവിതയാണ് "ഊഞ്ഞാലിൽ". യൗവനകാലത്തെ അനുരാഗത്തെ വാർദ്ധക്യകാലത്ത് ഒരു തിരുവാതിരനാളിൽ അനുസ്മരിക്കുന്ന വിധത്തിൽ എഴുതപ്പെട്ട കവിതയാണിത്. ജീവിതത്തെ ഓരോ മാത്രയിലും പ്രത്യാശയോടെ സമീപിക്കാൻ ഈ കവിത പ്രേരിപ്പിക്കുന്നു. കവിതയിൽ ഒരു യുദ്ധകാല പശ്ചാത്തലവും നിഴൽ വീഴ്ത്തുന്നു. ഒരു യുദ്ധത്തിനും ദുരന്തത്തിനും മാനവികതയെ തകർത്തു കളയാനാവില്ലെന്നും അത് അതിജീവിക്കുക തന്നെ ചെയ്യുമെന്നും കവി പ്രത്യാശിക്കുന്നു. തിരുവാതിരയുടെ പശ്ചാത്തലം "ഊഞ്ഞാലിൽ" എന്ന കവിതയുടെ ഭാവഭംഗിയ്ക്ക് മാറ്റ് കൂട്ടുന്നു. ദാമ്പത്യജീവിതത്തിന്റെ ഭദ്രതയും പൊരുത്തവും ദൃഢതയും പ്രഖ്യാപിക്കുന്ന കവിതയിൽ, ഗ്രാമീണ ജീവിതത്തിന്റെ നന്മകളും കവി വരച്ചു കാട്ടുന്നു.

**Q 1. "ഊഞ്ഞാലിൽ എന്ന തലക്കെട്ട് കവിതയ്ക്ക് എത്രമാത്രം ഉചിതമാണ്. പരിശോധിക്കുക?**
(നാലോ അഞ്ചോ വാക്യത്തിൽ ഉത്തരം എഴുതുക. സ്കോർ 4 )

✅ തിരുവാതിരയും തിരുവാതിര രാത്രിയിലെ ഊഞ്ഞാലാട്ടവും പ്രതിപാദ്യമായതുകൊണ്ട് പ്രഥമദൃഷ്ടിയിൽത്തന്നെ ഈ കവിതയ്ക്ക് ഊഞ്ഞാലിൽ എന്ന ശീർഷകം അനുയോജ്യമാണ്. മറ്റ് ചില യുക്തികൾ കൂടി ആ ശീർഷകത്തിനുണ്ട്. ഭൂതകാലവും വർത്തമാനകാലവും ഈ കവിതയിൽ കയറിലെ ഇഴകൾ എന്നപോലെ പരസ്പരം കെട്ടുപിണഞ്ഞുകിടക്കുന്നുണ്ട്. വർത്തമാന കാലത്ത് നിന്ന് ഭൂതകാലത്തിലേക്കുള്ള ഒരു ഊഞ്ഞാലാട്ടം കൂടിയാണ് ഈ കവിത. കവിതയിൽ അവതരിപ്പിക്കുന്ന ജീവിതവും സുഖ ദുഃഖങ്ങൾക്കിടയിലെ ഊഞ്ഞാലാട്ടമാണ്. സുഖത്തിൽ നിന്ന് ദുഃഖത്തിലേക്കും ദുഃഖത്തിൽ നിന്നും സുഖത്തിലേക്കുമുള്ള നിലയ്ക്കാത്ത ഊഞ്ഞാലാട്ടം. ഇതുകൊണ്ടെല്ലാം തന്നെ "ഊഞ്ഞാലിൽ എന്ന ശീർഷകം കവിതയ്ക്ക് വളരെയേറെ ഉചിതമാണ്.

**Q 2. "അങ്ങിനെയിരുന്നാലും, ഈയൂഞ്ഞാൽ പടിയിന്മേൽ–**
**ത്തങ്ങിന ചെറു വെള്ളിത്താലി പോലിരുന്നാലും"**
**ഊഞ്ഞാലിൽ എന്ന കവിതയിലെ ഈ വരികൾക്ക് സന്ദർഭത്തിൽ കൈവരുന്ന സവിശേഷമായ അർത്ഥമെന്താണ്? കുറിപ്പ് തയ്യാറാക്കുക?** (നാലോ അഞ്ചോ വാക്യം. സ്കോർ 4 )

✅ വൈലോപ്പിള്ളിയുടെ ഊഞ്ഞാലിൽ എന്ന കവിതയിൽ, ഊഞ്ഞാൽപ്പടിയിലിരിക്കുന്ന ഭാര്യയെ വളരെ മനോഹരമായൊരു പ്രതീകത്തിലൂടെ കവി ആവിഷ്കരിക്കുന്നു. ഭാര്യയുടെ ഇരിപ്പ് മംഗല്യ

ചിഹ്നമായ വെള്ളിത്താലി പോലെയാണ്. ഊഞ്ഞാലിൽ അവർ ഇരിക്കുന്നതും താലിച്ചരടിൽ വെള്ളിത്താലി കൊരുത്തിരിക്കുന്നതും തമ്മിലുള്ള രൂപപരമായ സാദൃശ്യം ഈ വരികളെ സൗന്ദര്യാത്മകമാക്കുന്നു. മംഗല്യ ചിഹ്നമായ താലിയെ ഈ സവിശേഷമായ സന്ദർഭത്തിലേക്ക് കൊണ്ടു വന്നത് ദാമ്പത്യത്തിന്റെ ദൃഢതയെ കെട്ടിയുറപ്പിക്കുന്നു. ഇപ്പോൾ സ്ഥൂല ശരീരിണിയാണെങ്കിലും വെള്ളിത്താലിയുടെ ഭംഗി ഭാര്യയ്ക്കിപ്പോഴുമുണ്ടെന്നു കൂടെ ഭർത്താവിവിടെ സൂചിപ്പിക്കുന്നു. വർദ്ധക്യത്തിലും അണയാത്ത അനുരാഗമാണ് ഈ വരികളിൽ തെളിഞ്ഞു കത്തുന്നത്.

**Q 3 . "കൊലക്കുടുക്കാക്കാവുന്ന കയറിനെ ഊഞ്ഞാലാക്കിത്തീർക്കാൻ കഴിയും എന്ന അരനൂറ്റാണ്ടു മുൻപത്തെ ദർശനം വർത്തമാനകാലത്തും പ്രസക്തമാണ്" – അഭിപ്രായക്കുറിപ്പ് തയാറാക്കുക.** (നാലോ അഞ്ചോ വാക്യം. സ്കോർ 4 )

✅ ദുരന്തങ്ങളെ അതിജീവിച്ച് മുന്നേറുന്ന മനുഷ്യന്റെ മഹത്വം വാഴ്ത്തിയ കവിയാണ് വൈലോപ്പിള്ളി .ആത്മഹത്യക്കും വധശിക്ഷയ്ക്കും ഉപകരണമാക്കാൻ കഴിയുന്ന കയറുകൊണ്ട് ഊഞ്ഞാൽ ഉണ്ടാക്കാൻ പറ്റിയാൽ അതാണ് ജയം എന്ന ദർശനം മുന്നോട്ട് വെച്ച കവിതയാണ് വൈലോപ്പിള്ളിയുടെ 'ഊഞ്ഞാലിൽ'. നൂറ്റാണ്ടുകൾ എത്ര കഴിഞ്ഞാലും പ്രചോദനാത്മകവും പ്രസാദാത്മകവുമായ ഈ ദർശനത്തിന് പ്രസക്തിയുണ്ട്. സംഹാരത്തിനുതകുന്ന വസ്തുക്കളെ എങ്ങനെ സൃഷ്ടിക്കുള്ള ഉപകരണമാക്കാം എന്ന സർഗ്ഗാത്മക ചിന്തയാണിത്. ഇത്തരത്തിൽ നന്മയുള്ള ചിന്തകൾ എല്ലാ കാലഘട്ടത്തിനും ആവശ്യമാണ്. ആ സർഗാത്മക ചിന്ത ഉള്ളത് കൊണ്ടാണല്ലോ മനുഷ്യരാശിയെ മുഴുവൻ നശിപ്പിക്കാവുന്ന അണുബോംബ് ഉണ്ടാക്കാൻ കഴിയുന്ന ആണവ ശക്തിയിൽനിന്ന് ലോകത്തിനു മുഴുവൻ വെളിച്ചം പകരുന്ന വൈദ്യുതി ഉണ്ടാക്കാനും മനുഷ്യന് സാധിച്ചത്.

**Q 4 . തിരുവാതിരയുടെ പശ്ചാത്തലം "ഊഞ്ഞാലിൽ" എന്ന കവിതയ്ക്ക് നൽകുന്ന ഭാവഭംഗി വിശകലനം ചെയ്യുക** (ഒരു പുറം ,സ്കോർ 6 )

✅ കാല്പനിക സൗന്ദര്യം തികഞ്ഞ ഒരു നാടകീയ സ്വഗതാഖ്യാനമാണ് ഊഞ്ഞാലിൽ എന്ന കവിത. വാർദ്ധക്യത്തിൽ ഒരു തിരുവാതിര രാത്രിയിൽ ഭാര്യയോട് ഭർത്താവ് സംസാരിക്കുന്ന മട്ടിലാണ് ഈ കവിതയുടെ ആഖ്യാനരീതി. കവിതയിലുടനീളം തിരുവാതിരയും തിരുവാതിരയുമായി ബന്ധപ്പെട്ട പ്രതീകങ്ങളും കടന്നു വരുന്നുണ്ട്. മഞ്ഞിൽ കുളിരണിഞ്ഞ് നിലാവിൽ സ്വപ്നം കണ്ടു മയങ്ങുന്ന ആതിര രാവിന്റെ മായിക ഭംഗിയും മാമ്പൂമണവും കവിതയ്ക്ക് കാല്പനിക സൗന്ദര്യം നൽകുന്നു. പ്രണയഭരിതമായ വാർദ്ധക്യവും ദാമ്പത്യവും വിഷയമായ കവിതയ്ക്ക് ആ പശ്ചാത്തലം വളരെ ഉചിതമാണ്. തിരുവാതിര രാവിനെ ആഘോഷമാക്കുന്ന വെറ്റിലമുറുക്കും ഊഞ്ഞാലാടലും കൈ കൊട്ടിക്കളിപ്പാട്ടുമെല്ലാം ദാമ്പത്യത്തിന്റെ മനോഹാരിതയും അനുരാഗത്തിന്റെ സൗന്ദര്യവും വ്യക്തമാക്കുന്ന സൂചകങ്ങളാകുന്നു. ഈ സൂചകങ്ങളിലൂടെ പ്രകൃതിയുടെ സൗന്ദര്യം മനുഷ്യജീവിതത്തിന്റെ സൗന്ദര്യമായി മാറുന്നു.

**Q 5 . "ഗ്രാമീണ ജീവിതത്തിന്റെ നന്മകൾ ഹൃദയത്തിൽ സൂക്ഷിക്കുന്ന കവിയാണ് വൈലോപ്പിള്ളി". "ഊഞ്ഞാലിൽ" എന്ന കവിതയെ ആസ്പദമാക്കി ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക.**
(ഒരു പുറം, സ്കോർ 6 )

✅ ഗ്രാമീണതയിലാണ് ജീവിതത്തിന്റെ വേരുറപ്പുള്ളതെന്ന് പാടിയ കവിയാണ് വൈലോപ്പിള്ളി ശ്രീധരമേനോൻ. എവിടെ ജീവിച്ചാലും ഗ്രാമത്തിന്റെ മണവും മമതയും ഇത്തിരിക്കൊന്നപ്പൂവും എന്നും മനസിൽ സൂക്ഷിക്കണം എന്ന് ഓർമ്മിപ്പിച്ച കവിയാണദ്ദേഹം . "ഊഞ്ഞാലിൽ" എന്ന കവിതയിലും ഗ്രാമ ജീവിതത്തിന്റെ ഈ പ്രസാദാത്മകത കവി ഉയർത്തിക്കാട്ടുന്നുണ്ട്. കവിയുടെ പുതു തലമുറ ദൂരെ മഹാനഗരത്തിൽ കുടിയേറിക്കഴിഞ്ഞു. എന്നാലും തിരുവാതിരപ്പെണ്ണിന് ഊഞ്ഞാലാടാൻ അമ്പിളി വെട്ടം നിറഞ്ഞൊഴുകുന്ന ആയിരം കാലുള്ള നൃത്തമണ്ഡപമായ ഗ്രാമം തന്നെയാണ് നല്ലതെന്ന് കവി വിശ്വസിക്കുന്നു. തിരുവാതിരയുടെ കാല്പനിക ലാവണ്യവും ഗ്രാമനിലാവിന്റെ തെളിമയും ഗ്രാമത്തിലെ വൃക്ഷ സമൃദ്ധിയും മകൾ കുടിയേറിയ നഗരത്തിന് അന്യമാണ്. ജീവിത ദുഃഖത്തിനിടയിലും വേരുറപ്പോടെ നിൽക്കുന്ന ജീവിതോല്ലാസം നാട്ടിൻപുറത്തിന്റെ സവിശേഷതയായി കവി കാണുന്നു. ഗ്രാമ ജീവിതത്തെക്കുറിച്ച് ഒരു വിശുദ്ധ സങ്കല്പമാണ് കവി അവതരിപ്പിക്കുന്നത്. ജീവിതത്തിന്റെ കരുത്തും സൗന്ദര്യവും ഗ്രാമത്തിലാണ് കാണാൻ കഴിയുക എന്ന ദർശനം "ഊഞ്ഞാലിൽ" എന്ന കവിതയിലും കവി അവതരിപ്പിക്കുന്നു.

hssMozhi

💡**Q 6 . “നിയമം നിറവേറ്റലെത്രയിദ്ദാമ്പത്യത്തിൽ / നയമെത്രയാണഭിനയമെത്രയാണെന്നോ" (കണ്ണീർപ്പാടം)**

**മുകളിൽ കൊടുത്ത കാവ്യഭാഗത്തിലെ ജീവിതദർശനം തന്നെയാണോ 'ഊഞ്ഞാലിൽ' എന്ന കവിതയിലും വൈലോപ്പിള്ളി ആവിഷ്കരിക്കുന്നത്?** (ഒരു പുറം, സ്കോർ 6 )

✅ മനസ് കാല്പനികതയിലേക്ക് വഴുതി വീഴുമ്പോഴും ജീവിതക്കടലാണ് കവിതയുടെ മഷിപ്പാത്രം എന്ന് പ്രഖ്യാപിച്ച കവിയാണ് വൈലോപ്പിള്ളി. വിപരീതങ്ങളുടെ ഈ സംഘർഷം അദ്ദേഹത്തിന്റെ കവിതകളിൽ ഉടനീളം കാണാം. അതിന് ഏറ്റവും നല്ല ഉദാഹരണമാണ് കണ്ണീർപ്പാടം, ഊഞ്ഞാലിൽ എന്നീ കവിതകൾ.

കണ്ണീർപ്പാടം കവിയുടെ ദാമ്പത്യത്തിന്റെ യഥാർത്ഥ ചിത്രമാണ്. ഊഞ്ഞാലിൽ പ്രണയ ദാമ്പത്യങ്ങളെക്കുറിച്ചുള്ള കവിയുടെ സ്വപ്നവും. ഊഞ്ഞാലിൽ എന്ന കവിതയ്ക്ക് നേർവിപരീതമാണ് 'കണ്ണീർപ്പാടം' എന്ന കവിതയിൽ വൈലോപ്പിള്ളി അവതരിപ്പിക്കുന്ന ദാമ്പത്യസങ്കല്പം. ദാമ്പതിമാർ തമ്മിലുള്ള പൊരുത്തക്കേടും ശീത സമരവും ദാമ്പത്യത്തെ, മുറിച്ചു കടക്കാനാവാത്ത 'കണ്ണീർപ്പാടം' ആക്കുന്നു. ദാമ്പത്യത്തിലെ പൊരുത്തക്കേടുകൾ ഒന്നൊന്നായി എണ്ണിപ്പറഞ്ഞ് അവർ പരസ്പരം ഒറ്റപ്പെട്ടിരിക്കുന്നു. അവർക്ക് ദാമ്പത്യം ആരെയോ ബോധിപ്പിക്കാനുള്ള അഭിനയം നിറഞ്ഞ ഒരു ചടങ്ങായി മാറിയിരിക്കുന്നു. ഒരുമിച്ച് ജീവിക്കുമ്പോഴും അവർ പരസ്പരം ഒറ്റപ്പെട്ടവരാണ്. എങ്കിലും കവിതയുടെ അവസാനം ഒന്നിച്ചു മുന്നേറാനുള്ള മുന്തിയ സന്ദർഭങ്ങൾ അവർ കണ്ടെത്തുന്നുണ്ട്. അയൽപക്കത്തെ പാവപ്പെട്ട സ്ത്രീകളുടെ പാട്ടാണ് 'ഊഞ്ഞാലി'ലെ ദമ്പതികളെ യൗവ്വനകാലത്തെ അനുരാഗത്തിലേക്ക് തിരിച്ചുകൊണ്ടു പോകുന്നതെങ്കിൽ, പരസ്പരം താങ്ങാവുന്ന ഗ്രാമീണ ദമ്പതികളാണ് 'കണ്ണീർപ്പാട'ത്തിലെ കലഹിച്ചു നിൽക്കുന്ന ദമ്പതികൾക്ക് ജീവിതമാകുന്ന തോട് കടക്കാനുള്ള മാതൃക കാട്ടുന്നത്. വാർദ്ധക്യത്തിലും പരസ്പരം താങ്ങും തണലുമായി നിൽക്കേണ്ട ദാമ്പത്യ ബന്ധത്തിന്റെ ഭദ്രതയും പൊരുത്തവും ദൃഢതയും പ്രഖ്യാപിക്കുന്ന കവിതയാണ് 'ഊഞ്ഞാലിൽ' എങ്കിൽ ദമ്പതികൾ തമ്മിലുള്ള വൈരുദ്ധ്യവും സംഘർഷവും ശക്തമായി അവതരിപ്പിക്കുന്ന കവിതയാണ് 'കണ്ണീർപ്പാടം'. എങ്കിലും പരസ്പരം കലഹിക്കുന്നതിനു പകരം ഒന്നിച്ചു കൈപിടിച്ച് നീങ്ങിയാൽ ജീവിതമെന്ന വിഷമകരമായ പദപ്രശ്നം എളുപ്പത്തിൽ പരിഹരിക്കാനാകുമെന്ന ദർശനത്തിൽ 'കണ്ണീർപ്പാടം' എന്ന കവിതയും അവസാനം എത്തിച്ചേരുന്നുണ്ട് .

hssMozhi

💡**Q 7 . “കവിതയിൽ ഒരർഥമല്ല, അനേകം അർഥങ്ങളെ നിഷ്പാദിപ്പിക്കുന്ന വാഗ്ബിന്ദുക്കളാണ് കവി തിരഞ്ഞെടുക്കുന്നത്". ഒരേ മാനത്ത് പ്രത്യക്ഷപ്പെടുന്ന വിമാനവും തിരുവാതിര നക്ഷത്രവും ഏതേത് അർഥസാധ്യതകളിലേക്കാണ് നയിക്കുന്നത്? മേൽക്കൊടുത്ത പ്രസ്താവനയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുക.** (ഒരു പുറം, സ്കോർ 6 )

✅ ഏത് ദുരന്തത്തെയും അതിജീവിച്ച് മുന്നേറുന്ന മനുഷ്യന്റെ മഹത്വത്തെ വാഴ്ത്തിയ കവിയാണ് വൈലോപ്പിള്ളി. മാനവികതയുടെ കവിയെന്ന് അദ്ദേഹത്തെ വിലയിരുത്തുന്നത് അതുകൊണ്ടാണ്. വാക്കുകളുടെ സൂക്ഷ്മമായ തിരഞ്ഞെടുപ്പിലും വൈലോപ്പിള്ളി ഏറെ ശ്രദ്ധിച്ചിട്ടുണ്ട്.

ഒരേ മാനത്ത് പ്രത്യക്ഷപ്പെടുന്ന വിമാനവും തിരുവാതിര നക്ഷത്രവും വ്യത്യസ്ത അർത്ഥ സാധ്യതകൾ നൽകുന്ന തരത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. തിരുവാതിര നക്ഷത്രം കവിതയിൽ സ്നേഹത്തിന്റെയും പ്രത്യാശയുടെയും അതിജീവനത്തിന്റെയും അടയാളമാണ്. യുദ്ധവിമാനം നാശത്തിന്റെ പ്രതീകവും. പക്ഷേ വിനാശമല്ല, സൃഷ്ടിയെ പ്രതിനിധീകരിക്കുന്ന സ്നേഹമാണ് അന്തിമമായി നിലനിൽക്കുക. സംഹാരത്തിന്റെ പ്രതീകമായ യുദ്ധവിമാനം ഒരു ദുസ്വപ്നം പോലെ പോയി മറയും. സ്നേഹത്തിന്റെയും പ്രത്യാശയുടേയും പ്രത്യേകമായ തിരുവാതിര നക്ഷത്രം വീണ്ടും കടന്നുവരും. തിരുവാതിരപ്പാട്ടുകൾ വീണ്ടും ഉയരും. കൊലക്കുടുക്കാക്കാൻ പറ്റുന്ന കയർ ഊഞ്ഞാലാക്കി മനുഷ്യർ അതിൽ ഇരുന്നാടും. മനുഷ്യൻ ഏത് ദുരന്തത്തെയും അതിജീവിക്കും. എന്നിങ്ങനെ നിരവധി അർത്ഥതലങ്ങൾ ഒരേ മാനത്ത് പ്രത്യക്ഷപ്പെടുന്ന വിമാനവും തിരുവാതിര നക്ഷത്രവും നമ്മളിലേക്ക് എത്തിക്കുന്നു.

നാനാർത്ഥ സാധ്യതയുള്ള വാക്കുകളും സൂചകങ്ങളും ഇങ്ങനെ സൂക്ഷ്മതയോടെ തിരഞ്ഞെടുക്കുന്നതു കൊണ്ടാണ് വൈലോപ്പിള്ളിയുടെ കവിത കാച്ചിക്കുറുക്കിയതാവുന്നത്.

📍**Q 8 . കാലം പോകെ കൂടുതൽ ദൃഢവും ആഹ്ലാദപ്രദവുമായിത്തീരുന്ന ദാമ്പത്യബന്ധത്തിന്റെ ഹൃദ്യമായ ആവിഷ്കാരമാണ് 'ഊഞ്ഞാലിൽ', ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? പ്രതികരണക്കുറിപ്പ് തയാറാക്കുക.** (ഒരു പുറം, സ്കോർ 6 )

☑️ കാല്പനികതയുടെ നിലാവിൽ കിനാവ് കാണുകയും ജീവിതയാഥാർത്ഥ്യങ്ങളെ സത്യസന്ധമായി ആവിഷ്കരിക്കുകയും ചെയ്ത കവിയാണ് വൈലോപ്പിള്ളി.

പ്രണയത്തെക്കുറിച്ചും ദാമ്പത്യത്തെക്കുറിച്ചുമുള്ള കവിയുടെ കാല്പനിക സ്വപ്നങ്ങളാണ് ഊഞ്ഞാലിൽ എന്ന കവിത. കവിയുടെ യൗവന തീക്ഷ്ണമായ പ്രായത്തിൽ വാർദ്ധക്യത്തിലെ ദാമ്പത്യത്തെയും പ്രണയത്തെയും ഭാവന ചെയ്ത് എഴുതിയ കവിതയാണിത്. കാലം കഴിയുമ്പോൾ  ദാമ്പത്യബന്ധങ്ങൾ ചിലപ്പോഴെങ്കിലും വിരസമായിത്തീരുകയും ജീവിതം സംഘർഷഭരിതമാവുകയും ചെയ്യാറുണ്ട്. എന്നാൽ കാലം പോകെ കൂടുതൽ ദൃഢവും ആഹ്ലാദപ്രദവുമായിത്തീരുന്ന ദാമ്പത്യബന്ധത്തെയാണ് ഊഞ്ഞാലിൽ എന്ന കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നത്. ഊഞ്ഞാലിൽ എന്ന കവിതയിലെ വൃദ്ധദമ്പതികൾ തങ്ങളുടെ യൗവ്വന കാലത്തിലെ മധുരമായ ഓർമ്മകൾകൊണ്ട് വാർദ്ധക്യത്തിലെ വിരസതയെ മറികടക്കാൻ ശ്രമിക്കുന്നു. പണ്ടത്തെപ്പോലെ കൈ കൊട്ടിക്കളിപ്പാട്ട് പാടിയും ഊഞ്ഞാലാടിയും അവർ മഞ്ഞിൽ കുളിരണിഞ്ഞ് നിലാവിൽ സ്വപ്നം കണ്ട് നിൽക്കുന്ന പൊന്നാതിരയെ വരവേൽക്കുന്നു. ഒട്ടും നിറം മങ്ങാത്ത അവരുടെ പ്രണയം  ജീവിതത്തെ കൂടുതൽ അർത്ഥമുള്ളതാക്കുന്നു. ഊഞ്ഞാൽപ്പടിയിൽ പ്രിയപ്പെട്ടവളെ അരികിലിരുത്തി മന്ദമായ് കല്ലോലത്തെന്നലെന്ന പോലെ ആട്ടി കൊടുക്കുമ്പോൾ ആ വൃദ്ധ ദമ്പതികളുടെ പ്രണയം യൗവനത്തെക്കാൾ മധുരോദാരമായിത്തീരുന്നു.

📍**Q 9 . 'ഊഞ്ഞാലിൽ എന്ന കവിതയ്ക്ക് ഒരു ആസ്വാദനം തയ്യാറാക്കുക.** ( ഒന്നരപ്പുറം . സ്കോർ 8 )

☑️ 'വൈലോപ്പിള്ളിയുടെ കുടുംബ സങ്കൽപ്പത്തിന്റെ ഉപനിഷത്' എന്ന് വിശേഷിപ്പിക്കപ്പെട്ട കവിതയാണ് ഊഞ്ഞാലിൽ. 1944-ൽ മുപ്പത്തിമൂന്നാം വയസ്സിലാണ് വൈലോപ്പിള്ളി ഈ കവിത എഴുതുന്നത്. യൗവനകാലത്തെ അനുരാഗത്തെക്കുറിച്ച് വാർദ്ധക്യത്തിൽ ഓർമ്മിക്കുന്ന മട്ടിലുള്ള കവിതയാണ് ഊഞ്ഞാലിൽ. അനുരാഗത്തെയും വാർദ്ധക്യത്തെയും ഒരേപോലെ ഭാവന ചെയ്യുകയായിരുന്നു കവി.

വാർദ്ധക്യത്തിലെ ഒരു തിരുവാതിരനാൾ ഭാര്യയോട് ഭർത്താവ് സംസാരിക്കുന്ന മട്ടിലുള്ള നാടകീയ സ്വഗതാഖ്യാനമാണ് ഊഞ്ഞാലിൽ. 30 വർഷം മുൻപുള്ള ഒരു തിരുവാതിര രാവിന്റെ ഓർമയിലേക്ക് തന്റെ ഭാര്യയെ കൊണ്ടുപോകാൻ ഭർത്താവ് ആഗ്രഹിക്കുന്നു. അന്നത്തെ തിരുവാതിരനാളിൽ മാമ്പൂ മണക്കുന്ന മഞ്ഞുപുതഞ്ഞ അന്തരീക്ഷത്തിൽ മുറ്റത്തെ മാവിൻചോട്ടിൽ ഊഞ്ഞാലാടിയത് അയാൾ ഭാര്യയെ ഓർമിപ്പിക്കുന്നു. പഴയകാലത്തെപ്പോലെ ഭാര്യയെ ഒരിക്കൽക്കൂടി ഊഞ്ഞാലാട്ടാൻ അയാൾ കൊതിക്കുന്നു. യൗവനകാലത്തെ മധുരമായ ഓർമ്മകളിലേക്കാണ് നായകൻ നായികയെ ക്ഷണിക്കുന്നത്.  ഇല്ലായ്മകൾക്കിടയിലും നന്മകൾ വേരുറപ്പോടെ പുലരുന്ന നാട്ടിൻപുറത്തെക്കുറിച്ച് കവി അഭിമാനം കൊള്ളുന്നു. എന്തെല്ലാം ദുഃഖങ്ങൾ ഉണ്ടെങ്കിലും വളരെ വേരുറപ്പോടെ നിൽക്കുന്ന ജീവിതോല്ലാസം ഗ്രാമീണ ജീവിതത്തിന്റെ സവിശേഷതയായി  കവി കാണുന്നു. ദരിദ്രരാണെങ്കിലും അയൽപക്കത്തെ സ്ത്രീകൾ തിരുവാതിരപ്പാട്ട് പാടുന്നത് ഗ്രാമീണ ജീവിതത്തിലെ തുടിപ്പുകൾ ആയി കവിതയിൽ അവതരിപ്പിക്കുന്നു.

അന്തരീക്ഷത്തിൽ ആശങ്ക നിറയ്ക്കുന്ന രണ്ടാം ലോക യുദ്ധത്തിന്റെ സൂചനകളും കവിതയിൽ കാണാം. സംഹാരത്തിന്റെ അടയാളം പോലെ ആകാശത്ത് പറക്കുന്ന യുദ്ധവിമാനങ്ങൾ ഒരു ദുസ്വപ്നം പോലെ മാഞ്ഞുപോകുമെന്നും സന്തോഷത്തിന്റെയും പ്രതീക്ഷയുടെയും പ്രതീകമായ തിരുവാതിര നക്ഷത്രം തീക്കട്ട പോലെ എന്നും ജ്വലിച്ചു നിൽക്കുമെന്നും കവി പ്രത്യാശിക്കുന്നു. മനുഷ്യർ പരസ്പരം സ്നേഹിക്കുന്ന നാളുകളെക്കുറിച്ച് കവി ഉറപ്പുനൽകുന്നു. അതുകൊണ്ടുതന്നെ ആത്മഹത്യയ്ക്കും വധശിക്ഷയ്ക്കും ഉപയോഗിക്കുന്ന കയർ ഉല്ലാസത്തിന്റെ പ്രതീകമായ ഊഞ്ഞാലാക്കി തീർക്കാൻ കഴിഞ്ഞ മനുഷ്യന്റെ ജയത്തെ കവി പ്രകീർത്തിക്കുന്നു.


അയല്പക്കത്തെ സ്ത്രീകൾ പാടും പോലെ കൈകൊട്ടിക്കളിപ്പാട്ടുപാടാൻ നായകൻ ഭാര്യയോട് ആവശ്യപ്പെടുന്നു. കണ്ടുനാളത്തെ സ്വർണ്ണക്കമ്പിയാക്കി "കല്യാണീ കളവാണീ" എന്ന കൈകൊട്ടിക്കളിപ്പാട്ട് ഭാര്യ പാടുമ്പോൾ യൗവനകാലത്തെ ഓർമകളിൽനിന്ന് പുരാണകഥയുടെ

hssMozhi

ഓർമ്മകളിലേക്കാണ് നായകൻ നായികയെ കൂട്ടിക്കൊണ്ടുപോകുന്നത്. അതോടെ താൻ ദുഷ്യന്തനും ഭാര്യ ശകുന്തളയും ആകുന്ന മനോഹര ഭൂതകാലത്തിലേക്ക് നായകൻ സഞ്ചരിക്കുന്നു. മുറ്റം മാലിനീ നദീതടമാകുന്നു. താരകൾ നിറഞ്ഞ ആകാശം വനജ്യോത്സ്ന പൂത്തുനില്ക്കുന്ന ഇടമാകുന്നു. നിലാവിലെ മരങ്ങളുടെ നിഴൽ ദീർഘാപാംഗൻ എന്ന പുള്ളിമാനായി മാറുന്നു.

തിരുവാതിര നക്ഷത്രം യാത്ര പറയുകയും വർത്തമാനത്തിന്റെ ശുഭ രാത്രിയിൽ നിന്ന് ഭാവിയുടെ നാളെയിൽ എത്തുകയും ചെയ്യുമ്പോൾ, വിരസമായ ജോലികളിൽ ഏർപ്പെട്ട ക്ഷീണിച്ചിരിക്കുമ്പോൾ തലേദിവസം പാട്ടുപാടിയതും ഊഞ്ഞാലാടിയതും ഓർത്ത് നമ്മൾ നാണിക്കുമോ എന്ന് വൃദ്ധൻ സംശയിക്കുന്നു. പക്ഷേ ജീവിതത്തിൽ ഏറെ വിലപിടിച്ചത് ഇത്തരം ചെറിയ നിമിഷങ്ങൾ ആണെന്നും അതുകൊണ്ട് തന്നെ മനസ്സിന് സന്തോഷം നൽകുന്ന തിരുവാതിര ഗാനം ഒരിക്കൽ കൂടി നമുക്ക് പാടി നിർത്താമെന്നും കവി(വൃദ്ധൻ) ഭാര്യയോട് പറയുന്നു.

ഒരർത്ഥത്തിൽ ജീവിതത്തിലെ മുന്തിയ സന്ദർഭങ്ങളെ സംബന്ധിച്ച ഒരന്വേഷണം കൂടിയാകുന്നു വൈലോപ്പിള്ളിയുടെ "ഊഞ്ഞാലിൽ എന്ന കവിത. ജീവിതത്തെ ഓരോ മാത്രയിലും പ്രത്യാശയോടെ സമീപിക്കാൻ പ്രേരിപ്പിക്കുന്ന ഒരു രചനയാണ് ഈ കവിത. ദാമ്പത്യജീവിതത്തിന്റെ ഭദ്രതയും പൊരുത്തവും ദൃഢതയും പ്രഖ്യാപിക്കുന്ന ഈ കവിതയിൽ 'തിരുവാതിര'യുടെ പശ്ചാത്തലം കവിതയ്ക്ക് സവിശേഷമായ ഭാവഭംഗി നൽകുന്നു. തിരുവാതിരക്കാലവും രണ്ടാം ലോക യുദ്ധവും മാത്രമല്ല, വർത്തമാനകാലവും 30 വർഷം മുമ്പത്തെ ഭൂതകാലവും ശാകുന്തളത്തിലെ പുരാണ കാലവും കവിതയിൽ സമന്വയിക്കുന്നു.



**വൈലോപ്പിള്ളി ശ്രീധരമേനോൻ**

കേരളീയജീവിതത്തെ സമഗ്രതയിൽ ആവിഷ്കരിച്ച കവി. 1911 മെയ് 11ന് എറണാകുളം ജില്ലയിലെ കലൂരിൽ ജനിച്ചു. മരണം 1985 ഡിസംബർ 22ന്. കന്നിക്കൊയ്ത്ത്, കുടിയൊഴിക്കൽ, ശ്രീരേഖ, ഓണപ്പാട്ടുകാർ, മകരക്കൊയ്ത്ത്, വിത്തും കൈക്കോട്ടും, കടൽക്കാക്കകൾ, കയ്പവല്ലരി, വിട, അന്തി ചായുന്നു മുതലായവയാണ് പ്രധാന കാവ്യസമാഹാരങ്ങൾ. കേന്ദ്ര-കേരള സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ, ആശാൻപ്രൈസ്, വയലാർ അവാർഡ്, വള്ളത്തോൾ പുരസ്കാരം തുടങ്ങി നിരവധി ബഹുമതികൾ ലഭിച്ചു.


✅ തയ്യാറാക്കിയത് :

Sujila Rani V M , GHSS Muppathadam, Ernakulam

വീഡിയോ ക്ലാസുകൾ കണ്ടതിനുശേഷം നോട്ട് ഉപയോഗിക്കുക .

ഈ പാഠത്തിന്റെ വീഡിയോ ക്ലാസുകൾ : ( 2 ക്ലാസുകൾ )

1 . **CLICK HERE**

SCAN

2 . **CLICK HERE**

പാഠഭാഗവുമായി ബന്ധപ്പെട്ട അധിക വിവരങ്ങൾ ഇവിടെയുണ്ട് :

പ്രതികരണങ്ങൾ ടെലഗ്രാം ഗ്രൂപ്പിൽ രേഖപ്പെടുത്തുക :

# PLUS ONE

## മലയാളം നോട്ട്

# അനർഘനിമിഷം

## വൈക്കം മുഹമ്മദ് ബഷീർ

## പാഠസംഗ്രഹം

ജീവിതത്തെ അതിന്റെ തനിമയോടെ ആവിഷ്കരിച്ച മലയാളിയുടെ പ്രിയപ്പെട്ട എഴുത്തുകാരനാണ് വൈക്കം മുഹമ്മദ് ബഷീർ . തിക്തമായ ജീവിത അനുഭവങ്ങൾപോലും നർമ്മ മധുരമായി അദ്ദേഹം അവതരിപ്പിച്ചു. തനിക്ക് വ്യാകരണം അറിയില്ല എന്ന് പറഞ്ഞുകൊണ്ട് സാധാരണക്കാരുടെ ഭാഷയിൽ എഴുതി. ഹ്യൂമനിസവും ഹ്യൂമറിസവും ഒത്തുചേർന്ന അപൂർവതയാണ് ബഷീർ കൃതികൾ.

ബഷീറിന്റെ പതിവ് ശൈലിയിൽ നിന്ന് വ്യത്യസ്തമായി ജനനത്തെയും മരണത്തെയും ജീവിതത്തെയും കുറിച്ചുള്ള ദർശനങ്ങൾ അവതരിപ്പിക്കുന്ന രചനയാണ് അനർഘനിമിഷം. പ്രമേയത്തിന് അനുയോജ്യമായ ഭാഷയും കവിതയോട് അടുത്തുനിൽക്കുന്ന ആഖ്യാനരീതിയും ഈ രചനയെ സവിശേഷമാക്കുന്നു. കഥാനായകന്റെ ആത്മഭാഷണം ആണ് ഈ കഥ. മരണത്തെ മുഖാമുഖം കാണുന്ന ഒരാളുടെ അവസാനത്തെ പിടച്ചിൽ, മനസ്സില്ലാമനസ്സോടെ ആണെങ്കിലും ഇവിടം വിട്ടു പോകണമെന്ന യാഥാർത്ഥ്യം വേദനയോടെ അംഗീകരിക്കുന്ന മനസ്സ് ഇവയൊക്കെ ഈ കഥയിൽ നമുക്ക് അനുഭവിച്ചറിയാം.

"നീയും ഞാനും എന്ന യാഥാർത്ഥ്യത്തിൽ നിന്ന് അവസാനം നീ മാത്രമായി അവശേഷിക്കുവാൻ പോവുകയാണ് നീ മാത്രം. പെയ്യുവാൻ പോകുന്ന കാർമേഘം പോലെ ഈ ഓർമ്മ അന്തരംഗം പൊട്ടുമാറ് വിങ്ങി നിൽക്കുന്നു. ഈ വാസ്തവമറിയാതെ സുഹൃത്തുക്കൾ തമാശകൾ പറഞ്ഞ് അവരെ ചിരിപ്പിക്കാൻ നിർബന്ധിക്കുന്നു. തന്റെ ചിരിക്കകത്തെ ദുഃഖത്തിന്റെ മുഴക്കം അവർ കേൾക്കുന്നില്ല. ജനനത്തിനും മരണത്തിനും ഇടയിലെ അനർഘനിമിഷം ആണ് ജീവിതം. അടുത്ത നിമിഷം ഇല്ലായ്മയിൽ ലയിക്കാൻ പോകുന്നു. കാലമിത്രയും നീ എന്നെ അപാരമായ കാരുണ്യത്തോടെ സ്നേഹിച്ചു. സൗകര്യം പോലെ വായിക്കാവുന്ന ഒരു ഗ്രന്ഥമാണ് ഞാൻ . നീ എനിക്ക് ഇപ്പോഴും ഒരു മഹാരഹസ്യം. വന്നതുപോലെ തന്നെ ഞാൻ പോവുകയാണ്. നീയും ഞാനും എന്ന യാഥാർഥ്യത്തിൽ നിന്ന് അവസാനം നീ മാത്രമായി അവശേഷിക്കുകയാണ്. നീ മാത്രം."

നായകൻ അഭിസംബോധനചെയ്യുന്ന "നീ" പ്രപഞ്ചമോ പ്രകൃതിയോ ദൈവസങ്കൽപമോ ഒക്കെ ആവാം. പ്രപഞ്ചം ഒരു കൂട് ആണെന്നും മനുഷ്യൻ ആ കൂട്ടിലെ താൽക്കാലിക താമസക്കാരനാണ് എന്നും മരണമെന്നത് കൂട്ട വെടിയലാണെന്നും സങ്കൽപമുണ്ട്.

ജീവിതമെന്നത് ജനനത്തിനും മരണത്തിനും ഇടയിലെ അനർഘനിമിഷം ആണ്. മരണം അനന്തമായ ശൂന്യതയാകുന്നു. ഒരാളുടെ മരണത്തോടെ ഈ ലോകം ഇല്ലാതാകുന്നില്ല. എന്നാൽ മരിക്കുന്നയാളെ സംബന്ധിച്ചിടത്തോളം എല്ലാം ശൂന്യതയിലേക്ക് ലയിക്കുയാണ്. മരണഭയം നൽകുന്ന കടുത്ത വിഷാദത്തിലും ശൂന്യതാ ബോധത്തിലും ഉഴലുമ്പോഴും ജീവിതമെന്ന അനർഘ നിമിഷത്തെ കഥാനായകൻ വിലമതിക്കുന്നുണ്ട്.

കവിതയോട് അടുത്തുനിൽക്കുന്ന വാക്യഘടനയും വൈകാരികത മുറ്റിനിൽക്കുന്ന പദപ്രയോഗങ്ങളും ഈ കഥയെ കാവ്യാത്മകമാക്കുന്നു.

Q 1 . a . **ചില നിമിഷത്തിലേകാകിയാം പ്രാണൻ**
**അലയുമാർത്തനായ് ഭൂതായനങ്ങളിൽ**
**ഇരുളിലപ്പോഴുദിക്കുന്നു നിൻമുഖം**
**കരുണമാം ജനനാന്തര സാന്ത്വനം**
(ബാലചന്ദ്രൻ ചുള്ളിക്കാട് )

**b . കാലമിത്രയും നീ എന്നെ അപാരമായ കാരുണ്യത്തോടെ സ്നേഹിച്ചു. സഹിച്ചു. എന്നെപ്പറ്റി നിനക്കെല്ലാം അറിയാം. ഇനിയും സൗകര്യം പോലെ വായിക്കാവുന്ന ലഘുഗ്രന്ഥം ആണല്ലോ ഞാൻ .**
(അനർഘനിമിഷം – ബഷീർ)

**സന്ദർശനവും അനർഘ നിമിഷവും വൈകാരിക തലത്തിൽ ചില സമാനതകൾ പുലർത്തുന്നു. ചർച്ച ചെയ്യുക.**

✅ ചില സന്ദർഭങ്ങളിൽ കാമുകന്റെ പ്രാണൻ ഭൂതകാലത്തിലേക്ക് ആർത്തനായി അലയുകയാണ്. അപ്പോൾ പ്രണയിനിയുടെ മുഖം ജന്മാന്തര സാന്ത്വനമായി അനുഭവപ്പെടുന്നതായി സന്ദർശനത്തിലെ നായകൻ പറയുന്നു. അപാരമായ കാരുണ്യത്തോടെ കാലമിത്രയും തന്നെ സ്നേഹിക്കാനും സഹിക്കാനും നിനക്ക് കഴിഞ്ഞെന്നും തന്നെപ്പറ്റി നിനക്ക് എല്ലാം അറിയാം എന്നും സൗകര്യം പോലെ വായിക്കാവുന്ന ലഘുഗ്രന്ഥം ആണ് താൻ എന്നും അനർഘ നിമിഷത്തിലെ നായകൻ പറയുന്നുണ്ട്.

സന്ദർശനത്തിൽ തന്നെ സ്നേഹിച്ചിരുന്ന കാമുകിയുടെ ഓർമ്മകൾ നായകന് ഇപ്പോഴും സാന്ത്വനമായി നിലകൊള്ളുന്നു. അനർഘനിമിഷത്തിലെ നായകൻ സംബോധന ചെയ്യുന്ന നീയും അപാരമായ കാരുണ്യത്തോടെ തന്നെ സ്നേഹിക്കുകയും സഹിക്കുകയും ചെയ്യുന്നു. വേർപിരിയലിന്റെ വേദനയും മനസ്സിൽ തളംകെട്ടിനിൽക്കുന്ന തീവ്ര വിഷാദവും സന്ദർശനത്തിലും അനർഘനിമിഷത്തിലും പ്രകടമാണ്. രണ്ടിലും നായകർ നടത്തുന്ന സ്വഗതാഖ്യാന രൂപത്തിലുള്ള ആവിഷ്കാരമാണ് കാണുന്നത്.

**Q 2 . "നീയും ഞാനും എന്ന യാഥാർത്ഥ്യത്തിൽ നിന്ന് അവസാനം നീ മാത്രമായി അവശേഷിക്കുവാൻ പോവുകയാണ്. നീ മാത്രം. യാത്രയ്ക്കുള്ള സമയം വളരെ വളരെ അടുത്തു കഴിഞ്ഞു. പെയ്യുവാൻ പോകുന്ന കാർമേഘത്തെ പോലെ ഈ ഓർമ്മ എന്റെ അന്തരംഗം പൊട്ടുമാറ് വിങ്ങി നിൽക്കുന്നു."**

**" വാക്കുകളുടെ നൃത്തഭംഗിയാണ് കവിത എങ്കിൽ ഈ പാഠഭാഗം കവിതയാകാൻ വെമ്പുന്ന ഗദ്യമാണ്." മുകളിൽ കൊടുത്ത പാഠഭാഗത്തിന്റെ അടിസ്ഥാനത്തിൽ ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.**

✅ വാക്കുകൾകൊണ്ട് നൃത്തം ചെയ്യിക്കൽ ആണ് കവിത. നൃത്തം മുഖ്യമായി ശബ്ദത്തിന്റേതല്ല, അർത്ഥത്തിന്റേതാണ് എന്ന് എം എൻ വിജയൻ അഭിപ്രായപ്പെടുന്നു. അർത്ഥത്തെ ധ്വനിപ്പിക്കുക, അനുഭൂതികളെ പ്രകാശിപ്പിക്കുക, വായനക്കാരനെ അനുഭവിക്കുക എന്നീ ധർമങ്ങൾ കവിതയ്ക്കുണ്ട്. ഇതിനായി കവികൾ ധ്വനിസാന്ദ്രമായ പദങ്ങൾ തിരഞ്ഞെടുത്ത് മനോഹരമായി വിന്യസിക്കുന്നു. അലങ്കാര കൽപ്പനകൾ, പ്രസാദാത്മകമായ വാക്യങ്ങൾ, ഭാവസാന്ദ്രമായ ആഖ്യാനം എന്നിവയിലൂടെ കവിതയെ സൗന്ദര്യാത്മകമാകുന്നു.

അനർഘനിമിഷം എന്ന കഥ വായിച്ചു കഴിയുമ്പോൾ കവിതയുടെ മേൽപ്പറഞ്ഞ സവിശേഷതകൾ കഥാരംഭം മുതൽ അവസാനം വരെയും നമുക്ക് പ്രകടമായി അനുഭവിച്ചറിയാം.

**Q 3 . എന്റെ ചിരിക്കകത്തുള്ള ദുഃഖത്തിന്റെ മുഴക്കം അവർ കേൾക്കുന്നില്ല. ചിരിക്കകത്തുള്ള ദുഃഖം എന്ന ബഷീറിന്റെ പരികൽപ്പന മനുഷ്യ ജീവിതത്തെ കുറിച്ച് ചില ദർശനങ്ങൾ അവതരിപ്പിക്കുന്നുണ്ട്. പരിശോധിക്കുക.**

✅ ബഷീറിന്റെ അനർഘനിമിഷം എന്ന കഥയിൽ കഥാനായകൻ മരണത്തെ മുഖാമുഖം കാണുകയാണ്. യാത്ര പറയാൻ സമയമായി എന്ന ചിന്ത മനസ്സിൽ ശക്തമായ വിഷാദം നിറയ്ക്കുന്നുണ്ട്. പെയ്യുവാൻ പോകുന്ന കാർമേഘത്തെ പോലെ ഈ ഓർമ്മ തന്റെ അന്തരംഗം പൊട്ടുമാറ് വിങ്ങി നിൽക്കുകയാണ്. എന്നാൽ ഈ വാസ്തവമറിയാതെ സുഹൃത്തുക്കൾ പണ്ടേപോലെ അടുത്തുവന്ന് തമാശകൾ പറഞ്ഞു അവരെ ചിരിപ്പിക്കുവാൻ നിർബന്ധിക്കുന്നു. തന്റെ ചിരിക്കകത്തുള്ള ദുഃഖത്തിന്റെ മുഴക്കം അവർ അറിയുന്നില്ല. പൊട്ടിച്ചിരിപ്പിക്കുന്ന ഫലിതം പറയുമ്പോഴും ഉള്ളിൽ പൊട്ടിക്കരയുന്ന കഥാകൃത്തിനെ ആണ് ഈ വാക്കുകളിൽ കാണാൻ കഴിയുന്നത്. മൗന രോദനത്തിന്റെ മന്ദഹാസം എന്ന് വൈക്കം മുഹമ്മദ് ബഷീറിനെ എൻ.വി. വിശേഷിപ്പിക്കുന്നുണ്ട്. മനുഷ്യജീവിതം സുഖവും ദുഃഖവും ഇടകലർന്നതാണ്. നാം കാണുന്ന ചിരിക്കുന്ന മുഖങ്ങൾ എല്ലാം ദുഃഖങ്ങൾ ഇല്ലാത്തവരല്ല. അകമേ കരയുമ്പോഴും പുറത്ത് ചിരി പ്രകടിപ്പിക്കുന്നവരുണ്ട്. ഒരു ചിരിയാൽ എല്ലാ സങ്കടങ്ങളും ഒളിപ്പിക്കുന്നവർ. നാം ആഹ്ലാദവാൻമാരായി കാണുന്നവരുടെ ഉള്ളിലും കടുത്ത ദുഃഖങ്ങൾ ഉണ്ടാവാം. " മഴയിലൂടെ നടക്കുന്നതാണ് എനിക്കിഷ്ടം; എന്തെന്നാൽ ഞാൻ കരയുന്നത് ആരും കാണില്ലല്ലോ" എന്ന് ലോകത്തെ ചിരിപ്പിച്ച ചാർലി ചാപ്ലിൻ പറഞ്ഞിട്ടുണ്ട്. ജീവിതത്തിൽ പലപ്പോഴും നമുക്ക് അഭിനയിക്കേണ്ടി വരുന്ന

hssMozhi


സന്ദർഭങ്ങൾ ഉണ്ടാകാം. ചിരിയും കരച്ചിലും മാത്രമല്ല സ്നേഹമായാലും കോപം ആയാലും അടക്കുകയും പ്രകടിപ്പിക്കുകയും ചെയ്യേണ്ടിവരും.

**Q 4 . "എന്തിനു മർത്യായുസ്സിൽ സാരമായതു ചില**
**മുന്തിയ സന്ദർഭങ്ങൾ അല്ല മാത്രകൾ മാത്രം".**

**വൈലോപ്പിള്ളി പറയുന്ന മനുഷ്യായുസ്സിലെ ചില മുന്തിയ സന്ദർഭങ്ങൾ തന്നെയാണോ ബഷീർ പറയുന്ന അനർഘ നിമിഷവും ? രണ്ട് പാഠഭാഗവും വിശകലനം ചെയ്ത് ലഘു ഉപന്യാസം തയ്യാറാക്കുക.**

✅ കൊലക്കുടുക്കാവുന്ന കയറിനെ ഊഞ്ഞാൽ ആക്കി തീർത്തുകൊണ്ട് കാലത്തെയും മരണത്തെയും മനുഷ്യർ കീഴ്പ്പെടുത്തും എന്നുള്ള ദർശനമാണ് ഊഞ്ഞാലിൽ എന്ന കവിതയിൽ വൈലോപ്പിള്ളി അവതരിപ്പിക്കുന്നത്. മനുഷ്യായുസ്സിൽ ചിലപ്പോൾ മാത്രമാണ് മുന്തിയ സന്ദർഭങ്ങൾ വന്നുചേരുക . ആ നിമിഷങ്ങൾ ആണ് ജീവിതത്തെ സുന്ദരവും സന്തോഷപ്രദവും ആക്കുന്നത്. ഈ ലോക ജീവിതം ക്ഷണികമാണ്. ക്ഷണികമായ മനുഷ്യ ജീവിതത്തിൽ വന്നു ചേരുന്ന നല്ല മുഹൂർത്തങ്ങളെ ആവോളം ആസ്വദിക്കാൻ ശീലിക്കണം. മനുഷ്യർ പരസ്പരം സ്നേഹിച്ചും വിഹരിച്ചും കഴിയുന്ന നല്ല കാലവും ജീവിതത്തെ സ്നേഹിക്കാൻ കഴിയുന്ന നല്ല മനസ്സും ഉണ്ടാവട്ടെ എന്ന പ്രത്യാശയാണ് വൈലോപ്പിള്ളി പ്രകടമാക്കുന്നത്.

ജനനത്തിനും മരണത്തിനും ഇടയിലുള്ള അനർഘനിമിഷമായാണ് ബഷീർ ജീവിതത്തെ കാണുന്നത്. "നീയും ഞാനും എന്നുള്ള യാഥാർത്ഥ്യത്തിൽ നിന്ന് അവസാനം നീ മാത്രമായി അവശേഷിക്കുവാൻ പോകയാണ്. നീ മാത്രം. പെയ്യുവാൻ പോകുന്ന കാർമേഘം പോലെ ഈ ഓർമ്മ അന്തരംഗം പൊട്ടുമാറ് വിങ്ങി നിൽക്കുന്നു." മരണത്തെ മുഖാമുഖം കാണുന്ന ഒരാളുടെ അവസാനത്തെ പിടച്ചിൽ ഈ വരികളിൽ അനുഭവിച്ചറിയാം. മരണഭയം നൽകുന്ന കടുത്ത വിഷാദത്തിലും ശൂന്യതാബോധത്തിലും അകപ്പെട്ടിരിക്കുമ്പോഴും ജീവിതമെന്ന അനർഘനിമിഷത്തെ കഥാനായകൻ വിലമതിക്കുന്നുണ്ട്. "ഞാൻ പോകയാണ്. നിന്നെ സ്നേഹിച്ചു കൊണ്ടാണെന്ന് മനസ്സിലാക്കണം. നീയും ഞാനുമായി പരിചയപ്പെട്ടത് എന്നാണ് ? പരിചയപ്പെട്ടോ? ഞാൻ ശ്രമിച്ചു. ഒടുവിൽ സ്നേഹിക്കാൻ മാത്രം പഠിച്ചു." കഥയിൽ മറ്റൊരു ഭാഗത്ത് "കാലമിത്രയും നീയെന്നെ അപാരമായ കാരുണ്യത്തോടെ സ്നേഹിച്ചു. സഹിച്ചു. എന്നെ പറ്റി നിനക്ക് എല്ലാം അറിയാം. ഇനിയും സൗകര്യം പോലെ വായിക്കാവുന്ന ഒരു ലഘുഗ്രന്ഥം ആണല്ലോ ഞാൻ" എന്ന് പറയുന്നുണ്ട്. പരസ്പര സ്നേഹവും സഹനവും ജീവിതത്തെ സാർത്ഥമാക്കുമെന്നും താൻ ഈ ലോകം വിട്ടു പോയാലും തന്നെ ഓർമിക്കുന്ന ഒരു കാലം ഉണ്ടാകും എന്നുമുള്ള സൂചന കഥയിലുണ്ട്. രണ്ടു പാഠഭാഗങ്ങളും ജീവിതത്തെ സർവാത്മനാ സ്നേഹിക്കേണ്ടതിന്റെ പ്രാധാന്യം വ്യക്തമാക്കുന്നുണ്ട്.



**വൈക്കം മുഹമ്മദ് ബഷീർ**

ആധുനിക മലയാളസാഹിത്യത്തിൽ ഏറ്റവുമധികം വായിക്കപ്പെട്ട എഴുത്തുകാരൻ. 1908 ജനുവരി 21 ന് കോട്ടയം ജില്ലയിലെ വൈക്കം തലയോലപ്പറമ്പിൽ ജനിച്ചു. മരണം 1994 ജൂലൈ 5ന്. ബാല്യകാലസഖി, പാത്തുമ്മായുടെ ആട്, പ്രേമലേഖനം, ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്, മതിലുകൾ, ഭൂമിയുടെ അവകാശികൾ, ആനവാരിയും പൊൻകുരിശും, ശബ്ദങ്ങൾ, സ്ഥലത്തെ പ്രധാന ദിവ്യൻ, വിശ്വവിഖ്യാതമായ മൂക്ക്, നീലവെളിച്ചം, അനുരാഗത്തിന്റെ ദിനങ്ങൾ, ജന്മദിനം, മുച്ചീട്ടുകളിക്കാരന്റെ മകൾ, അനർഘനിമിഷം, വിഡ്ഢികളുടെ സ്വർഗം, മാന്ത്രികപ്പൂച്ച, താരാസ്പെഷ്യൽസ്, ആനപ്പൂട മുതലായവയാണ് പ്രധാന കൃതികൾ. പത്മശ്രീ പുരസ്കാരം, കേന്ദ്ര-കേരള സാഹിത്യ അക്കാദമി ഫെല്ലോഷിപ്പുകൾ തുടങ്ങി നിരവധി ബഹുമതികൾ ലഭിച്ചിട്ടുണ്ട്.

✅ തയ്യാറാക്കിയത് :

മനീഷ പി വി , ഗവ.എച്ച്.എസ്.എസ്. വെണ്ണല ,എറണാകുളം

വീഡിയോ ക്ലാസുകൾ കണ്ടതിനുശേഷം നോട്ട് ഉപയോഗിക്കുക .

ഈ പാഠത്തിന്റെ വീഡിയോ ക്ലാസുകൾ : ( 2 ക്ലാസുകൾ )

1 . CLICK HERE

SCAN

2 . CLICK HERE

പാഠഭാഗവുമായി ബന്ധപ്പെട്ട അധിക വിവരങ്ങൾ ഇവിടെയുണ്ട് :

പ്രതികരണങ്ങൾ ടെലഗ്രാം ഗ്രൂപ്പിൽ രേഖപ്പെടുത്തുക :




## പാഠസംഗ്രഹം

ലളിതാംബിക അന്തർജനം രചിച്ച പ്രശസ്തമായ നോവലാണ് " അഗ്നിസാക്ഷി ". ബ്രാഹ്മണ സമുദായത്തിലെ ഒരു സ്ത്രീയുടെ ജീവിതത്തിലെ മൂന്ന് ഘട്ടങ്ങളിലൂടെയാണ് കഥ പുരോഗമിക്കുന്നത്. തേതിക്കുട്ടി എന്ന ഭാര്യയിൽ നിന്നും ദേവി ബഹൻ എന്ന സ്വാതന്ത്ര്യ സമര സേനാനിയായും സുമിത്രാനന്ദ എന്ന സന്യാസിനിയായും മാറുന്ന ദേവകി മാനമ്പള്ളിയുടെ കഥയാണിത്. മെച്ചപ്പെട്ട വിദ്യാഭ്യാസം നേടി ഒരു ആധുനിക വനിതയുടെ രൂപഭാവങ്ങളോടെ ജീവിച്ച തങ്കം നായരുടെ ഓർമ്മകളിലൂടെയാണ് കഥ വികസിക്കുന്നത്. കേരളീയ നവോത്ഥാന മുന്നേറ്റത്തിൽ സ്ത്രീ വ്യക്തിത്വത്തെ അടയാളപ്പെടുത്തുന്ന ശക്തമായ നോവലാണ് അഗ്നിസാക്ഷി. അഗ്നിസാക്ഷിയിലെ പന്ത്രണ്ടാം അധ്യായം ആണ് 'ലാത്തിയും വെടിയുണ്ടയും' എന്ന പാഠഭാഗം .

1920 – 1940–കാലഘട്ടത്തിൽ കേരളം പൊതുവായും നമ്പൂതിരി സമുദായം വിശേഷിച്ചും കടന്നു പോയ സംഘർഷാവസ്ഥകളാണ് അഗ്നിസാക്ഷിക്ക് രൂപംനൽകിയത്. തേതിക്കുട്ടി, ദേവകി മാനമ്പള്ളി, ദേവി ബഹൻ എന്നിങ്ങനെ പല പേരുകളിലും നിലകളിലും എത്തിച്ചേരുന്ന നോവലിലെ നായികയുടെ ജീവിതം സഹന സമരങ്ങളിലൂടെയുള്ള യാത്രയായിരുന്നു. പുരോഗമന ചിന്താഗതിക്കാരനായ സഹോദരൻ ഉണ്ടായിട്ടും അന്ധവിശ്വാസം നിറഞ്ഞ പശ്ചാത്തലത്തിലേക്ക് വിവാഹിതയായി എത്തിയപ്പോൾ തേതിക്കുണ്ടായ അസ്വാസ്ഥ്യങ്ങൾ, ഭർത്താവിന്റെ അവഗണന, സമുദായത്തിന്റെ വിലക്കുകൾ തുടങ്ങിയവ ക്രമേണ സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടത്തിലേക്ക് ഉയരുകയാണ്.

സ്വാതന്ത്ര്യസമരത്തിന്റെ ആവേശഭരിതമായ ഒരു ഉജ്ജ്വലമുഹൂർത്തമാണ് ലാത്തിയും വെടിയുണ്ടയും എന്ന നോവൽ ഭാഗത്തുള്ളത്.

ക്വിറ്റിന്ത്യാ സമരം പ്രഖ്യാപിച്ച കാലത്തെ വികാരനിർഭരമായ അനുഭവത്തിലൂടെ ദേവി ബഹനിലേക്ക് എത്തുന്ന ഓർമ്മകളാണ് പാഠം. സ്വാതന്ത്ര്യത്തിനുള്ള അടങ്ങാത്ത മോഹവും ഇച്ഛാശക്തിയും മാത്രം കൈമുതലായ നിരായുധരായ ജനങ്ങളും, തോക്കും ലാത്തിയും കണ്ണീർവാതകവുമായി നരവേട്ടക്ക് ഇറങ്ങിയ പട്ടാളക്കാരും തമ്മിലുള്ള സംഘട്ടനം തെരുവിൽ നടന്നുകൊണ്ടിരിക്കുന്നു. ഉയർന്ന ഫ്ലാറ്റിൽ ഇരുന്ന് ഈ സംഭവം നേരിട്ട് കാണുന്ന തങ്കം നായരുടെ കാഴ്ചയിലൂടെയാണ് സമരത്തിന്റെ തീക്ഷ്ണത ആവിഷ്കരിക്കുന്നത്. ക്വിറ്റിന്ത്യാ സമര ഭടന്മാരുടെ ത്രിവർണ്ണപതാക ഏന്തിയുള്ള പ്രകടനം തങ്കം നായരുടെ ഫ്ലാറ്റിന് മുന്നിലെ ക്ലോക് ടവറിന് സമീപം എത്തുന്നു. കുട്ടികളുടെ വിപ്ലവ സംഘമായ വീര വാനരസേനയും സ്ത്രീകളുടെ സംഘടനയായ നാരിസേവാസമിതിയും യുവാക്കളുടെ രക്തസാക്ഷി സംഘവും ചേർന്നുള്ള വലിയ ജനാവലിയെ പട്ടാളം തടഞ്ഞു. ഇതിനിടയിൽ ഒരു ബാലൻ മണിമാളികയുടെ മുകളിലേക്ക് ത്രിവർണ്ണ പതാകയുമായി കയറി. രാജ്യത്തിന്റെ അഭിമാനം അവിടെ ഉയർത്താൻ അവന് സാധിച്ചുവെങ്കിലും പട്ടാളക്കാരുടെ വെടിയുണ്ടകൾ അവനെ വീഴ്ത്തി. രക്തകണങ്ങളുതിർത്തുകൊണ്ട് ഒരു വെള്ളപ്പറവയെ പോലെ ആ വീരകുമാരൻ താഴെ വന്നു വീണപ്പോൾ സേവാ സമിതിയിലെ ഒരു യുവതി വന്നു അവനെ എടുത്തു മാറോടണച്ചു. പട്ടാളവുമായി

ഏറെനേരം ഏറ്റുമുട്ടിയ അവർ  അവശയായിരുന്നെങ്കിലും കണ്ണുകളിൽ സ്വാതന്ത്ര്യത്തിന്റെ ജ്വാലകളുണ്ടായിരുന്നു.

അവരുടെ കണ്ണുകൾ, നോട്ടം എന്നിവ തങ്കം നായരെ തേതിയേടത്തിയിലേക്കും ദേവകി മാനമ്പള്ളിയിലേക്കും  പിന്നെ ദേവിബഹനിലേക്കും കൊണ്ടുപോകുന്നു. നാടൊന്നാകെ ദേശസ്വാതന്ത്ര്യത്തിനു വേണ്ടി  പോരിനിറങ്ങുമ്പോൾ ഹീനയും ദുർബലയുമായ തനിക്ക് ഒന്നും ചെയ്യാനാവാത്തത്, താനും ഇന്ത്യക്കാരിയാണെന്ന് പറയാൻ കഴിയാത്തത്  എന്തുകൊണ്ടാണെന്ന് തങ്കം നായർ വ്യാകുലപ്പെടുന്നു. ദേവകി മാനമ്പള്ളിക്ക് തങ്കംനായരിൽ നിന്നും മോചനമില്ലെന്നും ഒരു കാലഘട്ടത്തിന്റെ തന്നെ രണ്ട് മുഖങ്ങളാണ് തങ്ങളെന്നും പുതിയ തലമുറയ്ക്ക് രണ്ട് അമ്മമാരുണ്ടെന്നും അവർക്ക് തോന്നുന്നു. സാമൂഹ്യ മാറ്റത്തിനായി  നിസ്വാർത്ഥ സേവനമനുഷ്ഠിക്കുന്ന ത്യാഗിയായ അമ്മയും ഒന്നിലും ഇടപെടാതെ വ്യക്തിജീവിതത്തിൽ ഒതുങ്ങിക്കൂടുന്ന മറ്റൊരു അമ്മയും. താൻ സ്വാതന്ത്ര്യാനന്തര ഇന്ത്യയ്ക്ക് നല്ല മാതൃകയല്ലെന്ന് തങ്കം ആത്മനിന്ദയോടെ ഓർക്കുന്നു.

**Q 1 . "വായും മൂക്കും പൊത്തിപ്പിടിച്ച് വരിഞ്ഞു കെട്ടിയ പെരുമ്പാമ്പിനെപ്പോലെ വിരസമായ നിരത്ത് നീണ്ട് കിടക്കുന്നു. " ഈ വാക്യം ആ സന്ദർഭത്തിന് നൽകുന്ന അർത്ഥ സാധ്യത വിശദമാക്കുക.**
(നാലോ അഞ്ചോ വാക്യത്തിൽ ഉത്തരം എഴുതുക. സ്കോർ 4 )

✅ അഗ്നിസാക്ഷി എന്ന നോവലിൽ 1942 ലെക്വിറ്റിന്ത്യാ സമരകാലത്ത് കൽക്കത്ത നഗരത്തിലെ ഒരു തെരുവിനെക്കുറിച്ചാണ് ഈ പരാമർശം. പട്ടാള നിയമം പ്രഖ്യാപിച്ചിരുന്നതിനാൽ ജനശൂന്യമായിക്കിടക്കുന്ന തെരുവാണ്. ബ്രിട്ടീഷ് ആധിപത്യവും അടിച്ചമർത്തലും ഇന്ത്യയെ എത്രത്തോളം ശ്വാസം മുട്ടിച്ചിരുന്നു എന്ന് വായും മൂക്കും മൂടിക്കെട്ടി എന്ന പരാമർശം സൂചിപ്പിക്കുന്നു. അഭിപ്രായ സ്വാതന്ത്ര്യവും സഞ്ചാര സ്വാതന്ത്ര്യവും ഇല്ലാതെ സ്വന്തം നാട്ടിൽ അടിമകളായി ജീവിക്കുന്ന ഇന്ത്യൻ ജനതയുടെ പിടച്ചിൽ ഇവിടെ സൂചിതമാണ്. ബന്ധിതമാണെങ്കിലും ഇന്ത്യയുടെ വൈപുല്യവും കരുത്തും പെരുമ്പാമ്പ് എന്ന സൂചകത്തിൽ ഉണ്ട്. ഏത് നിമിഷവും പൊട്ടിപ്പുറപ്പെടാവുന്ന ഒരു സമരത്തിന്റെ സൂചന നമുക്കീ വരിയിൽ കണ്ടെത്താം.

**Q 2 . "വിജയിയായ അഭിമന്യുവിനെ പോലെ  ആബാലൻ നിൽക്കുകയായിരുന്നു."**
**"ഒരേസമയത്ത് കരയുകയും ചിരിക്കുകയും ചെയ്യുന്ന ഭാരത മാതാവിനെ പോലെ ഉജ്ജ്വലയും ഗംഭീരവദനയുമായിരുന്നു ആ യുവതി ."**
**സാദൃശ്യ കൽപ്പനകൾ കൊണ്ട് കഥാ സന്ദർഭത്തിന് കൈവരുന്ന ധ്വന്യാർത്ഥ സാദ്ധ്യത വിശകലനം ചെയ്യുക.**
(നാലോ അഞ്ചോ വാക്യം. സ്കോർ 4 )

✅ മഹാഭാരത കഥയിൽ പത്മവ്യൂഹത്തിലകപ്പെട്ട അഭിമന്യുവിന് ദൗത്യം നിറവേറ്റാനായെങ്കിലും രക്ഷപ്പെടാനായില്ല. ബാലനായ അഭിമന്യു ശക്തരായ ശത്രുനിരയാൽ നിർമ്മിച്ച പത്മവ്യൂഹം ഭേദിച്ച് അകത്തു കടന്നത് പോലെ ചുറ്റുമുള്ള പട്ടാളക്കാരുടെ കണ്ണുവെട്ടിച്ച് വീരകുമാരൻ ക്ലോക് ടവറിനു മുകളിൽ കയറി ത്രിവർണ്ണ പതാക പാറിച്ചു. അഭിമന്യു  ശത്രുക്കളാൽ കൊല്ലപ്പെട്ടത് പോലെ ഒറ്റയ്ക്ക് കൊടിമരത്തിൽ കയറിയ ബാലനെ ബ്രിട്ടീഷ് പട്ടാളക്കാർ വെടിവച്ച് വീഴ്ത്തി. രക്തകണങ്ങൾ ഉതിർത്തുകൊണ്ട് ഒരു വെള്ളപ്പറവ പോലെ  ആ വീര കുമാരൻ താഴെ വീണപ്പോൾ സേവാ സമിതിയിലെ ഒരു യുവതി വന്ന് അവനെ എടുത്തു മാറോടണച്ചു. അവനെ ഓർത്ത് യുവതിയുടെ മുഖത്ത് അഭിമാനവും സങ്കടവും നിറഞ്ഞു. സ്വാതന്ത്ര്യ സമരത്തിൽ വീരമൃത്യുവരിച്ചവരുടെ ധീരത ഓർത്ത് അഭിമാനിക്കുകയും അവരുടെ വിധിയോർത്ത് കരയുകയുമാണ് ഭാരതാംബ.

വീരകുമാരന്റെ ധീരത ഓർത്തുള്ള അഭിമാനവും ദുർവിധി ഓർത്തുള്ള ദുഃഖവും ഒരേ സമയം അനുഭവിക്കേണ്ടി വരുന്ന ആ യുവതിയുടെ അവസ്ഥയാണ് ഈ സന്ദർഭത്തിൽ ധ്വനിക്കുന്നത്.

**Q 3 . " ആകാശത്തിന്റെ മടിയിൽ നിന്ന് ഞെട്ടറ്റ് താഴെ വീണ സൂര്യന്റ കുട്ടിയെപ്പോലെ തോന്നിച്ചു , ആ ബാലനെ കാണ്ടാൽ . "**

**അർത്ഥത്തിനപ്പുറത്തെ അർത്ഥമാണ് സാഹിത്യത്തിന്റെ വൈശിഷ്ട്യം. ഇവിടെ തന്നിട്ടുള്ള വാക്യം സന്ദർഭത്തിന് നൽകുന്ന ഭംഗി വ്യക്തമാക്കുക.** (നാലോ അഞ്ചോ വാക്യം. സ്കോർ 4 )

✅ ലാത്തിയും വെടിയുണ്ടയും എന്ന പാഠഭാഗത്ത് വീരകുമാരനെക്കുറിച്ചാണ് ഈ വാക്യത്തിൽ സൂചിപ്പിക്കുന്നത്.

ഭാരതത്തിന്റെ ത്രിവർണ പതാക ഉയർത്താൻ വേണ്ടി ക്ലോക് ടവറിന് മുകളിൽ കയറി നിൽക്കുന്ന വീരകുമാരനെയാണ് സൂര്യന്റെ കുട്ടിയായി വിശേഷിപ്പിച്ചത്. ചുവന്ന വസ്ത്രം അണിഞ്ഞ് പ്രഭാത സൂര്യന്റെ വെയിലിൽ കുളിച്ച് നിൽക്കുന്ന അവൻ ഒരു കൊച്ചു സൂര്യനെപ്പോലെ തേജസ്വിയായിരുന്നു. ആകാശത്തിന്റെ മടിയിൽ നിന്ന് ഞെട്ടറ്റ് വീണ എന്ന പരാമർശം വരാനിരിക്കുന്ന ദുരന്തത്തിന്റെ സൂചനയും നൽകുന്നു. ഇത്തരം സാദൃശ്യ കല്പനകൾ കഥാഖ്യാനത്തിൽ അധികഭംഗികൾ കൂട്ടിച്ചേർക്കുന്നു.

**Q 4 . അപ്പുവും മധുവും ഇവരോട് ചേരാതിരിക്കാൻ എത്ര ശ്രമപ്പെട്ടാണ് നാട്ടിലേക്ക് അയച്ചതെന്ന് അവർ ഓർത്തു.'**
**'എത്ര ദുർബലയാണ് താൻ ! എത്ര ഹീനയാണ് ! അന്ന് ആ ജനക്കൂട്ടത്തിലേക്ക് ഓടിയിറങ്ങിഎല്ലുകൊണ്ട് പറഞ്ഞില്ല – ഞാനും ഇന്ത്യക്കാരിയാണ് , ഞാനും നിങ്ങളുടെ കൂടെയാണ് ."**
**ഒരേ കഥാപാത്രത്തിന്റെ ഈ വ്യത്യസ്ത നിലപാടുകൾക്ക് പിന്നിലെ യുക്തി എന്ത് ?** (ഒരു പുറം ,സ്കോർ 6 )

✅ 'അഗ്നിസാക്ഷി' എന്ന കൃതിയിൽ പ്രധാനമായും നടക്കുന്ന സംഘർഷം വ്യക്തിമനസ്സും സമൂഹമനസ്സും തമ്മിലുള്ളതാണ്. പോലീസ് നിരോധനം ലംഘിച്ച് വീര വാനരസേനയിലെ ഒരു കുട്ടി ത്രിവർണപതാകയുമായി ക്ലോക്ക് ടവറിലേക്ക് കയറുന്നു. ആ കുട്ടിയെ പോലീസുകാർ വെടിവെച്ച് വീഴ്ത്തുന്നു. ഇത് കണ്ടുകൊണ്ട് വീട്ടിനുള്ളിൽ നിൽക്കുന്ന തങ്കം നായരുടെ ചിന്തകളാണ് ഇത്. അവരുടെ ഭർത്താവ് ബ്രിട്ടീഷ് സർക്കാരിൽ ഉദ്യോഗസ്ഥനാണ്. താൻ അനുഭവിക്കുന്ന സുഖസൗകര്യങ്ങൾ ഉപേക്ഷിക്കാൻ അവർ തയ്യാറല്ല. തന്റെ മക്കളായ അപ്പുവും മധുവും വീര വാനരസേനയിൽ ചേരും എന്ന് കരുതി അവരെ നാട്ടിലേക്ക് പറഞ്ഞുവിട്ടു. അവിടെയും അവർ ഗൂഢ സംഘങ്ങൾ ഉണ്ടാക്കുകയായിരിക്കുമോ എന്ന് തങ്കം നായർ സംഭ്രമത്തോടെ ചിന്തിക്കുന്നു.

എന്നാൽ തന്റെ മകനെ പോലെയുള്ള ഒരു കുട്ടി ദേശത്തിനു വേണ്ടി വീരചരമം പ്രാപിക്കുന്നത് കണ്ടപ്പോൾ അവർക്ക് കുറ്റബോധം ഉണ്ടാകുന്നു. താനും ഒരു ഇന്ത്യക്കാരിയാണ് നാടിന്റെ സ്വാതന്ത്ര്യസമര പോരാട്ടങ്ങളിൽ ഒപ്പം നിൽക്കേണ്ടവളാണ്. തന്നെപ്പോലെ ഒരു അമ്മ പ്രസവിച്ചതാണ് രാജ്യത്തിന് വേണ്ടി ജീവത്യാഗം ചെയ്ത ആ കുട്ടിയെയും. അവന്റെ അമ്മയ്ക്ക് അഭിമാനിക്കാൻ വകയുണ്ട്. എന്നാൽ തനിക്കോ? നാടിന്റെ പോരാട്ടങ്ങളിൽ ഇടപെടാതെ സുഖത്തിന്റെ മാരക ലഹരിയിൽ മുഴുകി കഴിയുന്നു. തന്റെ മക്കളെ സുരക്ഷിതരാക്കുന്നു. ആ വീരകുമാരന്റെ വീരചരമം അവരിൽ കുറ്റബോധം ഉണ്ടാക്കുന്നു. തങ്കം നായരുടെ ആത്മസംഘർഷമാണ് അവരുടെ വ്യത്യസ്ത നിലപാടുകളിൽ പ്രകടമാവുന്നത്.

**: Q 5 . 'ഒരേ കാലഘട്ടത്തിലെ രണ്ടു മുഖങ്ങൾ 'ലാത്തിയും വെടിയുണ്ടയും' എന്ന നോവൽ ഭാഗത്ത് ചിത്രീകരിക്കപ്പെടുന്നുണ്ട് '. ഇവയിൽ ഏതാണ് പുതുതലമുറയ്ക്ക് സ്വീകാര്യമായിത്തീരുന്നത് ? കഥാപാത്ര നിരൂപണം ചെയ്ത് ഉപന്യാസമെഴുതുക.** (ഒരു പുറം, സ്കോർ 8 )

✅ മലയാള നോവൽ സാഹിത്യത്തിൽ അനന്യമെന്ന് പറയാവുന്ന നോവലാണ് ലളിതാംബിക അന്തർജനത്തിന്റെ അഗ്നിസാക്ഷി. ഒരു കാലഘട്ടത്തിന്റെ സാമൂഹിക മുദ്രകൾ പതിഞ്ഞുകിടക്കുന്ന ആ നോവലിലെ ഒരു ഭാഗമാണ് ലാത്തിയും വെടിയുണ്ടയും എന്ന പാഠഭാഗം. ദേവകി മാനമ്പള്ളി എന്ന സ്വാതന്ത്ര്യ സമരപ്പോരാളിയെയും തങ്കം നായർ എന്ന മധ്യവർഗ്ഗ വീട്ടമ്മയെയും മുഖാമുഖം നിർത്തി വിമർശന വിധേയമാക്കുന്ന ഒരു ഭാഗമാണിത്.

എല്ലാ കാലത്തും സമൂഹത്തിൽ ത്യാഗ പൂർണമായി ജീവിക്കുന്നവരും അവനവനിലേക്ക് ഒതുങ്ങുന്നവരും ഉണ്ട്. 'ലാത്തിയും വെടിയുണ്ടയും' എന്ന പാഠഭാഗത്തെ ദേവീ ബഹനും തങ്കംനായരും ഒരേ കാലഘട്ടത്തിലെ രണ്ടു മുഖങ്ങളാണ്. ജീവിതത്തിന്റെ രണ്ട് വഴികളിലാണ് അവർ സഞ്ചരിച്ചത്. ഒരാൾ തനിക്കു വേണ്ടി മാത്രം ജീവിച്ചപ്പോൾ മറ്റെയാൾ എല്ലാവർക്കും വേണ്ടി ജീവിച്ചു. ദേവകി മാനമ്പള്ളി എന്ന ദേവി ബഹന് ഭാരതമായിരുന്നു അവരുടെ കുടുംബം. തങ്കത്തിന് അവരുടെ സ്വന്തം കുടുംബമായിരുന്നു അവരുടെ ലോകം.

തേതിയേടത്തി, ദേവകി മാനമ്പള്ളി,  ദേവീബഹൻ എന്നീ പേരുകളിൽ അറിയപ്പെടുന്ന  സുമിത്രാനന്ദ കഴിഞ്ഞ തലമുറയിലെ സ്ത്രീ ജീവിതത്തിന്റെ മൂന്ന് മുഖങ്ങളെയാണ് പ്രതിനിധീകരിക്കുന്നത്. മാനമ്പള്ളി ഇല്ലത്തെ ആചാരങ്ങൾ ഉൾക്കൊള്ളാനാവാതെ  അവർ സ്വന്തം ഇല്ലത്തേക്കു മടങ്ങി വന്നു. പിന്നീട് സാമുദായിക പരിഷ്കരണ ശ്രമങ്ങളിലും സ്വാതന്ത്ര്യ സമരത്തിലും സജീവമാകുന്നു. ദേവീബഹൻ എന്ന പേരിൽ  ഗാന്ധിജിയോടൊപ്പം സാമൂഹിക സേവനമനുഷ്ഠിക്കുന്നു. പിന്നീട് സുമിത്രാനന്ദ എന്ന പേര് സ്വീകരിച്ച് സന്യാസിനി ആവുന്നു. ചുറ്റിലും നടക്കുന്ന സംഭവങ്ങളിൽ ഇടപെടുന്ന അവരിൽ രാജ്യസ്നേഹവും മനുഷ്യസ്നേഹവും ഒരുമിച്ചു ചേർന്നിരിക്കുന്നു. എല്ലാ മനുഷ്യരെയും തന്റെ കുടുംബക്കാരായി കാണാൻ കഴിയുംവിധം അവർ വളരുന്നു. ബ്രിട്ടീഷ് പട്ടാളത്തിന്റെ വെടിയേറ്റ് വീണ ബാലനെ മാറോടു ചേർക്കുന്ന ദേവീ ബഹന്റെ കണ്ണുകളിൽ ഗാംഭീര്യവും സങ്കടവും ദർശിക്കാനാവുന്നു. പോരാടാനുറച്ച അവർ നിസ്വാർത്ഥതയുടെ പ്രതീകമാണ്.

സ്വാർത്ഥ താൽപര്യങ്ങൾക്കുവേണ്ടി മാത്രം ജീവിക്കുന്ന കഥാപാത്രമാണ് തങ്കം നായർ. സുഖം മാരകമായ ഒരു ലഹരി ആണെന്നും അതിൽ നിന്നും ആർക്കും അത്രയെളുപ്പം മോചനം കിട്ടുകയില്ലെന്നും അവർ തിരിച്ചറിയുന്നു. കുടുംബത്തിന്റെ സ്വസ്ഥതയും താനനുഭവിക്കുന്ന സുഖസൗകര്യങ്ങളും തകർക്കുന്ന യാതൊരു പ്രവർത്തിയിലും പങ്കെടുക്കുവാൻ തങ്കം നായർ തയ്യാറല്ല. വീര വാനരസേനയിൽ തന്റെ മക്കളും ചേരും എന്ന് ഭയപ്പെട്ട്  അപ്പുവിനെയും മധുവിനെയും നാട്ടിലേക്ക് അയയ്ക്കുന്നു. ചുറ്റും നടക്കുന്ന സ്വാതന്ത്ര്യ സമര പോരാട്ടങ്ങളിൽ പങ്കെടുക്കാൻ കഴിയാത്തതിൽ  അവർക്ക് കുറ്റബോധം തോന്നുന്നുണ്ട്. പക്ഷേ അനുഭവിച്ചു കൊണ്ടിരിക്കുന്ന സുഖങ്ങൾ കൈവിടാൻ അവർക്കാവില്ല. തന്റെ അവസ്ഥയെക്കുറിച്ച് അവർ ആത്മനിന്ദയിൽ നീറുന്നുണ്ട്.

എല്ലാവരെയും സ്നേഹിക്കുകയും എല്ലാവർക്കും വേണ്ടി ജീവിക്കുകയും ചെയ്യുന്ന ദേവകി മാനമ്പള്ളിയെപ്പോലുള്ളവരായിരുന്നു സ്വാതന്ത്ര്യാനന്തര ഇന്ത്യയെ നയിക്കേണ്ടത്. പക്ഷേ സ്വാതന്ത്ര്യശേഷം വേദനയുടെ വേതനം ചോദിച്ച് അവർ എവിടെയും പോയില്ല. അവർ മാനവ സേവനത്തിന്റെ വഴികളിൽത്തന്നെ തന്നെ സമർപ്പിച്ചു.  തന്റെ സുഖസൗകര്യങ്ങളും കുടുംബത്തിന്റെ സുരക്ഷയും മാത്രം  ഉറപ്പാക്കുന്ന തങ്കം നായരുടെ ജീവിതം സ്വതന്ത്ര ഇന്ത്യയ്ക്ക് ഒട്ടും നല്ല മാതൃകയല്ല.

hssMozhi



## ലളിതാംബിക അന്തർജനം

1909 മാർച്ച് 30 ന് കൊല്ലം ജില്ലയിൽ കോട്ടവട്ടത്ത് ജനിച്ചു. കഥാകൃത്തും നോവലിസ്റ്റും. അഗ്നിസാക്ഷി, ലളിതാംബിക അന്തർജനത്തിന്റെ കഥകൾ, സീതമുതൽ സത്യവതിവരെ, ആത്മകഥയ്ക്കൊരാമുഖം, ഗോസായി പറഞ്ഞ കഥ, തേൻതുള്ളികൾ എന്നിവ പ്രധാന കൃതികൾ. കേരള സാഹിത്യ അക്കാദമി അവാർഡ്, വയലാർ അവാർഡ്, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, ഓടക്കുഴൽ സമ്മാനം ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. 1987 ഫെബ്രുവരി 6 ന് അന്തരിച്ചു.


✅ തയ്യാറാക്കിയത് :

രാജലക്ഷ്മി , SNM Govt Boys HSS , Cherthala , Alappuzha

അജയകുമാർ ബി , ഗവ . HSS , ചുനക്കര , ആലപ്പുഴ


വീഡിയോ ക്ലാസുകൾ കണ്ടതിനുശേഷം നോട്ട് ഉപയോഗിക്കുക .

ഈ പാഠത്തിന്റെ വീഡിയോ ക്ലാസുകൾ : ( 3 ക്ലാസുകൾ )

1 . CLICK HERE

SCAN

2 . CLICK HERE

3 . CLICK HERE

hssMozhi